കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആലുവ നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
website : www.lfa.kerala.gov.in
e-mail : mlalv.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-എ.വി.എം(എം.2)
520/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം,
ആലുവ. KSA-AVM
പിൻ – 683 101,
തീയതി : 30.11.2017
ഫോൺ : 0484 – 2623757
ഇ-മെയിൽ:
mlalv.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ആലുവ നഗരസഭ

സർ,

വിഷയം: ആലുവ നഗരസഭ 2016-17 സാമ്പത്തിക വർഷത്തെ വരവ് - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 295 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. {1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15}.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

.

വിശ്വസ്തതയോടെ,

.
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഉപരിപത്രം സഹിതം)

2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം

5. കാര്യാലയ പകർപ്പ്

# എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തു. നഗരസഭ 01.01.2017 മുതൽ 30.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണംപിൻവലിക്കലുകൾഎന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചു. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ | ശ്രീമതി.പി.വി. സൗദാമിനി, ഡെപ്യൂട്ടി ഡയറക്ടർ | 16.05.2017 മുതൽ 20.05.2017 വരെ |
| | ശ്രീ. സുനിൽദത്ത് , ഡെപ്യൂട്ടി ഡയറക്ടർ | 21.05.2017 മുതൽ 08.06.2017 വരെ |
| | ശ്രീമതി.ഷൈല എം.എസ്. ഡെപ്യൂട്ടി ഡയറക്ടർ | 09.06.2017 മുതൽ 30.09.2017 വരെ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.05.2017 മുതൽ 30.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഷാജിമോൻ കെ.എ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 16.05.2017 മുതൽ 30.09.2017 വരെ |

| | | |
|---|---|---|
| | ശ്രീ. ശ്രീജിത്ത് സി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ | 16.05.2017 മുതൽ 20.06.2017 വരെ |
| | ശ്രീ.ജോൺസൺ ടി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 21.06.2017 മുതൽ 30.09.2017 വരെ |
| | ശ്രീ.അനിൽകുമാർ വി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ | 16.05.2017 മുതൽ 30.09.2017 വരെ |
| | ശ്രീമതി. വൃന്ദ സി.എസ്., ഓഡിറ്റർ | 16.05.2017 മുതൽ 30.09.2017 വരെ |

(ബി) നിർവ്വഹണാധികാരികൾ

| | | പേര് | കാലയളവ് |
|---|---|---|---|
| ചെയർപേഴ്സൺ | : | കുമാരി ലിസി അബ്രഹാം | 01.04.2016 മുതൽ 31.03.2017 വരെ |
| വൈസ് ചെയർപേഴ്സൺ & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | ശ്രീമതി സി.ഓമന | 01.04.2016 മുതൽ 31.03.2017 വരെ |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | ശ്രീമതി ഓമന ഹരി | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. വി. ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീമതി ടിമ്മി ബേബി | 01.04.2016 മുതൽ 31.03.2017 വരെ |
| പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. പി.എം. മൂസ്സക്കുട്ടി | 01.04.2016 മുതൽ 31.03.2017 വരെ |
| വിദ്യാഭ്യാസ സ്റ്റാന്റിംഗ് | : | ശ്രീമതി ലോലിത | 01.04.2016 |

| | | | |
|---|---|---|---|
| കമ്മിറ്റി ചെയർമാൻ | | ശിവദാസൻ | മുതൽ 31.03.2017 വരെ |
| മുനിസിപ്പൽ സെക്രട്ടറി | : | ശ്രീ. വി.കെ. രാജൻ | 01.04.2016 മുതൽ 17.10.2016 വരെ |
| | | ശ്രീ. കെ.പി. ദിനേശൻ ( പി.എ. ടു സെക്രട്ടറി ഇൻ ചാർജ്ജ്) | 18.10.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| മുനിസിപ്പൽ എഞ്ചിനീയർ | : | ശ്രീ.ഗോപാലകൃഷ്ണപിള്ള കെ.ബി. | 01.04.2016 മുതൽ 28.02.2017 വരെ |
| | | ശ്രീമതി ജെസ്സി ഇ.എസ്. | 01.03.2017 മുതൽ 31.03.2017 വരെ |
| പ്രിൻപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ | : | ശ്രീമതി ഉഷ.കെ.തറയിൽ (Boys) | 01.04.2016 മുതൽ 31.03.2017 വരെ |
| | | ശ്രീമതി നളിനകുമാരി എൻ. (Girls) | 01.04.2016 മുതൽ 31.03.2017 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ , ആയുർവേദം | : | ഡോ. ലൗലി മാത്യൂ | 01.04.2016 മുതൽ 31.03.2017 വരെ |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | : | ശ്രീ. ഡാൾട്ടൻ വി.എ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി സുഹറ സി.എച്ച്. | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | : | ഡോ. ലോബോ ഫാബിയാന | 01.04.2016 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2017 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീ. കമൽ ഡി. | 01.04.2016 മുതൽ 30.09.2016 വരെ |
| | : | ശ്രീമതി. ഡി.സുധ | 01.10.2016 മുതൽ 31.03.2017 വരെ |
| സി.ഡി.എസ്. മെമ്പർ സെക്രട്ടറി | : | ശ്രീ. അഖിൽ ജിഷ്ണു | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഡ് സഭ | 1-12 |
| 13 | നികുതിപിരിവും കുടിശ്ശികയും | 1-13 |
| 14 | ഓഡിറ്റ് ഇംപാക്ട് | 1-14 |
| 15 | കൗൺസിൽ തീരുമാനം നടപ്പിലാക്കുന്നില്ല | 1-15 |
| | ഭാഗം 2 - വരവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ | |
| 16 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 2-1 |
| 17 | അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ചിട്ടില്ല- രജിസ്റ്ററുകളും രേഖകളും പൂർണ്ണമാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 2-2 |
| 18 | നഗരസഭ കെട്ടിടങ്ങളിൽ നിന്നുള്ള വാടക വരുമാനം- കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല- രജിസ്റ്ററിലെ തുക അക്കൗണ്ട്സിലെ | 2-3 |

| | | |
|---|---|---|
| | തുകയുമായി പൊരുത്തപ്പെടുന്നില്ല. | |
| 19 | ഡി & ഒ ലൈസൻസ് - നടപടിക്രമങ്ങളിലെ അപാകതകൾ | 2-4 |
| 20 | പരസ്യ നികുതി ഫീസ് യഥാസമയം ഈടാക്കുന്നതിൽ വീഴ്ച – നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തനത് വരുമാനത്തിൽ ഇടിവ് | 2-5 |
| 21 | നഗരസഭാ മാർക്കറ്റിൽ ഐസ് ഫീസ് പിരിവ് നടന്നില്ല – വരുമാന നഷ്ടം | 2-6 |
| 22 | തൊഴിൽ നികുതി പിരിവിൽ വൻകുറവ് | 2-7 |
| 23 | ദൃശ്യോത്സവം- അനധികൃത പണപിരിവ് - വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 2-8 |
| 24 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ₹1,10,805/- നഗരസഭാ ഫണ്ടിലേക്ക് മാറ്റിയിട്ടില്ല | 2-9 |
| 25 | വനിതാ സാനിറ്ററി കോംപ്ലക്സിനു വേണ്ടിശുചിത്വമിഷൻ അനുവദിച്ച 6.25 ലക്ഷം രൂപ 7 വർഷമായി ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു | 2-10 |
| 26 | ദുരിതാശ്വാസനിധി നിർജ്ജീവം- പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുന്നില്ല | 2-11 |
| 27 | ആസ്തി ഏറ്റെടുക്കലിലൂടെ ലഭിച്ച നഷ്ടപരിഹാര തുക തനത് വരുമാനമായി കണക്കാക്കുന്നു | 2-12 |
| . ഭാഗം 3 - ചെലവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ | | |
| 28 | ഡി.എ. കുടിശ്ശിക 80%, 86%, 92%- ₹ 1.78 ലക്ഷം രൂപ അധികം പിൻവലിച്ചു. ₹12,13,809/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |

| | | |
|---|---|---|
| 29 | വിരമിച്ച കണ്ടിജന്റ് ജീവനക്കാർക്ക് 2009 -ലെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു നൽകിയതിൽ അപാകതകൾ -₹2,320/- രൂപ അധികം അനുവദിച്ചു | 3-2 |
| 30 | കണ്ടിജന്റ് വിഭാഗം പെൻഷൻകാരിൽ നിന്ന് കമ്മ്യൂട്ടേഷൻ തുക തിരിച്ചുപിടിച്ചതിൽ അപാകത - അധികം അനുവദിച്ച ₹ 3,56,388/- രൂപ തിരികെ ഈടാക്കണം | 3-3 |
| 31 | മഹാശിവരാത്രിയുടെ ഭാഗമായി നടത്തിയ വ്യാപാരമേളക്ക് സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് ₹ 1,79,934/- അധികം അനുവദിച്ചു | 3-4 |
| 32 | നഗരസഭാ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം നഗരസഭ ഒടുക്കുന്നില്ല | 3-5 |
| 33 | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ നീക്കം ചെയ്യൽ- ബില്ലുകളിൽ കൃത്രിമത്തം | 3-6 |
| 34 | വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല - പുഴയിലേക്ക് മലിനജലം ഒഴുക്കുന്നു - കുറ്റകരമായ അനാസ്ഥ | 3-7 |
| 35 | ആലുവ നഗരസഭ പ്രൈവറ്റ് ബസ് സ്റ്റാന്റിനുള്ളിൽ അനധികൃത കെട്ടിട നിർമ്മാണം പൊളിച്ചതിന് നഗരസഭ ഫണ്ടിൽ നിന്ന് ചെലവായ ₹ 16,865/- കെട്ടിട ഉടമയിൽ നിന്ന് ഈടാക്കിയില്ല. | 3-8 |
| 36 | നഗരസഭാ പാർക്ക് വൈദ്യുത ഉപഭോഗം കുറവ് – എനർജി ചാർജിൽ ആനുപാതിക കുറവിന് നടപടി സ്വീകരിച്ചിട്ടില്ല | 3-9 |
| 37 | അറവുശാല നിർമ്മാണം -അനാസ്ഥമൂലം നിർവ്വഹണം നടന്നില്ല | 3-10 |

| | | |
|---|---|---|
| 38 | സർക്കാർ വായ്പ തിരിച്ചടവ് - തിരിച്ചടവ് മുടങ്ങി- പിഴപലിശയിനത്തിൽ 4,23,797/-രൂപയുടെ അധിക ചെലവ് | 3-11 |
| 39 | നാലാം മൈലിലെ നഗരസഭാ ഭൂമിയുടെ പാട്ടക്കരാർ - അപാകതകൾ | 3-12 |
| 40 | മുനിസിപ്പൽ പാർക്കിന് സ്ഥലം KURDFC വായ്പ തിരിച്ചടച്ചു- പണയ രേഖകൾ തിരികെ വാങ്ങിയില്ല | 3-13 |
| 41 | നഗരസഭയിൽ വർഷങ്ങളായി പ്രവർത്തനരഹിതമായ വാട്ടർമീറ്ററുകൾ മാറ്റി സ്ഥാപിച്ചില്ല | 3-14 |
| 42 | പത്രപരസ്യം നൽകിയതിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. | 3-15 |
| 43 | മുനിസിപ്പൽ ലൈബ്രറിയിലേക്കുള്ള പത്രമാസികകളുടെ വരിസംഖ്യ ഒടുക്കിയതിൽ കാലതാമസം | 3-16 |
| 44 | നഗരസഭാ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തുന്നില്ല | 3-17 |
| 45 | കമ്പ്യൂട്ടർ പ്രിന്ററിന്റെ ടോണർ റീഫില്ലിംഗ് ചട്ടപ്രകാരമുള്ള ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല | 3-18 |
| 46 | നഗരസഭ ചെലവിൽ മുറിച്ചുമാറ്റിയ മരം ലേലം ചെയ്ത് ആദായം മുതൽക്കൂട്ടിയില്ല- ₹60,000/- ചെലവ് തടസ്സപ്പെടുത്തുന്നു | 3-19 |
| 47 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 3-20 |
| 48 | ആയുർവേദമെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-21 |
| 49 | പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല | 3-22 |

| | | |
|---|---|---|
| 50 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല ₹23,76,183/- തടസ്സപ്പെടുത്തുന്നു. | 3-23 |
| 51 | മരാമത്ത് പണി അപാകതകൾ - ₹ 36,165/- ചെലവ് തടസ്സപ്പെടുത്തുന്നു. | 3-24 |
| 52 | ശിവരാത്രി മരാമത്ത് പണി- അപാകതകൾ തടസ്സം ₹ 2,63,688/- നിരാകരണം ₹489/- | 3-25 |
| 53 | മരാമത്ത് പണി അധിക നിരക്കനുവദിച്ച് ₹7,106/- നഷ്ടം | 3-26 |
| ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 54 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 55 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 57 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 58 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 59 | ഓഡിറ്റ് റിക്കവറി | 4-6 |
| 60 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 63 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം1 |
| 64 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം2 |
| 65 | ഇൻകം & എക്സ്പൻഡിച്ചർ പത്രിക 2016-17 | അനുബന്ധം3 |
| 66 | വരവ് ചെലവ് പത്രിക 2016-17 | അനുബന്ധം4 |

## ഭാഗം 1

### പൊതു അവലോകനം

**1-1** ബജറ്റ്

കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 289 പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചുള്ളതാണോ ആ വർഷം ആരംഭിക്കുന്നതിന് മുമ്പായി കൗൺസിൽ അന്തിമമായി പാസ്സാക്കേണ്ടതും അതിന്റെ പകർപ്പുകൾ ഉടൻതന്നെ സർക്കാരിനും അവർ ഇതിലേക്കായി

അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും ആഡിറ്റർമാർക്കും സമർപ്പിക്കേണ്ടതുമാണ്. എന്നാൽ 04.03.2016 ന് സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ ആലുവനഗരസഭയുടെ 2016-17 ലേയ്ക്കുള്ള സമ്പൂർണ്ണ ബജറ്റ് 26.09.2016 നാണ് പാസ്സാക്കിയത്. മുനിസിപ്പാലിറ്റി നിയമം1994, വകുപ്പ് 22 1 ഡി (VII) പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന്റെ മുമ്പാകെ വെക്കേണ്ടത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയാണ്. എന്നാൽ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിലെ 5 അംഗങ്ങളിൽ 3 അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയതിനാൽ ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ പാസ്സാക്കാൻ സാധിക്കാതെ വരികയും തുടർന്ന് മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 290 പ്രകാരം ചെയർപേഴ്സൺ ചുമതലപ്പെടുത്തിയതിനാൽ ബജറ്റ് നഗരസഭ സെക്രട്ടറി കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കുകയായിരുന്നു.

(എ) ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ നഗരസഭയുടെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | മുൻവർഷം (യഥാർത്ഥം) | ബജറ്റ് | യഥാർത്ഥം |
|---|---|---|---|
| മുന്നിരിപ്പ് | 4,89,82,801.95 | 50,39,00,42.00 | 5,04,02,093.95 |
| തൻവർഷ വരവ് | 19,06,86,543.00 | 57,29,02,080.00 | 16,56,88,677.00 |
| ആകെ വരവ് | 23,96,69,344.95 | 62,32,92,122.00 | 21,60,90,770.95 |
| തൻവർഷ ചെലവ് | 18,92,67,251.00 | 57,55,93,500.00 | 15,71,34,651.00 |
| നീക്കിയിരിപ്പ് | 5,04,02,093.95 | 4,76,98,622.00 | 5,89,56,119.95 |

കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 293 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ മേൽപറഞ്ഞിരിക്കുന്നതിൽ നിന്നും നഗരസഭയുടെ 2016 - 17 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ 40.72 കോടി രൂപയുടെയും ചെലവുകൾ തമ്മിൽ 41.84 കോടി രൂപയുടെയും വ്യത്യാസമുള്ളതായി കാണുന്നു. പ്ലാൻ ഫണ്ട്, മുനിസിപ്പൽ ഫണ്ട്, വായ്പ എന്നിവ ഉപയോഗിച്ച് ഗതാഗതം, ടൗൺ ഇംപ്രൂവ്മെന്റ് എന്നീ മേഖലയിൽ മാത്രം 26.76 കോടി രൂപയുടെ (ആലുവ നഗരസഭ സമ്പൂർണ്ണ ബജറ്റ് 2016-17പേജ് 22,23) പദ്ധതികളാണ് നഗരസഭ വിഭാവനം ചെയ്തിരുന്നത്. എന്നാൽ നഗരസഭയുടെ ആകെവരവ് മുന്നിരിപ്പ് ഉൾപ്പെടെ 21.60 കോടി രൂപ മാത്രമാണ്.




മേൽപറഞ്ഞിരിക്കുന്നതിൽ നിന്നും നഗരസഭാ ബജറ്റ് യാഥാർത്ഥ്യവുമായി യാതൊരുരീതിയിലും പൊരുത്തപ്പെടുന്നില്ലായെന്ന് മനസ്സിലാക്കാം. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവിന്റെ 28.92% വരവ് മാത്രമാണ് യഥാർത്ഥത്തിൽ നഗരസഭക്ക് ലഭിച്ചത്. മുൻ വർഷത്തെ യഥാർത്ഥ വരവു ചെലവുകളും 2016 -17 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും തമ്മിൽ ഗണ്യമായ തുകയുടെ വ്യത്യാസങ്ങളുണ്ടെങ്കിലും ഈ വ്യതിയാനങ്ങൾക്കുള്ള കാരണം ബജറ്റിൽ വിശദീകരിച്ചിട്ടില്ല.

നഗരസഭയുടെ 2016-17 -ലെ ബജറ്റ് പ്രകാരമുള്ള (സർക്കാർ ധനസഹായം ഒഴികെയുള്ള) പ്രധാന വരുമാനങ്ങളും യഥാർത്ഥ വരുമാനങ്ങളും അവയുടെ വ്യതിയാനവും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | വ്യത്യാസം | % |
|---|---|---|---|---|---|
| 1 | വസ്തുനികുതി | 2,48,00,000.00 | 3,06,14,679 | (+)5814679.00 | (+)23.44 |
| 2 | തൊഴിൽ നികുതി | 1,65,00,000.00 | 1,54,11,246.00 | (-)1088754.00 | (-)6.59 |
| 3 | പരസ്യ നികുതി | 6,60,000.00 | 7,28,043.00 | (+)68,043.00 | (+)10.31 |
| 4 | വിനോദ നികുതി | 1,12,00,000.00 | 1,11,90,691.00 | (-)9309.00 | (-)0.08 |
| 5 | വാടക | 1,35,00,000.00 | 1,32,90,769.00 | (-)209231.00 | (-)1.55 |
| 6 | ചന്തലേലം | 40,00,000.00 | 30,21,315.00 | (-)9,78,685.00 | (-)24.46 |
| 7 | ബസ് സ്റ്റാന്റ് | 8,50,000.00 | 20,68,643.00 | (+)1218643.00 | (+)143.36 |
| 8 | ടൗൺ ഹാൾ വാടക | 29,44,000.00 | 25,54,049.00 | (-)389951.00 | (-)13.24 |
| 9 | ശിവരാത്രി | 85,00,000.00 | 65,68,275.00 | (-)19,31,725.00 | (-)22.72 |
| 10 | ഡി & ഒ | 9,00,000.00 | 11,54,610.00 | (+)254610.00 | (+)28.29 |
| 11 | ബിൽഡിംഗ് പെർമിറ്റ് | 14,50,000.00 | 4,41,630.00 | (-)1008370.00 | (-)69.54 |
| 12 | ക്ലീനിംഗ് ചാർജ് (മെട്രോ) | 30,00,000.00 | - | (-)3000000.00 | (-)100.00 |
| 13 | റോഡ് കട്ടിങ്ങ് | 1,00,00,000.00 | 20,93,939.00 | (-)7906061.00 | (-)79.06 |
| 14 | പേവാർഡ് സർവ്വീസ് | 20,00,000.00 | - | (-)2000000.00 | (-)100.00 |

| | | | | | |
|---|---|---|---|---|---|
| | ചാർജ്, ഭൂമി വില്പന | | | | |
| 15 | ശുചീകരണ നികുതി | 20,90,000.00 | 16,68,650.00 | (-)421350.00 | (-)20.16 |
| 16 | ബാങ്ക് വായ്പ | 10,00,00,000.00 | - | (-)10,00,00,000.00 | (-)100.00 |
| | ആകെ | 20,23,94,000.00 | 9,08,06,539.00 | 11,15,87,461.00 | (-)55.13 |

നഗരസഭയുടെ പ്രധാന തനത് വരുമാനങ്ങളിൽ വസ്തുനികുതി, ബസ് സ്റ്റാന്റ് ഫീസ്, ഡി & ഒ ലൈസൻസ് ഫീസ് എന്നീ വരവിനങ്ങളിൽ പ്രതീക്ഷിത വരവിനേക്കാൾ വർദ്ധനവ് ഉണ്ടെങ്കിലും മറ്റ് വരവിനങ്ങളിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളതായും കാണുന്നു. ബാങ്ക് വായ്പ ഇനത്തിൽ 10 കോടി രൂപയുടെ വരവ് ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇത്തരത്തിൽ വായ്പ ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായില്ല.

(ബി) ബജറ്റ് -തനിയാവർത്തനം- പദ്ധതികൾ നടപ്പാകുന്നില്ല

ബജറ്റിൽ പദ്ധതികൾ പ്രഖ്യാപിക്കുന്നത് അവ നടപ്പിലാക്കാൻ വേണ്ടിയാണ്. എന്നാൽ വർഷങ്ങളായി ബജറ്റിൽ ഉൾപ്പെടുത്തുന്നതും അനിവാര്യവുമായ നിരവധി പദ്ധതികൾ ഇനിയും പ്രാവർത്തികമാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളായി ബജറ്റിൽ ആവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന ചില പദ്ധതികൾ ചുവടെ കൊടുക്കുന്നു.

| 2014-15 | | 2015-16 | | 2017-18 | |
|---|---|---|---|---|---|
| 1 | ആധുനികരീതിയിലുള്ള അറവു ശാല ഒന്നേകാൽ കോടി രൂപ ചെലവഴിച്ച് സ്ഥാപിക്കും. | 1 | ആധുനിക അറവുശാല വേൾഡ് ബാങ്കിന്റെ ധനസഹായത്തോടെ സ്ഥാപിക്കും | 1 | അറവുശാലക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും നിർമ്മാണ ജോലികൾ നടത്തുന്നതുമാണ്. |
| 2 | നഗരസഭ വക ചൂണ്ടിയിലുള്ള സ്ഥലത്ത് ആധുനികരീതിയിലുള്ള ഫ്രീസിംഗ് സൗകര്യം ഉള്ളതും ഇല്ലാത്തതുമായ ഗോഡൗണുകൾ ഒന്നരകോടി സെക്യൂരിറ്റി (ദീർഘ ലീസ്) അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന പണി ആരംഭിക്കും. | 2 | നഗരസഭ വക ചൂണ്ടിയിലുള്ള സ്ഥലത്ത് ആധുനികരീതിയിലുള്ള ഫ്രീസിംഗ് സൗകര്യം ഉള്ളതും അല്ലാത്തതുമായ ഗോഡൗണുകൾ ഒന്നരകോടി സെക്യൂരിറ്റി (ദീർഘ ലീസ്) അടിസ്ഥാനത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. | 2 | ചൂണ്ടിയിലുള്ള നഗരസഭാ സ്ഥലത്ത് ഗോഡൗൺ നിർമ്മാണത്തിന് 20 ലക്ഷം രൂപ വകയിരുത്തി. |
| 3 | ജനറൽ മാർക്കറ്റ് നവീകരിച്ച് ആധുനികരീതിയിലുള്ള ഒരു മാർക്കറ്റ് നിർമ്മിക്കുന്നതിന് ബാങ്ക് ലോൺ തരപ്പെടുത്തി 10 കോടി രൂപയുടെ പദ്ധതി ഉടൻ ആരംഭിക്കും | 3 | - | 3 | ജനറൽ മാർക്കറ്റ് നവീകരിക്കുന്നതിന് 10 കോടി വകയിരുത്തി |

| | | | | | |
|---|---|---|---|---|---|
| 4 | നഗരസഭയിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കാൻ നടപടി സ്വീകരിക്കും | 4 | 17 -ാം വാർഡിൽ ഹോമിയോ ക്ലിനിക്ക് സ്ഥാപിക്കും | 4 | സർക്കാർ ഹോമിയോ ആശുപത്രി നഗരത്തിൽ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 20 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്. |
| 5 | നഗരസഭയിൽ ആധുനികരീതിയിലുള്ള ശ്മശാനം നിർമ്മിക്കുന്ന പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. | 5 | - | 5 | ആധുനിക ഗ്യാസ് ക്രമിറ്റോറിയം എം.പി. ഫണ്ട് ലഭ്യമാക്കി 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്നതാണ്. |
| 6 | നഗരസഭ പാർക്കിന്റെ നവീകരണത്തിന് പദ്ധതി തയ്യാറാക്കി ഉടൻ നടപ്പിലാക്കും. | 6 | നഗരസഭ പാർക്കിന്റെ നവീകരണം സംസ്ഥാന ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കും. | 6 | നഗരസഭ പാർക്കിൽ പൊതുജനങ്ങൾക്ക് ആകാശകാഴ്ചക്ക് അവസരം ഒരുക്കി വാച്ച്ടവർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തി. |
| 7 | നഗരസഭയിലെ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കും | 7 | -- | 7 | വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കലും മൂന്ന് പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കലും90 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| 8 | നഗരസഭ സ്റ്റേഡിയം വലുപ്പം കൂട്ടി ആധുനികവത്കരിച്ച് സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കും. | 8 | മുനിസിപ്പൽ സ്റ്റേഡിയം നവീകരിക്കും | 8 | സ്റ്റേഡിയത്തിന് ചേർന്നുള്ള സ്ഥലം ലഭ്യമാക്കി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ കോർട്ട് ഉൾപ്പെടുന്ന ആധുനിക സ്റ്റേഡിയമായി പുനർനിർമ്മിക്കും. |
| 9 | നഗരസഭയുടെ കടത്തുകടവിലെ സാംസ്കാരിക കേന്ദ്രം നവീകരിച്ച് കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും. | 9 | കടത്തുകടവ് സാംസ്കാരിക കേന്ദ്രം പുനരുദ്ധരിക്കും. | 9 | -- |

ജനറൽ മാർക്കറ്റ് നവീകരിച്ച് ആധുനികരീതിയിലുള്ള മാർക്കറ്റ് നിർമ്മിക്കുന്നതിന് 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും ഇതിനുള്ള യാതൊരു തുടർ നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. കൂടാതെ ആധുനികരീതിയിലുള്ള അറവുശാല നിർമ്മാണം , സർക്കാർ ഹോമിയോ ആശുപത്രി നിർമ്മാണം, മുനിസിപ്പൽ സ്റ്റേഡിയം നവീകരണം, ആധുനികരീതിയിലുള്ള പൊതുശ്മശാനം നിർമ്മാണം, നഗരസഭ വക ചൂണ്ടിയിലുള്ള സ്ഥലത്ത് ആധുനികരീതിയിലുള്ള

ഫ്രീസിങ്ങ് സൗകര്യം ഉള്ളതും ഇല്ലാത്തതുമായ ഗോഡൗൺ നിർമ്മാണം, നഗരസഭ പാർക്കിന്റെ നവീകരണം, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണം തുടങ്ങി നിരവധി പ്രോജക്ടുകൾക്കുള്ള വിഹിതം ഏതാനും വർഷങ്ങളായി ബജറ്റിൽ വകയിരുത്തുന്നുണ്ടെങ്കിലും ധനസമാഹരണത്തിനോ പദ്ധതിനടപ്പാക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

(സി) ചെലവുകൾ ബജറ്റ് വിഹിതത്തേക്കാൾ അധികരിക്കുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 293 (6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവുചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ നഗരസഭയിലെ പല ചെലവുകളും ബജറ്റ് തുകയേക്കാൾ അധികരിച്ചിട്ടുള്ളതായി കാണുന്നു. ഇത്തരം ചെലവുകൾ നടത്തുന്നതിന് മുമ്പ് അദ്ധ്യക്ഷന്റേയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല. ഉദാഹരണമായി റഗുലർ ജീവനക്കാർക്കുള്ള ശമ്പളം ഇനത്തിൽ 1.64 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ പ്രതിമാസം 20 ലക്ഷം രൂപയിൽ കൂടുതൽ റഗുലർ ജീവനക്കാർക്ക് ശമ്പളമിനത്തിൽ വേണമെന്നിരിക്കെ 2.40 കോടിരൂപ ശമ്പളത്തിനായി വകയിരുത്തണമായിരുന്നു. എന്നാൽ ഇതിലും കുറഞ്ഞ തുകയാണ് ഈ ഇനത്തിൽ ബജറ്റിൽ വകയിരുത്തിയത്. എന്നാൽ ശമ്പളം കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുമുണ്ട്. പുതുക്കിയ ബജറ്റിൽ തുക വകയിരുത്തി അപാകത പരിഹരിച്ചിട്ടുണ്ടെങ്കിലും ബജറ്റിലും അധികരിച്ചുള്ള ഇത്തരം ചെലവുകൾ അവ നടത്തുന്നതിന് മുമ്പ് അദ്ധ്യക്ഷന്റേയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല.

(ഡി) ബജറ്റ് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല

ആലുവ നഗരസഭയുടെ 2016-17 ബജറ്റ് പരമ്പരാഗത രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റിലെ വിവരങ്ങൾ ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ പുനക്രമീകരിച്ച് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ നഗരസഭയുടെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യയിൽ ലഭ്യമല്ല.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 11 പ്രകാരമുള്ള സമയപരിധിയായ ജൂലൈ 31 -ന് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | 17.08.2017 | 20.09.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-2017 | 08.08.2017 മുതൽ 10.08.2017<br>20.09.2017 മുതൽ 22.09.2017 |

സാംഖ്യ അക്കൗണ്ട്സിലെ അപാകതകൾ

1) സാംഖ്യ അക്കൗണ്ട്സ് ആരംഭിച്ച സമയത്ത് നഗരസഭയുടെ മുഴുവൻ ആസ്തി ബാധ്യതയും അവയുടെ ശരിയായ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയുടെ ആകെ ഫിക്സഡ് അസ്സറ്റ് 8,67,95,269.00 രൂപയാണ്. നഗരസഭ കാര്യാലയം, ഷോപ്പിങ്ങ് കോംപ്ലക്സുകൾ, മാർക്കറ്റ്, മുനിസിപ്പൽ ബസ് സ്റ്റാന്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, വാഹനങ്ങൾ, ഫർണീച്ചർ, കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികൾ എന്നിവക്കെല്ലാംകൂടിയുള്ള മൂല്യം 8.67 കോടി രൂപ മാത്രമാണെന്നത് അംഗീകരിക്കാവുന്നതല്ല. കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് ചട്ടങ്ങൾ 2007, ചട്ടം 69 (2),(3) പ്രകാരം സാംഖ്യ ആരംഭിച്ച വർഷത്തിൽ ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയ ആസ്തി ബധ്യതകളിൽ തെറ്റ് സംഭവിച്ചാൽ ആയത് കൗൺസിലിന്റെ അംഗീകാരം വാങ്ങി തിരുത്താവുന്നതാണ്. എന്നാൽ ആലുവ നഗരസഭയിൽ ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ ആസ്തികളുടെ മൂല്യം ശരിയായി രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് ഈ തെറ്റ് പരിഹരിക്കുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടുമില്ല. കൂടാതെ കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ സ്കൂൾ കെട്ടിടം മാത്രമാണ് ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നത്. മറ്റ് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികൾ സാംഖ്യ അക്കൗണ്ട്സിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ പ്രധാനപ്പെട്ട ബാധ്യതകൾ താഴെ പറയുന്നവയാണ്.

| ഹെഡ് | ഇനം | തുക |
|---|---|---|
| 340200100 | റെന്റ് ഡെപ്പോസിറ്റ് | 6,13,51,716.00 |
| 340200200 | ഓക്ഷൻ ഡെപ്പോസിറ്റ് | 1,59,59,681.00 |
| 340800100 | മറ്റ് നിക്ഷേപങ്ങൾ | 40,27,561.00 |
| 350110600 | സെൻട്രൽ പെൻഷൻ ഫണ്ട് വിഹിതം | 2,52,29,753.55 |
| 350300100 | ലൈബ്രറി സെസ് പെയബിൾ | 59,68,661.00 |

മേല്പറഞ്ഞ ബാധ്യതകളുടെ കൃത്യത പരിശോധിക്കാവുന്ന രജിസ്റ്ററുകൾ നഗരസഭയിൽനിന്നും ലഭ്യമായില്ല. സാംഖ്യ അക്കൗണ്ട്സ് ആരംഭിച്ച സമയത്ത് ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ ചേർത്ത് ക്യാരി ഓവർ ചെയ്ത് വരുന്നതാകയാൽ, ആസ്തി - ബാധ്യതകളുടെ ശരിയായ

മൂല്യനിർണ്ണയം നടത്തി അപാകതയുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

2) എല്ലാ ചെലവുകളുടെയും ക്യാപിറ്റൽ,റവന്യൂ ചെലവ് വേർതിരിക്കൽ പരിശോധിച്ച് കൃത്യമാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക മാത്രം പരിശോധിച്ച് ക്യാപിറ്റൽ,റവന്യൂ ചെലവുകളുടെ വേർതിരിക്കൽ ശരിയാണെന്ന് ഉറപ്പുവരുത്താൻ സാധിക്കില്ല. ഓരോ ചെലവുകളെയും അവയുടെ ചെലവ് സ്വഭാവത്തിന്റെയടിസ്ഥാനത്തിൽ ക്യാപിറ്റൽ,റവന്യൂ ചെലവുകളാക്കി തിരിച്ചിരിക്കുന്നതിൽ വ്യതിയാനമുണ്ടോയെന്ന് സാംഖ്യ സോഫ്റ്റ് വെയറിലെ ജേണൽ എൻട്രികൾ പരിശോധിച്ചാലാണ് ഉറപ്പുവരുത്താനാകുക. ചെലവ് രേഖകൾക്കൊപ്പം സൂക്ഷിക്കേണ്ട സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭിക്കുന്ന പെയ്മെന്റ് വൗച്ചർ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ജേണൽ എൻട്രികൾ പരിശോധിച്ച് ക്യാപ്പിറ്റൽ, റവന്യൂ ചെലവുകളുടെ വേർതിരിക്കൽ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിന് സാംഖ്യ പെയ്മെന്റ് വൗച്ചറുകളുടെ പരിശോധന അനിവാര്യമാണ്. ഇത്തരത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സാംഖ്യ പെയ്മെന്റ് വൗച്ചറുകളുടെ അഭാവത്തിൽ സാധിച്ചിട്ടില്ല. എന്നാൽതന്നെയും ഇത്തരത്തിൽ വ്യതിയാനങ്ങൾ ഉണ്ടായിട്ടുള്ളതായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽനിന്നും മനസ്സിലാകുന്നു. ഉദാഹരണമായി ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിലെ 312100200 ഹെഡ് പ്രകാരം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ 4,47,34,593.00 രൂപയാണ്. ഇതിനർത്ഥം സാംഖ്യ അക്കൗണ്ട്സ് ആരംഭിച്ചശേഷം നാളിതുവരെ ഇത്രയും തുകക്കുള്ള ക്യാപ്പിറ്റൽ ചെലവുകൾ നടന്നിട്ടുള്ളൂവെന്നാണ്. എന്നാൽ കഴിഞ്ഞ 3 വർഷത്തെ പദ്ധതി ചെലവ് വിവരം താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 2014-15 | 147 | 5,30,29,307.00 | 131 | 4,31,61,945.00 | 81.39 |
| 2015-16 | 139 | 5,22,18,382.00 | 123 | 4,42,32,243.00 | 84.71 |
| 2016-17 | 150 | 6,82,06,647.00 | 34 | 1,40,67,133.00 | 20.62 |

മേൽപറഞ്ഞിരിക്കുന്നതിൽനിന്നും ഓരോ വർഷവും 5 കോടിക്കുമുകളിൽ തുക പദ്ധതിക്കായി വകയിരുത്തുകയും 4 – 5 കോടി രൂപയോളം ചെലവ് നടക്കുകയും ചെയ്യുന്നുവെന്നും മനസ്സിലാക്കാം (2016-17 ൽ ട്രഷറിയിൽ നിന്നും ബില്ല് മാറാൻ സാധിക്കാതിരുന്നതിനാലാണ് ചെലവ് കുറവായി കാണുന്നത്). പദ്ധതികളിൽ ഭൂരിഭാഗവും നിർവ്വഹണം നടത്തുന്നത് മുനിസിപ്പൽ എഞ്ചിനീയറും

മുനിസിപ്പൽ സെക്രട്ടറിയുമാണ്. ഇതിൽതന്നെ ഭൂരിഭാഗവും ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറുമാണ്. എന്നാൽ 2016-17 വാർഷികകണക്കുപ്രകാരം ഇതുവരെ 4,47,34,593.00 രൂപയുടെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഉണ്ടായിട്ടുള്ളുവെന്നത് ചെലവുകളെ ക്യാപിറ്റൽ,റവന്യൂ ചെലവുകളാക്കി തിരിച്ചിരിക്കുന്നതിൽ വ്യതിയാനമുണ്ടായിട്ടുണ്ടെന്നതിന്റെ തെളിവാണ്.

3) മുൻവർഷത്തേപ്പോലെ ഈ വർഷവും നഗരസഭയുടെ പ്രവർത്തന ഫലം കമ്മിയാണെന്ന് കാണാം. തുടർച്ചയായ കമ്മി കാരണം മുനിസിപ്പൽ ഫണ്ട് നെഗറ്റീവാണ്. 2016-17 ലെ കമ്മി 34,54,457.00 രൂപയാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുള്ളത് ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഗൗരവമായി കാണേണ്ടതാണ്. തുടർച്ചയായി കമ്മിയായി നിൽക്കുന്ന നഗരസഭയിൽ പ്രതീക്ഷിത വരുമാനം പെരുപ്പിച്ച് കാണിച്ച് മിച്ച ബജറ്റാണ് വർഷങ്ങളായി അവതരിപ്പിക്കുന്നത്.

4) സാംഖ്യ അക്കൗണ്ട്സിലെ ഡിമാന്റ് , കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ (ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് , റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ്ഷീറ്റ് എന്നിവ പ്രകാരം) പൊരുത്തപ്പെടുന്നില്ല. അതായത് നഗരസഭയുടെ വരവിനങ്ങളിൽ ഡിമാന്റ് ചെയ്ത് ഈടാക്കുന്ന വസ്തുനികുതി, വാടക, തൊഴിൽനികുതി (വ്യാപാരികൾ) എന്നിവയുടെ ഡിമാന്റ് തുക ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലും കളക്ഷൻ തുക റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിലും പിരിഞ്ഞുകിട്ടാനുള്ള തുക ബാലൻസ്ഷീറ്റിലുമാണ് കാണുക. എന്നാൽ ആലുവ നഗരസഭയുടെ സാംഖ്യ അക്കൗണ്ട്സിലെ മേൽപറഞ്ഞ സ്റ്റേറ്റ്മെന്റുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിന്റെ ഷെഡ്യൂൾ I – 1ലെ 110100100 ഹെഡ് പ്രകാരം തൊഴിൽനികുതി ഡിമാന്റ് 45,89,258.00 രൂപയാണ്. റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP – 37 ലെ 431190101 ഹെഡ് പ്രകാരം 19,63,027.00 രൂപയാണ് കരണ്ട് കളക്ഷൻ തുക. ഇതു പ്രകാരം പിരിഞ്ഞുകിട്ടാനുള്ള തൊഴിൽ നികുതി 26,26,231രൂപയാണ് ബാലൻസ്ഷീറ്റിൽ കിട്ടാനുള്ളതായി കാണേണ്ടത്. എന്നാൽ ബാലൻസ്ഷീറ്റിലെ B-15 ഷെഡ്യൂളിലെ 431190101 ഹെഡിലെ പിരിഞ്ഞുകിട്ടാനുള്ള 26,19,069 രൂപയാണ്. ഇതുപോലെതന്നെ വസ്തുനികുതി , വാടക തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിലും ഡിമാന്റ്, കളക്ഷൻ, നീക്കിയിരുപ്പുകൾ തമ്മിൽ മേൽപറഞ്ഞ പൊരുത്തക്കേടുകൾ അക്കൗണ്ട്സിൽ കാണുന്നു. അക്കൗണ്ട്സ് പ്രകാരമുള്ള മേൽപറഞ്ഞ ഇനങ്ങളുടെ ഡിമാന്റ് , കളക്ഷൻ, നീക്കിയിരുപ്പ് വിവരങ്ങളുടെ കൃത്യത പരിശോധിക്കാവുന്ന രജിസ്റ്ററുകൾ ഓഡിറ്റിന്

ലഭ്യമായിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

| | 2015-16 | 2016-17 |
|---|---|---|
| മുന്നിരിപ്പ് | 4,89,82,801.95 | 5,04,02,093.95 |
| വരവ് | 19,06,86,543.00 | 16,56,88,677.00 |
| ആകെ | 23,96,69,344.95 | 21,60,90,770.95 |
| ചെലവ് | 18,92,67,251.00 | 15,71,34,651.00 |
| നീക്കിയിരിപ്പ് | 5,04,02,093.95 | 5,89,56,119.95 |

കഴിഞ്ഞവർഷത്തെ വരവിനേക്കാൾ തൻവർഷത്തെ വരവിൽ 13.10 ശതമാനം ഈ വർഷം കുറവുണ്ട്. 2016-17 -ലെ അംഗീകാരം ലഭിച്ച നിരവധി പ്രോജക്ടുകളുടെ ബില്ലുകൾ ഈ സാമ്പത്തികവർഷത്തിൽ മാറാൻ സാധിക്കാതെവന്നതിനാൽ ഈ തുകകൾ 2016-17 -ൽ വരവായി അക്കൗണ്ട്സിൽ രേഖപ്പെടുത്തിയില്ല. 150 പ്രോജക്ടുകൾക്കായി 6.82 കോടി രൂപ 2016-17 -ൽ വകയിരുത്തിയതിൽ 1.40 കോടി രൂപമാത്രമാണ് ചെലവാക്കാൻ സാധിച്ചത്. 2016-17 -ലെ നിരവധി ബില്ലുകൾ 2017-18 സാമ്പത്തിക വർഷത്തിൽ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി മാറിയതിനാൽ ഇവയുടെ വരവ് 2017-18 സാമ്പത്തിക വർഷത്തെ വരവായിട്ടാണ് എടുത്തിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ആകെ വരവിൽ 13.10 ശതമാനം കുറവ് കാണുന്നതിന് മേൽപറഞ്ഞത് ഒരു പ്രധാന കാരണമാണ്.

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട് മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് പ്രകാര മുള്ള വരവ് | ആകെ | ചെലവ് | ചെ ലവ് ശത മാനം | സഞ്ചിത നിധിയി ലേക്ക് തിരികെ പോയ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 11240000 | 0 | 13958688 | 13958688 | 6329636 | 45.35 | 7629052 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 32560000 | 0 | 3255846 | 3255846 | 0 | 0 | 3255846 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 4197000 | 0 | 21539223 | 21539223 | 1642192 | 7.62 | 19897031 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 21539000 | 0 | 4196625 | 4196625 | 1252837 | 29.85 | 2943788 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ | 13815000 | 0 | 18155587 | 18155587 | 4631225 | 25.50 | 13524362 | 0 |
| ലോക ബാങ്ക് ധനസഹായം | 0 | 0 | 2966879 | 2966879 | 141509 | 4.76 | 2825370 | 0 |
| ബി ഫണ്ട് | 0 | 0 | 1,46,60,179 | 1,46,60,179 | 1,46,60,179 | 100 | 0 | 0 |
| UIDSSMT | 0 | 829943 | 42225 (പലിശ ഉൾപ്പെടെ) | 872168 | | | 0 | 872168 |
| ശുചിത്വമിഷൻ | | 4635898 | 186385(പലിശ ഉൾപ്പെടെ) | 4822283 | | | 0 | 4822283 |
| സാക്ഷരത | | 8542 | - | 8542 | - | - | 0 | 8542 |
| അറവുശാല ഗ്രാന്റ് | | 7056090 | 10486678 (പലിശ ഉൾപ്പെടെ) | 17542768 | 2900267 | 16.53 | 0 | 14642501 |
| അയ്യങ്കാളി തൊഴിലുറപ്പ് | | 2428117 | 94850 (പലിശ ) | 2522967 | | | 0 | 2522967 |
| IHSDP | | 642623 | 25953 | 668576 | 34500 | 5.16 | 0 | 634076 |
| SJSRY * | | 500000 | - | 500000 | - | - | 0 | 500000 |

കേരള ബഡ്ജറ്റിലെ അപ്പന്റിക്സ് IV ൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ബഡ്ജറ്റ് അലോട്ട്മെന്റ് വിവരങ്ങളായി ചേർത്തിട്ടുള്ളത്. അലോട്ട്മെന്റ് പ്രകാരമുള്ള തുകയിൽ നിന്നും യഥാർത്ഥത്തിൽ ചെലവായ തുക കഴിച്ചുള്ള തുകയാണ് സഞ്ചിതനിധിയിലേക്ക് തിരികെപോയതായി കണക്കാക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ആലുവ നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ വളരെ കുറച്ച് പ്രോജക്ടുകൾ മാത്രം നടപ്പാക്കിയതായാണ് ചെലവ് കണക്കുകൾ വ്യക്തമാക്കുന്നത്. 6.82 കോടി രൂപ വകയിരുത്തി 150 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 1.4 കോടി രൂപ ചെലവ് ചെയ്ത് 34 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.

പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നൽകിയത് | പദ്ധതി നടപ്പാക്കിയത് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1185000.00 | 1185000.00 | 100 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 200000.00 | 0 | 0 |
| കൃഷി ഓഫീസർ | 6 | 4 | 844500.00 | 168000.00 | 19.89 |
| സെക്രട്ടറി | 8 | 2 | 8903603.00 | 4533625.00 | 50.92 |
| വെറ്ററിനറി സർജൻ | 3 | 3 | 134425.00 | 114200.00 | 84.95 |
| പ്രോജക്ട് ഓഫീസർ - ദാരിദ്ര നിർമ്മാർജ്ജനം | 10 | 2 | 3670268.00 | 430000.00 | 11.72 |
| പട്ടികജാതി വികസന ഓഫീസർ | 9 | 0 | 2794846.00 | 0 | 0 |
| മെഡിക്കൽ ഓഫീസർ-ഗവ. | 1 | 1 | 600000.00 | 600000.00 | 100 |

| | | | | | |
|---|---|---|---|---|---|
| ഹോസ്പിറ്റൽ | | | | | |
| ഹെഡ് മാസ്റ്റർ ഗവ. സ്കൂൾ | 4 | 4 | 2814769.00 | 2807769.00 | 99.75 |
| മുനിസിപ്പൽ എഞ്ചിനീയർ | 100 | 12 | 42624236.00 | 2549185.00 | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 4435000.00 | 1679354.00 | 37.87 |
| ആകെ | 150 | 34 | 6,82,06,647.00 | 1,40,67,133.00 | 20.62 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലെ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിചെലവിന്റെ സംസ്ഥാന തല പ്ലാൻ പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ നഗരസഭകളിൽ ഏറ്റവും കുറവ് പദ്ധതിതുക ചെലവഴിച്ചിട്ടുള്ളത് ആലുവ നഗരസഭയാണ്. മേല്പറഞ്ഞ കണക്കുകൾ പ്രകാരം 100 പദ്ധതികൾ നടപ്പാക്കേണ്ട മുനിസിപ്പൽ എഞ്ചിനീയർ 12 പദ്ധതികളാണ് നടപ്പാക്കിയത്. കൂടാതെ പട്ടിക ജാതി വികസന ഓഫീസർക്ക് 9 പദ്ധതികളുണ്ടായതിൽ ഒന്നും നടപ്പാക്കിയിട്ടില്ല. പൊതുവിൽ പരിശോധിക്കുമ്പോൾ 2016-17 വർഷത്തെ പദ്ധതി ചെലവിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ 10,11/2016-17) മറുപടിയിൽ പദ്ധതികൾ പലതും പൂർത്തിയായിരുന്നെങ്കിലും മാർച്ച് മാസം അവസാനം ട്രഷറിയിൽനിന്നും ബില്ല് മാറാൻ സാധിക്കാതെ വന്നതിനാലാണ് ചെലവ് തുക കുറഞ്ഞിട്ടുള്ളതെന്നാണ് വിശദീകരിച്ചത്.

*പ്രത്യേക ഘടകപദ്ധതി (SCP)*

പ്രത്യേക ഘടകപദ്ധതിക്കായി 32,55,846/- രൂപ അലോട്ട്മെന്റ് പ്രകാരം വരവുണ്ടായിട്ടും നഗരസഭയിൽ എസ്.സി. പദ്ധതികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പട്ടികജാതി വികസന ഓഫീസർക്ക് 9 പദ്ധതികൾക്കായി 27,94,846/- രൂപ വകയിരുത്തിയെങ്കിലും പദ്ധതിയൊന്നും നടപ്പാക്കിയില്ല. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേകം വകയിരുത്തി നൽകുന്ന തുകകൾ വിനിയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നതിൽ കാണിക്കുന്ന അലംഭാവം ഗുരുതരമായി കാണേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം 2015-16 | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5,10,91,079 | 6,37,41,199 | (+)1,26,50,120 | (+) 24.75 |
| നികുതിയേതര വരവുകൾ | 6,30,26,862 | 4,18,99,063 | (-)2,11,27,799 | (-) 33.52 |

| | | | | |
|---|---|---|---|---|
| മറ്റു വരവുകൾ | 2,66,667 | 12,17,088 | (+) 9,50,421 | (+) 356.40 |
| ആകെ | 11,43,84,608 | 10,68,57,350 | (-) 75,27,258 | (-) 6.58 |




മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ മേൽപറഞ്ഞ പ്രകാരം 6.58% കുറവുണ്ടായിട്ടുണ്ട്. മുൻവർഷത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ നഗരസഭാ പരിധിയിൽ സ്ഥാപിക്കുന്നതിന് സ്വകാര്യ സ്ഥാപനത്തിൽ നിന്നും 1,52,99,741 രൂപയും കൊച്ചി മെട്രോയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരതുക 1,08,06,303 രൂപയും ലഭിച്ചതിനാൽ നികുതിയേതര വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിരുന്നു. എന്നാൽ 2016-17 -ൽ കൊച്ചി മെട്രോയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരതുകയായി ലഭിച്ചത് 34,12,635 രൂപയാണ്. അതിനാലാണ് 2015-16 നെ അപേക്ഷിച്ച് നികുതിയേതര വരവിൽ ഗണ്യമായ കുറവുണ്ടായത്. എന്നാൽ നികുതിവരവിലും മറ്റു വരവിലും മുൻവർഷത്തെ അപേക്ഷിച്ച് വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | 2015-16 | | 2016-17 | |
|---|---|---|---|---|
| | ചെല വഴിച്ച തുക | ഗുണഭോക്താ ക്കളുടെ എണ്ണം | ചെല വഴിച്ച തുക | ഗുണഭോക്താ ക്കളുടെ എണ്ണം |
| തൊഴിൽ രഹിത വേതനം | 5,880 | 5 | 3,720 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1,34,580 | 15 | 1,47,260 | 15 |
| വിവിധാ പെൻഷൻ | 46,89,760 | 421 | 41,93,900 | 419 |
| വാർദ്ധക്യകാല പെൻഷൻ | 43,88,280 | 622 | 81,72,195 | 761 |
| വികലാംഗപെൻഷൻ | 10,37,640 | 91 | 8,64,585 | 93 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 4,44,960 | 41 | 4,22,320 | 42 |

| | | | | |
|---|---|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 6 | 0 | 0 |

വാർദ്ധക്യകാലപെൻഷൻ , കർഷകതൊഴിലാളി പെൻഷൻ എന്നിവ ഒഴികെ മറ്റ് ക്ഷേമപെൻഷനുകൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് കുറവ് തുകയാണ് വിതരണം ചെയ്തിരിക്കുന്നത്. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വിതരണം ചെയ്തതായി കാണുന്നില്ല.

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. അതാതു സമയത്തെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

- നഗരസഭയുടെ പ്രധാന തനതു വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി, ഡി & ഒ ലൈസൻസ്, വാടക എന്നിവയുടെ രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതിസൂക്ഷിക്കുന്നില്ല. വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 2016-17 -ലെ വാർഷികധനകാര്യപത്രിക പ്രകാരം തൻവർഷത്തെ വസ്തുനികുതി പിരിഞ്ഞുകിട്ടാനുള്ളത് 13,62,393.30 രൂപയും കുടിശ്ശിക പിരിഞ്ഞുകിട്ടാനുള്ളത് 38,21,904 രൂപയുമാണ്. എന്നാൽ ഇവയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കുന്നില്ല. ബിൽകളക്ടർമാരുടെ കൈവശമുള്ള ഹാൻഡ്ബുക്ക് പ്രകാരമാണ് നികുതിദായകരിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത്. നഗരസഭയിലെ വാടകവരവിന്റെ രജിസ്റ്ററുകളിലെ വിവരങ്ങൾ വാർഷികധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 2.3(1) കാണുക)
- വസ്തുനികുതി നിർണ്ണയിക്കുന്നതിനായി നഗരസഭാ ഭൂപ്രദേശത്തെ മേഖല വിഭജനം നടത്തിയിരിക്കുന്നത് നഗരസഭയുടെ താല്പര്യം സംരക്ഷിക്കുന്ന രീതിയിലല്ല. ആകെയുള്ള 26 വാർഡുകളിൽ 8 എണ്ണം പ്രാഥമിക മേഖലയായും 18 എണ്ണം ദ്വിതീയ മേഖലയുമായാണ് തിരിച്ചിരിക്കുന്നത്. 7.18 km മാത്രം ചുറ്റളവുള്ള ആലുവ നഗരസഭയിലൂടെ 5 കി.മീറ്ററോളം

ദൈർഘ്യത്തിൽ ദേശീയ പാത 47 കടന്നുപോകുന്നു. ഈ ദേശീയ പാതയുടെ ഇരുവശങ്ങളിലുമുള്ള വികസിത പ്രദേശങ്ങളിൽ 50 ശതമാനം പോലും പ്രഥമ മേഖലയിൽ ഉൾപ്പെട്ടിട്ടില്ല. (ഖണ്ഡിക 2.1 കാണുക)

- നഗരസഭയിലെ ട്രേഡേഴ്സിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല. ഭൂരിഭാഗം വാർഡുകളുടെയും തൊഴിൽനികുതിവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ഇനിയും പൂർത്തിയായിട്ടില്ല. കച്ചവടക്കാരുടെ തൊഴിൽനികുതി നിർണ്ണയിച്ചിരിക്കുന്നത് അവർ നൽകേണ്ട അർദ്ധവാർഷിക വരുമാന/വിറ്റുവരവ് പത്രികകളുടെ അടിസ്ഥാനത്തിലുമല്ല. വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവ് റിട്ടേണുകൾ ലഭ്യമാക്കി അവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനും വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും രജിസ്റ്ററുകൾ ശരിയായി എഴുതിസൂക്ഷിക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധ പുലർത്തേണ്ടതാണ്.
- ഡി ആന്റ് ഒ ലൈൻസിനുള്ള മിക്ക അപേക്ഷകളിലും പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അപേക്ഷ തീയതി, സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളുടെ നിർമ്മാണ രീതി-യന്ത്രങ്ങളുപയോഗിച്ചാണെങ്കിൽ അവയുടെ കുതിരശക്തി, സംഭരണത്തിന്റെ അളവ്, തൊഴിലാളികളുടെ എണ്ണം, വിൽപ്പനയുടെ സ്വഭാവം (മൊത്തമായോ ചില്ലറയായോ) എന്നീ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തി കാണുന്നില്ല. ഇത്തരം വസ്തുതകൾ അപേക്ഷകളിൽ നിർബന്ധമായും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ ഉറപ്പു വരുത്തേണ്ടതും അതിനനുസൃതമായി നിരക്കുകൾ നിശ്ചയിക്കേണ്ടതുമാണ്.
- മുൻവർഷത്തേപ്പോലെ നഗരസഭയിലെ ഖരമാലിന്യനീക്കവുമായി ബന്ധപ്പെട്ട രേഖകളിൽ അപാകതയുള്ളതായി കാണുന്നു. യാഥാർത്ഥ്യവുമായി യാതൊരുരീതിയിലും പൊരുത്തപ്പെടാത്തതും വിശ്വസയോഗ്യവുമല്ലാത്ത ബില്ലുകൾക്ക് യാതൊരു പരിശോധനയും ഇല്ലാതെ തുക അനുവദിച്ചിരിക്കുന്നു. (ഖണ്ഡിക 3.6 കാണുക)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.2016 മുതൽ | 2013-14 2014-15 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | 17.06.2016 വരെ | 2015-16 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.06.2010 മുതൽ 14.07.2010 വരെ | 2008-09 2009-10 | 16.08.2010 |

## **1-12** വാർഡ് സഭ

കേരള മുനിസിപ്പാലിറ്റി ആക്ട് -1994 (സെക്ഷൻ 42 മുതൽ 47 വരെ) പ്രകാരമല്ല ആലുവ നഗരസഭയിലെ വാർഡ് സഭകളുടെ പ്രവർത്തനം. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നഗരസഭ ചെയ്യേണ്ടത് | നഗരസഭ ചെയ്തത് |
|---|---|---|
| 1. | വാർഡ് സഭ കുറഞ്ഞപക്ഷം മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ് (സെക്ഷൻ 42 (എ)(3)) | നഗരസഭയിലെ 26 വാർഡുകളിലും 2016-17 സാമ്പത്തിക വർഷം ആകെ 2 വാർഡ് സഭകളാണ് നടന്നത്. |
| 2. | വാർഡ് സഭയുടെ കൺവീനറായ കൗൺസിലർ തന്റെ വാർഡിനെ സംബന്ധിച്ച മുൻ വർഷത്തെ വികസനപരിപാടികൾ, നടപ്പു വർഷം ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികൾ, അതിന് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച ഒരു റിപ്പോർട്ട് മുൻ വർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റ് , ഭരണ നിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ട് എന്നിവ വാർഡ് സഭ മുമ്പാകെ വയ്ക്കേണ്ടതാണ്. (സെക്ഷൻ 42 (എ) 6) | ഒരു വാർഡിലും ഇങ്ങനെ ചെയ്തതായി കാണുന്നില്ല. |
| 3. | സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നീ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത വാർഡ് സഭ പരിശോധിക്കേണ്ടതാണ്. (സെക്ഷൻ 45(1)(കെ)) | പെൻഷൻ അനുവദിയ്ക്കപ്പെട്ട ഗുണഭോക്താക്കളുടെയും, അപേക്ഷ നിരസിക്കപ്പെട്ട ഗുണഭോക്താക്കളുടെയും ലിസ്റ്റ് വാർഡ് സഭയിൽ അവതരിപ്പിക്കുന്നില്ല. |
| 4. | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും പെർഫോർമൻസ് ഓഡിറ്റിന്റെയും ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡ് സഭയിൽ ചർച്ച ചെയ്യേണ്ടതും വാർഡ് സഭയുടെ അഭിപ്രായങ്ങളും ശുപാർശകളും കൗൺസിലിനെ അറിയിക്കേണ്ടതുമാണ്. (സെക്ഷൻ 45(3) ) | ഒരു വാർഡിലും ഇങ്ങനെ ചെയ്തതായി കാണുന്നില്ല. |

മറ്റ് അപാകതകൾ

- വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്ന പ്രവൃത്തി മാത്രമാണ് പ്രധാനമായും വാർഡ് സഭകൾ നിർവ്വഹിച്ച് വരുന്നത്.
- വാർഡ് സഭയിൽ ഉന്നയിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ആ വാർഡ് സഭയിലോ തൊട്ടടുത്ത വാർഡ് സഭയിലോ മറുപടി നൽകുന്നതായി കാണുന്നില്ല. കൗൺസിലിൽപ്പോലും ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതായി രേഖകളിൽ കാണുന്നില്ല.

- സെക്ഷൻ 46(2) പ്രകാരം വാർഡ് സഭയ്ക്ക് ഉള്ള അവകാശങ്ങൾ നഗരസഭ പ്രദേശത്തെ ജനങ്ങൾ വിനിയോഗിക്കുന്നതായി കാണുന്നില്ല.
- വാർഡ് സഭകളിൽ പങ്കെടുക്കുന്ന ജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കും അവയുടെ പരിഹാര മാർഗ്ഗങ്ങൾക്കും അതോട് ബന്ധപ്പെട്ട ചർച്ചകൾക്കുമായിരിക്കണം വാർഡ് സഭകളിൽ മുന്തിയ പരിഗണന നൽകേണ്ടത്.
- മിനട്സിൽ ഇത്തരം കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം. വാർഡ് സഭ മിനിറ്റ്സ് എഴുതി തയ്യാറാക്കുന്നതിൽ കോ-ഓഡിനേറ്റർമാർക്ക് കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ്. ചില വാർഡ്സഭ മിനട്സുകളിൽ കൺവീനറായ കൗൺസിലർ ഒപ്പിട്ടതായി കാണുന്നില്ല.

## 1-13 നികുതിപിരിവും കുടിശ്ശികയും

| നം | ഇനം | ഡിമാന്റ് | പിരിച്ചെടുത്തത് | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി | 2,09,36,870 | 1,96,51,465 | 93.86 |
| 2 | തൊഴിൽനികുതി (വ്യാപാരികൾ) | 45,89,258 | 19,70,189 | 42.93 |
| 3 | വിനോദ നികുതി | 1,11,90,691 | 1,11,90,691 | 100 |
| 4 | പരസ്യനികുതി | 4,78,655 | 4,76,043 | 99.45 |

വസ്തുനികുതി, തൊഴിൽനികുതി (വ്യാപാരികൾ) സംബന്ധിച്ച് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മേൽപറഞ്ഞ വിവരങ്ങൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽനികുതി (വ്യാപാരികൾ), പിരിവ് കാര്യക്ഷമമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 1-14 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി വഴിയും കത്തുകൾ വഴിയും നഗരസഭ അനധികൃതമായി ഇളവ് ചെയ്ത തുകയെക്കുറിച്ച് അധികമായി കൈപ്പറ്റിയ തുകയെക്കുറിച്ചും നഗരസഭയെ അറിയിക്കുകയുണ്ടായി ഇതിൻപ്രകാരം ആകെ 2,530/- രൂപ നഗരസഭ തിരിച്ച് പിടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | മുഹമ്മദ് സിറാജ്,പതിയാനത്ത് വീട്,ആലുവ കെട്ടിട നമ്പർ- 265(1), വാർഡ് -22 | 2,530.00 (01/117010108050, തീയതി 10.11.2017) | വസ്തുനികുതി കുറവ് ഈടാക്കിയത് (ഓഡിറ്റ് എൻക്വയറി നമ്പർ 46/2016-17 തീയതി 27.09.2017) |

## 1-15 കൗൺസിൽ തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 29 പ്രകാരം മുനിസിപ്പാലിറ്റിയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാണ്. കൗൺസിൽ പാസ്സാക്കുന്ന പ്രമേയങ്ങളും എടുക്കുന്ന തീരുമാനങ്ങളും നടപ്പിലാക്കേണ്ട ചുമതല സെക്രട്ടറിക്കും കൗൺസിൽ ചുമതലപ്പെടുത്തുന്ന കമ്മിറ്റിക്കും ആയിരിക്കുമെന്ന് പ്രസ്തുത നിയമത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൗൺസിൽ എടുത്ത തീരുമാനങ്ങളിൽ തുടർനടപടി സ്വീകരിക്കാത്തത് വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

- ആലുവ നഗരസഭ പരിധിയിൽ ശിവരാത്രി മണപ്പുറത്തിന് സമീപം പുഴയോടുചേർന്ന് കിടക്കുന്ന ഒരേക്കറോളം ഭൂമി ടൂറിസം വകുപ്പ് കയ്യേറി പാർക്ക് സ്ഥാപിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമി നിയമനടപടികളിലൂടെ ടൂറിസം വകുപ്പിൽ നിന്നും ഒഴിപ്പിച്ചെടുക്കാൻ 12.04.2016 -ലെ 16 -ാം നമ്പർ തീരുമാനം കൗൺസിൽ എടുത്തു. എന്നാൽ ഇതുസംബന്ധിച്ച് തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.
- നഗരസഭാ പ്രദേശത്ത് ഉറവിട മാലിന്യസംസ്കരണ പൈപ്പ് കംപോസ്റ്റിംഗ് യൂണിറ്റ് ശുചിത്വമിഷന്റെ സഹായത്തോടെ നടപ്പാക്കാൻ 22.07.2016 -ലെ 21 -ാം നമ്പർ തീരുമാനം കൗൺസിൽ എടുത്തെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
- മുൻവർഷങ്ങളിലും നഗരസഭാ കൗൺസിൽ എടുത്തിട്ടുള്ള പല തീരുമാനങ്ങളും നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

1. തീരുമാനം 1 തീയതി 12.05.2015

ഫയൽ E1-2915/15

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആധുനിക രീതിയിലുള്ള ഹൈമാസ്റ്റ് ലൈറ്റുകളും അതിനോടനുബന്ധിച്ച് പരസ്യബോർഡുകളും സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് GO(Ms) 363/13 തീയതി 19.11.2013 പ്രകാരം സർക്കാർ അനുമതി നൽകി. KURDFC യാണ് നോഡൽ ഏജൻസി. 8 വർഷത്തെ കാലാവധിയിൽ പരസ്യവരുമാനത്തിൽ നിന്ന് ചെലവ് കണ്ടെത്തണം. ഇത് നടപ്പാക്കാൻ കൗൺസിൽ തീരുമാനിച്ചു. തുടർനടപടി ഇല്ല. (ഖണ്ഡിക 3.7 കാണുക)

2. തീരുമാനം 14 തീയതി 12.05.2015

ഫയൽ E4-364/15

മലിനജലം ട്രീറ്റ് ചെയ്യാതെ പെരിയാറിലേക്ക് ഒഴുക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ നഗരസഭക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ നിർദ്ദേശിച്ചതിനാൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനും തീരുമാനിച്ചു. തുടർനടപടി ഇല്ല.

3. തീരുമാനം 25 തീയതി 02.03.2015

ഫയൽ E1-3227/14

വാർഡ് 9 ൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. നടപടി ഇല്ല.

4. തീരുമാനം 22 തീയതി 27.02.2016

   ഫയൽ E4-216/16

   ചൂർണ്ണിക്കരയിലുള്ള പൊതുശ്മശാനത്തിൽ ആധുനിക ഗ്യാസ് ശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകി. തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല.

5. തീരുമാനം 39 തീയതി 27.02.2016

   നഗരസഭാ പാർക്കിന്റെ അവസ്ഥ ശോചനീയമായതിനാൽ ഇതിന്റെ നടത്തിപ്പ് സന്നദ്ധ സംഘടനകൾ/ക്ലബ്ബുകൾ എന്നിവയെ ഏൽപ്പിക്കുന്നതിന് നിയമോപദേശം ലഭ്യമാക്കാനും ആവശ്യമായ വ്യവസ്ഥകൾ തയ്യാറാക്കാനും നിർദ്ദേശം നൽകി. -തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല.

6. തീരുമാനം നമ്പർ 24 തീയതി 21.03.2017

   നഗരസഭയിൽ നിന്നും ലൈസൻസ് വ്യവസ്ഥയിൽ മുറി അനുവദിച്ചിരിക്കുന്നവർ തന്നെയാണ് യഥാർത്ഥത്തിൽ കച്ചവടം നടത്തുന്നതെന്ന് ഉറപ്പാക്കുന്നതിനായി നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ജീവനക്കാരുടെ ഒരു പ്രത്യേക സംഘത്തെ രൂപീകരിച്ച് വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനുള്ള 2015-16 -ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ശുപാർശ കൗൺസിൽ അംഗീകരിച്ചു. എന്നാൽ പ്രത്യേക സംഘത്തെ രൂപീകരിച്ചെങ്കിലും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

കൗൺസിൽ അംഗീകരിച്ച പ്രമേയങ്ങളിലും എടുത്ത തീരുമാനങ്ങളിലും തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ, തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് കൗൺസിൽ

പരിശോധന നടത്തേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

1). മേഖലാവിഭജനത്തിൽ അപാകത

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 233 പ്രകാരം ഏതൊരു മുനിസിപ്പാലിറ്റിയുടെ കൗൺസിലും അതതു മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്ടിലെ വ്യവസ്ഥകൾക്കും ഇതിലേക്കായി നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. ഇതിലേക്കായി സെക്ഷൻ 233 ഉപവകുപ്പ് 7(i) പ്രകാരം മുനിസിപ്പൽ പ്രദേശത്തെ വ്യത്യസ്തമേഖലകളായി തിരിക്കുകയും കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെട്ട മേഖലയുടേതായ ഇളവ് / വർദ്ധനവ് (അടിസ്ഥാന വസ്തുനികുതിയിന്മേൽ) നൽകിയാണ് നികുതി നിർണ്ണയിക്കുന്നത്. 2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കെട്ടിടം സ്ഥിതിചെയ്യുന്ന മേഖലകളുടെ അടിസ്ഥാനത്തിൽ, അടിസ്ഥാനനികുതിയിന്മേൽ അനുവദിക്കാവുന്ന ഇളവ് / വർദ്ധനവ് താഴെ പറയും പ്രകാരമാണ്.

| മേഖല | മേഖലയുടെ തരംതിരിവ് മാനദണ്ഡം | ഇളവ് | വർദ്ധനവ് |
|---|---|---|---|
| പ്രഥമ മേഖലകൾ | സർക്കാർ, അർദ്ധ സർക്കാർ ആഫീസുകൾ, മാർക്കറ്റ്, ബസ് സ്റ്റാന്റ്, ആശുപത്രി എന്നിവ കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശം, അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ | ഇല്ല | ഇല്ല |
| ദ്വിതീയ മേഖലകൾ | പ്രഥമമേഖലകൾക്കു ചുറ്റുമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസനസാധ്യതകളുള്ള പ്രദേശങ്ങൾ | 10 | ഇല്ല |
| തൃതീയ മേഖലകൾ | പ്രഥമ,ദ്വിതീയ മേഖലകളിൽ ഉൾപ്പെടുത്താത്തതും താരതമ്യേന വികസനം കുറഞ്ഞതും അടിസ്ഥാന സൗകര്യം കുറഞ്ഞതും ജലസാന്ദ്രത കുറഞ്ഞതുമായ പ്രദേശം | 20 | ഇല്ല |

കൂടാതെ ഒരു മുനിസിപ്പാലിറ്റിയുടെ തന്നെ ഭൂപ്രദേശത്തെ ഒന്നിലധികം പ്രഥമ മേഖലകളായും ഒന്നിലധികം ദ്വിതീയ മേഖലകളായും ഒന്നിലധികം തൃതീയ മേഖലകളായും തരം തിരിക്കാവുന്നതാണെന്നും മേഖലകളുടെ തരംതിരിവ് മുനിസിപ്പാലിറ്റിയിലെ വാർഡുകളുടെ

അടിസ്ഥാനത്തിലായിരിക്കണമെന്നില്ല എന്നും 2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 അനുശാസിക്കുന്നു.

എന്നാൽ ആലുവ നഗരസഭയിൽ മേല്പറഞ്ഞ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് ഭൂപ്രദേശത്തിന്റെ മേഖലാ വിഭജനം നടത്തിയിരിക്കുന്നത്. ആകെയുള്ള 26 വാർഡുകളിൽ 8 എണ്ണം (വാർഡ് - 8,9,10,11,12,20,22,23) പ്രഥമ മേഖലയായും 18 എണ്ണം (വാർഡ്- 1,2,3,4,5,6,7 13,14,15,16,17,18,19,21,24,25,26) ദ്വിതീയ മേഖലയുമായാണ് തിരിച്ചിരിക്കുന്നത്. മേഖലാ വിഭജനം വാർഡുകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നില്ലായെന്ന് ചട്ടത്തിൽ വ്യക്തമാക്കിയിട്ടും വാർഡ് അടിസ്ഥാനത്തിലാണ് വിഭജനം നടത്തിയത്. അതുതന്നെ നഗരസഭയുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് ഉതകുന്നതല്ല. 7.18 km മാത്രം ചുറ്റളവുള്ള ആലുവ നഗരസഭയിലൂടെ 5 കി.മീറ്ററോളം ദൈർഘ്യത്തിൽ ദേശീയ പാത 47 കടന്നുപോകുന്നു. ഈ ദേശീയ പാതയുടെ ഇരുവശങ്ങളിലുമുള്ള വികസിത പ്രദേശങ്ങളിൽ 50 ശതമാനം പോലും പ്രഥമ മേഖലയിൽ ഉൾപ്പെട്ടിട്ടില്ല. മേഖലാവിഭജനത്തിന്റെ മാനദണ്ഡപ്രകാരം സർക്കാർ, അർദ്ധ സർക്കാർ ആഫീസുകൾ, മാർക്കറ്റ്, ബസ് സ്റ്റാന്റ്, ആശുപത്രി എന്നിവ കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശം, അല്ലങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ടതാണ്. എന്നാൽ നാഷണൽ ഹൈവേ 47 ലെ പ്രധാന ജംഗ്ഷനുകളായ പറവൂർ കവല,(വാർഡുകൾ 2,7,26) തോട്ടക്കാട്ടുകര ജംഗ്ഷൻ(വാർഡുകൾ 24,7) എന്നിവയെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിരവധി വ്യാപാരസ്ഥാപനങ്ങൾ ഉള്ളതായ ഈ പ്രദേശങ്ങൾ ആലുവനഗരസഭയിലെ ഏറ്റവും വികസിതമായ പ്രദേശങ്ങളാണ്. തോട്ടക്കാട്ടുകരയിലെ ഫ്ലാറ്റ് സമുച്ചയങ്ങളും(Asset Homes) പറവൂർ കവലയിലെ VIP കോളനിയുമെല്ലാം ഈ പ്രദേശങ്ങൾ വികസിതമാണെന്നതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ നിരവധി സർക്കാർ സ്ഥാപനങ്ങളുള്ളതും വികസിതവുമായ സബ് ജയിൽ റോഡ്( വാർഡ് -15), പൈപ്പ് ലൈൻ റോഡ് (വാർഡ് -18,19), ആയുർവേദ ആശുപത്രി സ്ഥിതി ചെയ്യുന്ന GCDA റോഡ് (വാർഡ്-2), തിരക്കേറിയ ആലുവ – പറവൂർ റോഡിന്റെ ഇരുവശങ്ങൾ ( വാർഡ് -1,26), മണപ്പുറം റോഡ് (വാർഡ് -5,6,7), UC കോളേജ്, സെമിനാരിപ്പടി (വാർഡ്-1) എന്നീ പ്രദേശങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെടുത്താതെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയതിലൂടെ അടിസ്ഥാനനികുതിയിന്മേൽ 10 ശതമാനം ഇളവ് നൽകേണ്ടിവന്നു. നഗരസഭ പ്രദേശത്തിന്റെ വാർഡ് തിരിച്ചുള്ള ചിത്രം താഴെ ചേർക്കുന്നു. മഞ്ഞനിറത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്ന പ്രദേശം മാത്രമാണ് പ്രഥമ മേഖലയിൽ ഉൾപ്പെടുന്നത്.




പ്രഥമമേഖലയിൽ ഉൾപ്പെടുന്നതിനുള്ള ഭൗതികസാഹചര്യമുള്ളതും നിരവധി ഫ്ലാറ്റുകളും ബഹുനിലകെട്ടിടങ്ങളുമുള്ള മണപ്പുറം റോഡ്, GCDA റോഡ് എന്നീ പ്രദേശങ്ങൾ ദ്വിതീയമേഖലയിൽ ഉൾപ്പെട്ടതിനാൽ അടിസ്ഥാന നികുതിയിന്മേൽ 10 ശതമാനം ഇളവ് ഈ പ്രദേശത്തെ കെട്ടിടങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. താരതമ്യേന വിസ്തൃതി കുറഞ്ഞ ആലുവ നഗരസഭയിലെ ഭൂരിഭാഗം പ്രദേശങ്ങളും വികസിത പ്രദേശങ്ങളാണെന്നിരിക്കെ വാർഡ് അടിസ്ഥാനത്തിൽ മേഖലാവിഭജനം നടത്തിയതും 8 വാർഡുകൾ മാത്രം പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയതും ചട്ടവിരുദ്ധമാണ്. ജനസാന്ദ്രതയേറിയ ഈ പ്രദേശങ്ങളിലെ നികുതി നിർണ്ണയിച്ചതിൽ അനുവദിച്ച 10 ശതമാനം കുറവ് നഗരസഭക്ക് ഗണ്യമായ വരുമാനനഷ്ടത്തിന് കാരണമായിട്ടുണ്ട്.

2) അനധികൃത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ - ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിടനമ്പർ നൽകപ്പെട്ടതും 406 -ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല. 2016-17 -ലെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽനിന്നും താഴെപറയുന്ന വ്യാപാര സ്ഥാപനങ്ങൾ അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി കാണുന്നു.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | വ്യാപാരിയുടെ പേര് | വ്യാപാര സ്ഥാപനം | തൊഴിൽനികുതി ഡിമാന്റ് ചെയ്ത തുക |
|---|---|---|---|

| | | | |
|---|---|---|---|
| 4 IV/26UA ( New VI/67UA | സീതാലക്ഷ്മി | അശ്വതി ഹോട്ടൽ | 300 |
| 6 VI/367 | മുഹമ്മദ് ഷാഫി | പ്രൊവിഷൻ സ്റ്റോർ | 300 |
| 6 VI/368 UA, | പി.എം. അബ്ദുൾ നസീർ | നൗഷാദ് ഏജൻസീസ്- ആയുർവേദം | 300 |
| 6 VI/376 UA | എം.എസ്.നജീബ് | എം.എസ് ബേക്കറി | 300 |
| 6 VI/373 UA | ഖാലിദ് അക്ബർ | അക്ബർ ട്രാവൽസ് | 60 |
| 21 ന്യൂ വാർഡ് I1539, 541, 542 / UA543 UA) | എ.എസ്. അഷറഫ് & ഇഷഹാക്ക് | ആര്യവൈദ്യശാല ഏജൻസി, ലോൺട്രി ഷോപ്പ്, ഫുട് വെയർ ഷോപ്പ് | 600 |
| 21 241(ന്യൂ വാർഡ് 24/369 UA) | ഷാജു സഫ | യൂസ്ഡ് കാർ ഷോറൂം | 600 |

നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മിച്ചിരിക്കുന്ന മേൽപറഞ്ഞ അനധികൃത കെട്ടിടങ്ങളിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്കെതിരെ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ ഇത്തരം അനധികൃത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുമുണ്ട്. ഇത് ശരിയായ നടപടിയല്ല. നിയമവിരുദ്ധമായ സ്ഥാപനങ്ങളിൽ നിന്നു മേൽപറഞ്ഞ രീതിയിൽ തൊഴിൽനികുതി ഈടാക്കിയതിലൂടെ ഇത്തരം സ്ഥാപനങ്ങളെ പരോക്ഷമായി അംഗീകരിക്കുന്നു എന്നുള്ളത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ് .

3) നികുതിയിൽ ഗണ്യമായ വർദ്ധനവില്ല

2013-14 മുതൽ പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ രീതിയിലുള്ള നികുതിയാണ് നിർണ്ണയിക്കുന്നത്. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കിയ രീതിയിൽ നിർണ്ണയിക്കുമ്പോൾ നിലവിലുള്ള നികുതിയുടെ 60 ശതമാനത്തിലധികം അധികരിക്കരുതെന്ന നിർദ്ദേശമുള്ളതിനാൽ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയുള്ള നികുതി നിർണ്ണയംകൊണ്ട് കാര്യമായ വരുമാനവർദ്ധനവ് നഗരസഭക്ക് ലഭിച്ചിട്ടില്ല. കൂടാതെ പെർമിറ്റ് പ്രകാരം നിർമ്മിക്കുന്ന ഒരു കെട്ടിടത്തിന് നികുതി കണക്കാക്കുമ്പോൾ വ്യത്യസ്തനമ്പറുകൾ നൽകുന്നതിലൂടെ നികുതിയിൽ കാര്യമായ കുറവ് സംഭവിക്കുന്നു. കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 250m2 ന് മുകളിലെങ്കിൽ 15 ശതമാനം അടിസ്ഥാന നികുതിയിന്മേൽ വർദ്ധനവിന് വ്യവസ്ഥയുണ്ടെങ്കിലും കെട്ടിടത്തിന് ഒന്നിലധികം നമ്പറുകൾ നൽകുന്നതുമൂലം പ്ലിന്ത് ഏരിയ വിഭജിക്കപ്പെടുകയും മേല്പറഞ്ഞ നികുതി വർദ്ധനവ് വരുത്താൻ സാധിക്കാതെയും വരുന്നു. വ്യത്യസ്ത

ഉപയോഗത്തിനുള്ള ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പർ നൽകുന്നതിന് ചട്ടം അനുവദിക്കുന്നുണ്ടെങ്കിലും മേല്പറഞ്ഞരീതിയിൽ ഈ വ്യവസ്ഥ ദുരുപയോഗം ചെയ്ത് അനധികൃതമായി നികുതി ഇളവ് നേടുന്നതിനുള്ള സാധ്യതയുണ്ട്.

4) വസ്തുനികുതി- കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടില്ല.

വസ്തുനികുതിയുടെ കമ്പ്യൂട്ടർ വൽക്കരണം(സഞ്ചയ) നാളിതുവരെ പൂർത്തിയായിട്ടില്ല. 2011 വരെ നിലവിലുണ്ടായിരുന്ന ആന്വൽ റെന്റ് വാല്യൂ(ARV) അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തൽ ആലുവ നഗരസഭയിൽ ഏകദേശം പൂർത്തിയായ സാഹചര്യത്തിലാണ് പ്ലിന്ത് ഏരിയ (Plinth Area) അടിസ്ഥാനമാക്കിയുള്ള നികുതി സമ്പ്രദായം സർക്കാർ നടപ്പാക്കിയത്. അതിനാൽ നിലവിലുണ്ടായിരുന്ന ആന്വൽ റെന്റ് വാല്യൂ(ARV) അടിസ്ഥാനമാക്കിയുള്ള വസ്തുനികുതിയുടെ ഡാറ്റാ എൻട്രി ചെയ്തത് പ്രയോജനപ്പെടുത്താൻ നഗരസഭക്ക് സാധിച്ചില്ല. പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയുള്ള പുതിയ നികുതിനിർണ്ണയത്തിന്റെ ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല. പുതിയ രീതിയിലുള്ള നികുതി സമ്പ്രദായത്തിന്റെ പ്രാരംഭഘട്ടത്തിലുണ്ടായ ആശയക്കുഴപ്പങ്ങൾ നികുതി നിർണ്ണയത്തിലും ഡാറ്റാ എൻട്രി നടത്തുന്നതിലും കാലതാമസത്തിന് കാരണമായി. കളക്ഷൻ വിവരങ്ങളുടെ 2014-15വരെയുള്ള ഡാറ്റാ എൻട്രിയാണ് നിലവിൽ പൂർത്തിയായിരിക്കുന്നത്. ഡാറ്റാ എൻട്രി പൂർത്തിയാകാത്തതിനാൽ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യയും സഞ്ചയയും തമ്മിലുള്ള ഇന്റഗ്രേഷൻ നടത്താൻ സാധിച്ചിട്ടില്ല. നിലവിൽ ഫ്രണ്ട് ഓഫീസിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും നികുതി സംബന്ധമായ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ നികുതിദായകന് ലഭ്യമാകുന്നില്ല. വസ്തുനികുതിയുടെ കമ്പൂട്ടർവത്ക്കരണം പൂർത്തിയാകാത്തതുമൂലം ഓൺലൈൻ മുഖേന നികുതി ഒടുക്കുന്നതിന് നിലവിൽ സാഹചര്യമില്ല.

5)വസ്തുനിനികുതി നിർണ്ണയിച്ചതിൽ അപാകത

2016-17 അസ്സസ്മെന്റ് രജിസ്റ്ററുകൾ - വാർഡ് 22,

വസ്തു നികുതി നിരക്ക് നിർണ്ണയ വിജ്ഞാപനപ്രകാരം ആലുവ നഗരസഭയിലെ വാർഡ് 22 (പുതിയത്) പ്രഥമ മേഖലയിലാണ് ഉൾപ്പെടുന്നത്. എന്നാൽ ഈ വാർഡിലെ കെട്ടിട നമ്പർ 265(1) ന്റെ നികുതി നിർണ്ണയിച്ചപ്പോൾ ദ്വിതീയ മേഖലയായി പരിഗണിച്ചതിനാൽ നഗരസഭ ഫണ്ടിന് 2530/-രൂപയുടെ നഷ്ടമുണ്ടായി.

വാർഡ് നമ്പർ - 22, കെട്ടിട നമ്പർ : 265(1)

ഉടമയുടെ പേര് - മുഹമ്മദ് സിറാജ്, പതിയാനത്ത് വീട്, ആലുവ

കെട്ടിടത്തിന്റെ ഉപയോഗക്രമം - റസിഡൻഷ്യൽ

തറവിസ്തീർണ്ണം - 733.60ച.മീ

നഷ്ടതുക ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 46/2016-17 തീയതി 27.09.2017) രസീത് നമ്പർ 01/117010108050, തീയതി 10.11.2017 പ്രകാരം നഗരസഭാ ഫണ്ടിൽ അടവാക്കി.

**2-2** <u>അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിച്ചിട്ടില്ല രജിസ്റ്ററുകളും രേഖകളും പൂർണ്ണമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.</u>

ആലുവ നഗരസഭയിൽ അനധികൃതമായി നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ നിലവിലുണ്ട്. നഗരസഭയിൽ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതായും ഇവയുടെ ക്രമവത്ക്കരണം നടത്താതെ ശേഷിക്കുന്നതായും കാണുന്നു. വസ്തുനികുതി അസ്സസ്മെന്റ് രജിസ്റ്ററിൽ നിരവധി കെട്ടിടങ്ങൾ അനധികൃതമാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് (ഉദാ: വാർഡ് നമ്പർ -6, പേജ്- 21,22- 11 കടമുറികൾ) The Kerala Building (Regularisation of unauthorised construction) Rules, 2014 പ്രകാരം 31.03.2013 -ന മുൻപായി നിർമ്മാണം നടത്തിയ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 406, 407, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 - ചട്ടം 143 എന്നിവയ്ക്ക് വിധേയമായി സെക്രട്ടറിയ്ക്ക് ക്രമവൽക്കരണം നടത്താവുന്നത് സെക്രട്ടറി ക്രമവത്ക്കരണം നടത്തേണ്ടതും അല്ലാത്തവ സർക്കാർ തീരുമാനത്തിനു വിധേയമായി ക്രമവത്ക്കരണം നടത്തേണ്ടതുമാണ്. ക്രമവത്ക്കരിക്കാൻ സാധിക്കാത്ത അനധികൃത കെട്ടിടങ്ങളും, അനധികൃത കൂട്ടിച്ചേർക്കലുകളും കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 406 , 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 20(3) , 1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - ചട്ടം 18, 147 എന്നിവ പ്രകാരം പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം പൊളിച്ചു നീക്കം ചെയ്ത അനധികൃത കെട്ടിടങ്ങൾ , സെക്രട്ടറി ക്രമവത്ക്കരണം നടത്തിയ അനധികൃത കെട്ടിടങ്ങൾ , സർക്കാർ തീരുമാനപ്രകാരം ക്രമവത്ക്കരണം നടത്തിയ അനധികൃത കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച് 2016-17 വരെയുള്ള പൂർണ്ണ വിവരങ്ങളും അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ 2016-17 വരെയുള്ള റിപ്പോർട്ടുകളും ഓഡിറ്റിന്

ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242 , 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 20 എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കളക്ഷൻ നടത്തിയതിന്റേയും കുടിശ്ശിക തുകയുടേയും 31.03.2017 വരെയുള്ള പൂർണ്ണ വിവരങ്ങൾ ചട്ടപ്രകാരമുള്ള രജിസ്റ്ററിൽ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞിരിക്കുന്ന രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**2-3** <u>നഗരസഭ കെട്ടിടങ്ങളിൽ നിന്നുള്ള വാടക വരുമാനം- കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല- രജിസ്റ്ററിലെ തുക അക്കൗണ്ട്സിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.</u>

I) 2016-17 വാർഷിക കണക്ക് പ്രകാരം നഗരസഭ കെട്ടിടങ്ങളിൽ നിന്നുള്ള തൻവർഷത്തെ ഡിമാന്റ് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ 130100800 ഹെഡ് പ്രകാരം 15498149 രൂപയും വരവ് റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ 431400101 ഹെഡ് പ്രകാരം 11677306 രൂപയുമാണ്. ഇതുപ്രകാരം പിരിഞ്ഞുകിട്ടാനുള്ള തുക 3820843 രൂപയായിരിക്കണം. എന്നാൽ ബാലൻസ് ഷീറ്റിലെ 431400101 ഹെഡിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2148190 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

II) വാടക രജിസ്റ്റർ പൂർണ്ണമല്ല

1. വാടക രജിസ്റ്ററിൽ കുടിശ്ശിക തൻവർഷത്തെ ഡിമാന്റ് , ആകെ തുക, നീക്കിയിരിപ്പ് തുക ഇവ രേഖപ്പെടുത്തുന്നില്ല.
2. തൻവർഷത്തെ DCB രേഖപ്പെടുത്തിയിട്ടില്ല.
3. വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററുകമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും മേൽപ്പറഞ്ഞ പ്രകാരം DCB തയ്യാറാക്കി വാർഷിക കണക്കുകളുമായി തുലനപ്പെടുത്തിയിട്ടില്ല.

മുകളിൽ കാണിച്ച വിവരങ്ങൾ ചേർത്ത് വാടക, കുടിശ്ശിക രജിസ്റ്റർ ഇവ പൂർത്തിയാക്കേണ്ടതാണ്.

III)2015-16 -ലെ കുടിശ്ശിക രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപ്പറയുന്ന കുടിശ്ശികക്കാർ 2016-17 -ൽ കുടിശ്ശിക അടക്കാതിരുന്നിട്ടും 2016-17 -ലെ കുടിശ്ശിക രജിസ്റ്ററിൽ അവരെ ഉൾപ്പെടുത്തി കാണുന്നില്ല.

| നം. | പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|
| 1 | കെ.വി. ദേവസ്സി | 1/2014 മുതൽ 6/2014 വരെ | 5676 |
| 2 | പി.ജെ. ജോൺസൺ | 1/2014 മുതൽ 6/2014 വരെ | 230 |
| 3 | പി.ജെ. ബെന്നി | 1/2014 മുതൽ 6/2014 വരെ | 2646 |

| | | | |
|---|---|---|---|
| 4 | പി.പി. അബ്ദു | 6/2014 | 405 |
| 5 | എം.സി. കുര്യാക്കോസ് | 1/2013 മുതൽ 6/2014 വരെ | 4539 |
| 6 | എൻ.കെ. സുനീർ | 2/2016 മുതൽ 3/2016 വരെ | 2390 |
| 7 | ജോയ് പുതുശ്ശേരി | 2/2016 മുതൽ 3/2016 വരെ | 4772 |
| 8 | പി.റ്റി. ജോർജ്ജ് | 6/2014 മുതൽ 3/2016 വരെ | 5986 |
| 9 | കെ.ഡി. തോമസ് | 11/2015 മുതൽ 3/2016 വരെ | 2095 |
| 10 | കെ.ഡി. തോമസ് | 11/2015 മുതൽ 3/2016 വരെ | 2095 |
| 11 | കെ.ഡി. തോമസ് | 11/2015 മുതൽ 3/2016 വരെ | 2095 |
| 12 | വി.ശശികുമാർ | 12/2014 മുതൽ 3/2016 വരെ | 6720 |
| 13 | വി.ശശികുമാർ | 12/2014 മുതൽ 3/2016 വരെ | 6720 |
| 14 | എം.പി. സുനിൽ | 2/2016 മുതൽ 3/2016 വരെ | 794 |
| 15 | പി.പി. ആന്റണി | 10/2012 മുതൽ 3/2016 വരെ | 26564 |
| 16 | മുഹമ്മദ് ബഷീർ | 3/2016 | 2830 |
| 17 | സി.വി. അലിയാർ | 12/2013 മുതൽ 3/2016 വരെ | 11044 |
| 18 | എം.പി. ഖാലിദ് | 12/2013 മുതൽ 3/2016 വരെ | 14632 |
| 19 | റ്റി.എ. പരീത് പിള്ള | 12/2014 മുതൽ 3/2016 വരെ | 4396 |
| 20 | എം.എ. അമീർ | 12/2014 മുതൽ 3/2016 വരെ | 8348 |
| 21 | സി.ഒ. ആന്റണി | 3/2016 | 944 |
| 22 | റ്റി.ആർ സെബാസ്റ്റ്യൻ | 11/2014 മുതൽ 3/2016 വരെ | 11111 |
| 23 | പി.ഒ. പൗലോസ് | 2/2016 മുതൽ 3/2016 വരെ | 804 |
| 24 | കെ.വി. ഡൊമിനിക് | 2/2016 മുതൽ 3/2016 വരെ | 556 |
| 25 | അബ്ദുൾ റഹ്മാൻ പരീത് പിള്ള | 12/2014 മുതൽ 3/2016 വരെ | 4396 |
| 26 | ബി.വി. ഡൊമിനിക് | 6/2014 മുതൽ 3/2016 വരെ | 8588 |
| 27 | എ.കെ. അബ്ദുൾ സലാം | 4/2013 മുതൽ 3/2016 വരെ | 17544 |

കുടിശ്ശിക രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതുമാണ്.

IV)ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ കാണിച്ച ദീർഘകാലം വാടകകുടിശ്ശികയുള്ള വാടകക്കാരിൽ

നിന്നും കുടിശ്ശിക ഈടാക്കുകയോ അല്ലാത്തപക്ഷം കരാർ വ്യവസ്ഥ പ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

| നം. | കെട്ടിടം | വാടകക്കാരന്റെ പേര് | കുടിശ്ശിക വരുത്തിയ കാലയളവ് | തുക |
|---|---|---|---|---|
| 1 | കാർട്ട് സ്റ്റാന്റ് ഗോഡൗൺ | എ.എം. ഷിഹാബ് | 5/2016 മുതൽ 3/2017 വരെ | 29722+ ST |
| 2 | 1 -ാം നില | എ.എം. ജാഫർ | 5/2016 മുതൽ 3/2017 വരെ | 48642+ST |
| 3 | മിനി ഷോപ്പിംഗ് കോംപ്ലക്സ് | കെ.എം. അബ്ദുൾ ഖാദർ | 4/2016 മുതൽ 3/2017 | 8220+ST |
| 4 | മിനി ഷോപ്പിംഗ് കോംപ്ലക്സ് | കെ.ഇ. ജോസ് | 4/2016 മുതൽ 3/2017 | 7908+ST |
| 5 | റെസ്റ്റ് ഹൗസ് | റ്റി.എച്ച്. അബ്ദുൾ കരീം | 6/2016 മുതൽ 3/2017 വരെ | 91470+ST |
| 6 | ബങ്ക് | എം.കെ. സലീം | 4/2016 മുതൽ 3/2017 വരെ | 6520+ST |
| 7 | നെഹ്റുപാർക്ക് അവന്യൂ | കെ.എസ്. പ്രസാദ് | 5/2016 മുതൽ 3/2017 വരെ | 40095+ST |
| 8 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | ഷാജിത | 10/2016 മുതൽ 3/2017 വരെ | 12918+ST |
| 9 | ഫിഷ് സ്റ്റാൾ | എം.പി. മുഹമ്മദ് ബഷീർ | 9/2016 മുതൽ 3/2017 വരെ | 19810+ST |
| 10 | ഫിഷ് സ്റ്റാൾ | എം.പി. മുഹമ്മദ് ബഷീർ | 9/2016 മുതൽ 3/2017 വരെ | 19810+ST |
| 11 | മട്ടൻ സ്റ്റാൾ | കെ.എസ്. മുഹമ്മദ് കുഞ്ഞ് | 6/2016 മുതൽ 3/2017 വരെ | 24606+ST |
| 12 | മിനിമാർക്കറ്റ് (പഴയത് | മുഗൾ കാർത്തികേയൻ | 11/2016 മുതൽ 3/2017 വരെ | 20325+ST |
| 13 | ഉണക്ക ചെമ്മീൻ ഗോഡൗൺ | റോസി അന്തപ്പൻ | ഡിമാന്റ് കാലയളവ്, തുക കാണിച്ചിട്ടില്ല. | |
| 14 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | നിധിൻ മാത്യു | ഡിമാന്റ് കാലയളവ്, തുക കാണിച്ചിട്ടില്ല. | |

| | | | | |
|---|---|---|---|---|
| 15 | മിനിമാർക്കറ്റ് (പുതിയത്) | പി.എം. പത്രോസ് | 4/2016 മുതൽ 3/2017 വരെ | 17712+ST |
| 16 | മിനിമാർക്കറ്റ് (പുതിയത്) | കെ.ആർ. സേവ്യർ | 4/2016 മുതൽ 3/2017 വരെ | 17664+ST |

V)കോടതി കേസായതിനാൽ വാടക അടയ്ക്കാത്ത വാടകക്കാരുടെ പേരുവിവരം ചുവടെ കൊടുക്കുന്നു. കേസ് നടപടികൾ വേഗത്തിലാക്കാൻ നഗരസഭ മുൻകൈ എടുക്കേണ്ടതാണ്.

എ) മിനിമാർക്കറ്റ് (പഴയത്) കടുങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് 3/2013 മുതൽ കുടിശ്ശിക (രജിസ്റ്റർ പ്രകാരം)

ബി) മിനിമാർക്കറ്റ് ( അനക്സ്) സെക്രട്ടറി, കേരള ഹെഡ് ലോഡ് വർക്കേഴ്സ് യൂണിയൻ 4/2013 മുതൽ കുടിശ്ശിക (രജിസ്റ്റർ പ്രകാരം)

സി) നെഹ്റുപാർക്ക് അവന്യൂ- എൻ.കെ. ശിവൻ (കുടിശ്ശിക കാലയളവ് കാണിച്ചിട്ടില്ല)

VI)താഴെപ്പറയുന്ന നഗരസഭ വക കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നവയാണ്. ഇവ നടപടിക്രമങ്ങൾ പാലിച്ച് വാടകക്ക് നൽകാൻ നടപടികളെടുക്കേണ്ടതാണ്.

നെഹ്റുപാർക്ക് അവന്യൂ- III, 304, 207 മിനിമാർക്കറ്റ്- 2

SC/ST ബിൽഡിംഗ് - 2 -ാം നില

VII)2016-17 വാർഷിക കണക്ക് പ്രകാരം വാടക കെട്ടിടങ്ങളിൽ നിന്നും ആകെ പിരിഞ്ഞുകിട്ടാനുള്ള തുക 24.19 ലക്ഷം രൂപയാണ്. ഈ തുക വാടക കുടിശ്ശിക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി കൃത്യമാക്കേണ്ടതും തുക പിരിച്ചെടുക്കേണ്ടതുമാണ്.

## 2-4 ഡി & ഒ ലൈസൻസ് - നടപടിക്രമങ്ങളിലെ അപാകതകൾ

ഫയൽ നമ്പർ H3/1565/15

2016-17 -ൽ ഫീസ് ഈടാക്കിയ എല്ലാ അപേക്ഷകളും ഡി & ഒ ലൈസൻസ് ഫീസ് കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. എല്ലാ അപേക്ഷകളും ചേർത്ത് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ് .

ആലുവ നഗരസഭയിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ളതായ വിജ്ഞാപനത്തിലെ 11 -ാം ഖണ്ഡിക പ്രകാരം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾ നടത്തുന്നവർ നിശ്ചിത വിലയുള്ള മുദ്രപത്രത്തിൽ വാടക കരാർ സമർപ്പിക്കേണ്ടതാണ്. എന്നാൽ നിരവധി അപേക്ഷകളിൽ വ്യാപാരം നടത്തുന്ന കെട്ടിടം കച്ചവടക്കാരന്റെ സ്വന്തമാണോ അതോ വാടകയ്ക്കാണോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല

മാത്രമല്ല വാടകക്കരാറിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുമില്ല.

ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്തി ഫീൽഡ് പരിശോധന റിപ്പോർട്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

ലൈസൻസിനുള്ള അപേക്ഷകളിൽ പുതിയ സ്ഥാപനമാണോ നിലവിലുള്ള സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കുവാനാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തുന്നില്ല. വിൽപ്പനവസ്തുക്കളുടെ വിവരവും പ്രതീക്ഷിത വിറ്റുവരവും യന്ത്രങ്ങളുടെ കുതിരശക്തിയും രേഖപ്പെടുത്തുന്നില്ല. ഇപ്രകാരം പൂർണ്ണ വിവരങ്ങൾ ഇല്ലാതെയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. അപേക്ഷകൾ പൂർണ്ണമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷകളിൽ കൃത്യവും വ്യക്തവുമായ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതാണ്.

01.11.2016 -ന് ചേർന്ന നഗരസഭ കൗൺസിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന പല കച്ചവട വ്യവസായിക സ്ഥാപനങ്ങൾക്കും ലൈസൻസ് ഇല്ലെന്നും ടി സ്ഥാപനങ്ങൾക്ക് മുഴുവൻ ലൈസൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രമേയം പാസാക്കിയിട്ടുണ്ട്.

ഓരോ വർഷത്തേയും വസ്തുനികുതി രജിസ്റ്ററിന്റേയും തൊഴിൽ നികുതി രജിസ്റ്ററിന്റേയും വാടക രജിസ്റ്ററിന്റേയും അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് പ്രകാരം പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാനും അതുവഴി ഈ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാവുന്നതുമാണ്.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് 16.09.2017 -ൽ 40/2016-17 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഡി & ഒ നൽകുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചില ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.</u>

1. ഡി & ഒ ലൈസൻസ് സംബന്ധിച്ച് സർക്കാർ ചട്ടങ്ങൾ പ്രാബല്യത്തിൽ വരാത്ത സാഹചര്യത്തിൽ ആലുവ നഗരസഭയിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലേക്കായി 31.01.1998 -ൽ എച്ച്.3-3050/96 -ാം നമ്പറായി പുറപ്പെടുവിച്ചതും 01.04.1998 മുതൽ പ്രാബല്യത്തിലുള്ളതുമായ വിജ്ഞാപനം കാലാനുസൃതമായി പരിഷ്കരിച്ച് ഫീസ് നിരക്കുകൾ നിർണ്ണയിച്ച് ആധികാരികമാക്കേണ്ടതാണ്.

2. അപേക്ഷയിലെ എല്ലാ കോളങ്ങളും പൂർണ്ണമായി പൂരിപ്പിക്കേണ്ടതാണ്.
3. ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്ന രജിസ്റ്ററുകളിൽ എല്ലാ അപേക്ഷകളിലെയും പ്രധാനപ്പെട്ട എല്ലാ വിവരങ്ങളും രേഖപ്പെടുത്തണം.
4. നിലവിലുള്ള അപേക്ഷ ഫാറത്തിൽ ആവശ്യമായ ഭേദഗതി വരുത്തി പരിഷ്കരിക്കേണ്ടതാണ്. ഉദാഹരണത്തിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ HP എത്രയെന്ന് രേഖപ്പെടുത്തണം.
5. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട എല്ലാ രേഖകളോ അല്ലെങ്കിൽ ആയതിന്റെ പകർപ്പുകളോ ഹാജരാക്കേണ്ടതാണ്.
6. അന്വേഷണ റിപ്പോർട്ടുകൾ വിശദവും വ്യക്തവും ആയിരിക്കണം.
7. ഡി & ഒ ലൈസൻസ് പുതുക്കൽ സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**2-5** <u>പരസ്യ നികുതി ഫീസ് യഥാസമയം ഈടാക്കുന്നതിൽ വീഴ്ച – നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തനത് വരുമാനത്തിൽ ഇടിവ്</u>

<u>ഫയൽ നമ്പർ R5-1/16</u>

<u>ഫയൽ നമ്പർ R5-5599/16</u>

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിവിധ കുത്തക ലേലങ്ങൾ നടന്നത് 23.02.2016 -നാണ്. നഗരസഭ പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തക 2015-16 -ൽ ലേലത്തിൽ പോയത് 6 ലക്ഷം രൂപയ്ക്കാണ്. ഇതിന്റെ 10% അധികരിച്ച തുകയായ 6,60,000 രൂപയ്ക്ക് ലേലം ആരംഭിച്ചെങ്കിലും EMD ഒടുക്കിയ 3 പേരും പങ്കെടുക്കാതിരുന്നതിനാലും മുൻവർഷത്തെ കരാറുകാരനായിരുന്ന ശ്രീ. കെ.എ.അനൂപ് സമർപ്പിച്ച 6,24,000 രൂപയുടെ ടെണ്ടർ ലേല തുകയേക്കാൾ കുറവായതിനാലും ലേലം മാറ്റി വെച്ചു.

23.02.2016 -ൽ നഗരസഭയിലെ 3 കൗൺസിലർമാർ പരസ്യനികുതി ഫീസ് പിരിവ് കുത്തക ലേലം നടത്തുവാനുള്ള നടപടികളിൽ നിന്ന് പിന്മാറണമെന്നും വൻ അഴിമതിയ്ക്ക് സാഹചര്യമൊരുക്കുന്ന ഈ ലേലം യാതൊരു കാരണവശാലും അനുവദിക്കരുതെന്നും ടി പിരിവ് നഗരസഭ നേരിട്ട് നടത്തണമെന്നും കാണിച്ച് ചെയർപേഴ്സണ് കത്ത് നൽകിയിരുന്നു. തുടർന്ന് 27.02.2016 -ലെ 21 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2016-17 -ലെ പരസ്യനികുതി ലേലം ചെയ്യുന്നത് ഒഴിവാക്കി റവന്യൂ വിഭാഗത്തെക്കൊണ്ട് നേരിട്ട് ഫീസ് പിരിവ് നടത്താൻ കൗൺസിൽ അനുമതി നൽകി.

അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുവാനും പരസ്യനികുതി ഫീസ് പിരിവ് ആരംഭിക്കാനും റവന്യൂ ഇൻസ്പെക്ടർ, ഹെൽത്ത് സെക്ഷൻ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർക്ക് 18.03.2016 -ൽ സൂചന (1) പ്രകാരം സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. സൂചന (2) ഫയൽ പരിശോധിച്ചതിൽ സെക്രട്ടറി പല പ്രാവശ്യം ഉത്തരവുകൾ ഇറക്കിയിട്ടും പരസ്യനികുതി ഇനത്തിൽ വരവുണ്ടാക്കാൻ റവന്യൂ വിഭാഗത്തിന് കഴിഞ്ഞില്ല എന്നു കാണുന്നു. 20.06.2016 -ലാണ് ടി ഫീസ് പിരിവിനായി റവന്യൂ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയത്. നികുതി പിരിവിന് റവന്യൂ വിഭാഗത്തിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി ഫയൽ പരിശോധനയിൽ വ്യക്തമാണ്. ഉദാഹരണത്തിന് അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുന്നത് പോലുള്ള കാര്യങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം ആവശ്യമാണ്. എന്നാൽ അത് ലഭ്യമാക്കിയിട്ടില്ല.

2015-16 വർഷത്തെ തുകയേക്കാൾ 8 % കൂടുതലായ 6 ½ ലക്ഷം രൂപയുടെ ഒരു ഓഫർ 23.05.2016 -ൽ നിഷാന്ത്.ജി.തരകൻ എന്ന വ്യക്തി സമർപ്പിച്ചിരുന്നു. എന്നാൽ ടി ഓഫർ തൃപ്തികരമല്ലെന്നും കൂടുതൽ നല്ല ഓഫറിന് ശ്രമിക്കാനും ചെയർപേഴ്സൺ നിർദ്ദേശിച്ചു. ചെയർപേഴ്സണുമായി നെഗോഷിയേറ്റ് ചെയ്തുപ്രകാരം മേൽ വ്യക്തി 19.07.2016 -ൽ 7 ലക്ഷം രൂപയ്ക്ക് കരാർ ഏറ്റെടുക്കാൻ സമ്മതിച്ചിരുന്നു. എന്നാൽ നഗരസഭ 21.07.2016 -ൽ കൗൺസിലിൽ വെച്ചെങ്കിലും മേൽ തീരുമാനങ്ങളൊന്നും എടുത്തതായി ഫയലിൽ കാണുന്നില്ല. പിന്നീട് വ്യക്തിപരമായ കാരണങ്ങളാൽ 23.08.2016 -ൽ ടി വ്യക്തി ഓഫറിൽ നിന്നും പിന്മാറിയതായാണ് കാണുന്നത്. ആദ്യ അർദ്ധവർഷം അവസാനിച്ചിട്ടും പരസ്യനികുതി ഫീസ് പിരിവ് നടത്താൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല.

നഗരസഭയ്ക്ക് നേരിട്ട് പിരിവ് നടത്താൻ കഴിയാത്ത ഈ സാഹചര്യത്തിൽ മുൻ വർഷത്തെ കരാറുകാരനായ ശ്രീ അനൂപ്, സർവ്വീസ് ടാക്സ്, ഇൻകം ടാക്സ് എന്നിവ ഉൾപ്പെടെ 5,10,000/- രൂപയ്ക്ക് പരസ്യനികുതി പിരിവ് കുത്തക ഏറ്റെടുക്കാൻ സന്നദ്ധത അറിയിക്കുകയും ലേല നടപടികൾ ഒന്നും തന്നെ സ്വീകരിക്കാതെ 19.10.2016 -ലെ കൗൺസിൽ തീരുമാനം 18 പ്രകാരം ടിയാന്റെ ഓഫർ അംഗീകരിച്ചു നൽകുകയുമാണ് ചെയ്തിട്ടുള്ളത്. സർവ്വീസ് ടാക്സ്, ഇൻകം ടാക്സ് എന്നിവ കുറച്ചാൽ 434043 രൂപ മാത്രമാണ് 2016-17 -ൽ ഈ ഇനത്തിൽ നഗരസഭയുടെ വരുമാനം.

മുൻ വർഷങ്ങളിലെ നഗരസഭയുടെ പരസ്യനികുതി പിരിവ് വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പരസ്യനികുതി പിരിവ് |
|---|---|
| 2013-14 | 355000 |
| 2014-15 | 377500 |
| 2015-16 | 600000 |
| 2016-17 | 476043 |

ലേല നടപടികളിലൂടെയാണ് മുൻവർഷങ്ങളിൽ പരസ്യനികുതി ഈടാക്കിയിരുന്നത്. മേൽപട്ടികയിൽ നിന്നും ഈ ഇനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 20.66 % കുറവുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാണ്. പരസ്യനികുതിയായി 7 ലക്ഷം രൂപയുടെ ഓഫറുണ്ടായിട്ടും കൗൺസിൽ തീരുമാനമെടുക്കാൻ വൈകിയതിനാൽ ടി ഓഫർ നഷ്ടപ്പെടുകയും തുടർന്ന് 5.10 ലക്ഷം രൂപ എന്ന കുറഞ്ഞ ഓഫറിൽ മുൻകാരാറുകാരന് കുത്തകാവകാശം നൽകേണ്ടിവരികയുമാണുണ്ടായത് . പരസ്യനികുതി പിരിക്കുന്നത് പോലുള്ള പ്രവൃത്തികൾ നഗരസഭ നേരിട്ട് നടത്താൻ കൗൺസിൽ തീരുമാനിക്കുമ്പോൾ ബന്ധപ്പെട്ട റവന്യൂ, എഞ്ചിനീറിംഗ് തുടങ്ങിയ വകുപ്പ് മേധാവികളുമായി കൂടിയാലോചന നടത്തി പ്രായോഗിക ബുദ്ധിമുട്ടുകളും തടസ്സങ്ങളും മറികടക്കുന്നതിന് വേണ്ട സംവിധാനം ഒരുക്കണമായിരുന്നു. ഇപ്രകാരം വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ തീരുമാനമെടുത്തത് മൂലം നഗരസഭാ ഫണ്ടിൽ തൻവർഷം ഗണ്യമായ വരുമാനക്കുറവുണ്ടായിട്ടുണ്ട്. മെട്രോ നഗരമായി മാറിയ ആലുവയിൽ പരസ്യനികുതി ഇനത്തിൽ സംഭവിച്ച ഈ നഷ്ടം ഗൗരവപൂർവ്വം കാണേണ്ടതും കൗൺസിലിന്റെ സത്വര ശ്രദ്ധ പതിയേണ്ടതുമാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ വരുമാനവർദ്ധനവിനുള്ള ഇത്തരം അവസരങ്ങൾ നഗരസഭയുടെ അശ്രദ്ധ മൂലം നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് 07.09.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 34 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല .

## 2-6 നഗരസഭാ മാർക്കറ്റിൽ ഐസ് ഫീസ് പിരിവ് നടന്നില്ല – വരുമാന നഷ്ടം

ഫയൽ നമ്പർ R5-1/16

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഐസ് ഫീസ് പിരിവ് ലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ല. പിന്നീട് 16.06.2016 -ൽ ശ്രീ. ജെയ്സൺ.വി.പോൾ എന്ന വ്യക്തി 40,000 രൂപയ്ക്ക് ടി പിരിവ് കുത്തക ഏറ്റെടുക്കാൻ തയ്യാറാണെന്ന് ഓഫർ വെക്കുകയും 21.06.2016 -ലെ 16 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ടി ഓഫർ നഗരസഭ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 02.07.2016 -ൽ ടിയാന് നോട്ടീസ് അയച്ച് 7 ദിവസത്തിനകം ലേലവ്യവസ്ഥപ്രകാരമുള്ള തുക ഒടുക്കാനും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം കരാർ ചമക്കാനും ആവശ്യപ്പെട്ടു.

അല്ലാത്തപക്ഷം കുത്തക ടിയാന് വേണ്ടെന്ന നിഗമനത്തിൽ അംഗീകാരം റദ്ദ് ചെയ്ത് മറ്റു നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ നിശ്ചിത തീയതിയ്ക്കകം ടിയാൻ തുക ഒടുക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തില്ല. ഐസ് വിൽപ്പനക്കാർ ഫീസ് തരാൻ തയ്യാറാകുന്നില്ലെന്നും മറ്റ് മാർക്കറ്റുകളിൽ ഐസിന് ഫീസ് ഈടാക്കുന്നില്ല എന്നും ആകയാൽ ഫീസ് ഈടാക്കാൻ സാധിക്കാത്തതുമൂലം പിന്മാറുകയാണെന്നും കാണിച്ച് 03.11.2016 -ൽ ഇയാൾ കത്തു നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ തുടർ നടപടികളിലേയ്ക്ക് കടക്കുകയോ മറ്റ് നല്ല ഓഫറുകൾക്ക് ശ്രമിക്കുകയോ ചെയ്തില്ല .

2012-13, 2013-14 വർഷങ്ങളിൽ 1.35 ലക്ഷം രൂപയും 2015-16 വർഷം 90,000/- രൂപയുമാണ് ഐസ് ഫീസ് പിരിവ് ലേലത്തിൽ പോയിട്ടുള്ളത് ( 2014-15 വർഷം ഐസ് ഫീസ് പിരിവ് ലേലം നടന്നിരുന്നില്ല). എന്നാൽ 2016-17 ൽ ടി ഇനത്തിൽ നഗരസഭയ്ക്ക് വരവൊന്നും ലഭിച്ചില്ല. ഐസ് ഫീസ് പിരിവ് നഗരസഭയ്ക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് 07.09.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 35 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല . വരും വർഷങ്ങളിൽ ഐസ് ഫീസ് പിരിച്ച് വരുമാനനഷ്ടം ഒഴിവാക്കേണ്ടതാണ്.

## 2-7 <u>തൊഴിൽ നികുതി പിരിവിൽ വൻകുറവ്</u>

ആലുവ നഗരസഭ പരിധിയിലെ സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആലുവ നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങളുടെയും വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി പിരിവിൽ വൻകുറവ് കാണുന്നു. വാർഷികകണക്ക് പ്രകാരം നികുതിയിനത്തിലെ ഡിമാന്റ് 45.89 ലക്ഷം രൂപയാണ്. എന്നാൽ പിരിച്ചെടുത്ത് 19.63 ലക്ഷം രൂപ മാത്രമാണ്. ആകെ ഡിമാന്റിന്റെ 42.8% തുക മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.
2. ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയതിന്റെ പൂർണ്ണവിവരങ്ങൾ ചേർത്ത് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. തന്മൂലം തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

3. 2016-17 -ൽ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ നഗരസഭയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയ രേഖകളിൽ ഇല്ല ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
4. വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽനികുതി നിർണ്ണയിക്കുന്നതിന് അർദ്ധവാർഷിക വിറ്റുവരവ് നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. വിറ്റുവരവ് റിട്ടേണുകൾ ഇല്ല.
5. തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

.

## 2-8 ദൃശ്യോത്സവം- അനധികൃത പണപിരിവ് - വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

ആലുവ മഹാശിവരാത്രിയോടനുബന്ധിച്ച് ഒരു മാസം നീണ്ടുനിൽക്കുന്ന വ്യാപാരമേള ആലുവ നഗരസഭയുടെ നേതൃത്വത്തിൽ വർഷങ്ങളായി സംഘടിപ്പിച്ചുവരുന്നു. ഈ വ്യാപാരമേളയുടെ വരവ് ചെലവുകൾ നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇത് ഓഡിറ്റിന് വിധേയവുമാണ്. ശിവരാത്രിയോടനുബന്ധിച്ച് 7 ദിവസം നീണ്ടുനിൽക്കുന്ന ദൃശ്യോത്സവം എന്ന ദൃശ്യ-ശ്രാവ്യ പരിപാടികൂടി വ്യാപാരമേളയുടെ ഭാഗമായി നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്. സാംസ്കാരിക സമ്മേളനങ്ങൾ, പ്രമുഖരായ വ്യക്തികളെ ആദരിക്കൽ, കലാപരിപാടികൾ എന്നിവയാണ് ഇതിന്റെ ഭാഗമായി നടത്തുന്നത്. രാഷ്ട്രീയ-സാമൂഹ്യ-കലാ-സാംസ്കാരിക പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗങ്ങൾ, സിനിമ,ടി.വി താരങ്ങളുടെ നേതൃത്വത്തിലുള്ള മെഗാ ഷോ, മ്യൂസിക്കൽ ഡാൻസ് പ്രോഗ്രാമുകൾ, നാടൻ കലാരൂപങ്ങൾ എന്നിവയെല്ലാം ദൃശ്യോത്സവത്തിൽ തുടർച്ചയായി 7 ദിവസവും സംഘടിപ്പിക്കുന്നു. വലിയ സാമ്പത്തിക ചെലവുള്ള ഈ പരിപാടിയുടെ ധനസമാഹരണം ഏത് രീതിയിലാണെന്ന് വ്യക്തമല്ല. നഗരസഭ സംഘടിപ്പിക്കുന്ന വ്യാപാരമേളയോടനുബന്ധിച്ചാണെങ്കിലും ദൃശ്യോത്സവം പരിപാടിയുടെ വരവ് ചെലവ് വിവരങ്ങൾ നഗരസഭ കണക്കിൽ ഉൾപ്പെടുത്തുകയോ ഓഡിറ്റിന് സമർപ്പിക്കുകയോ ചെയ്യുന്നില്ല. ദൃശ്യോത്സവം പരിപാടിയുടെ സംഘാടകർ ആലുവ നഗരസഭയാണെന്ന് ക്ഷണക്കത്തിൽ നിന്നും വ്യക്തമണ്. ക്ഷണക്കത്തിന്റെ ആമുഖത്തിൽ "സംഘാടകർ - ആലുവ നഗരസഭ" യെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നോട്ടീസിലെ ക്ഷണക്കത്തിൽ ചെയർപേഴ്സൺ, കൗൺസിൽ അംഗങ്ങൾ, സെക്രട്ടറി, ജീവനക്കാർ എന്നിവർ

ചേർന്നാണ് ക്ഷണം നടത്തിയിരിക്കുന്നത്. കൂടാതെ വിവിധ മാധ്യമങ്ങളിൽ, ഇതു സംബന്ധിച്ച് വന്ന വാർത്തകളും പ്രസ്തുത പരിപാടിയുടെ സംഘാടകർ ആലുവ നഗരസഭയാണെന്ന് വ്യക്തമാക്കുന്നു. നഗരസഭയാണ് ദൃശ്യോത്സവം സംഘടിപ്പിക്കുന്നത് എന്നും, നഗരസഭയിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് സംഘാടകരെന്നും നടത്തിപ്പിനായി 5 സബ് കമ്മിറ്റികളെ തെരഞ്ഞെടുത്തിട്ടുണ്ട് എന്നും വാർത്തകളിൽ കാണുന്നു. വൻകിടക്കാരായ സ്പോൺസർമാരെക്കൊണ്ട് ചെലവുകൾ പൂർണ്ണമായും വഹിപ്പിക്കാറുണ്ടെന്നും അന്യായ പിരിവും വ്യാപകമായ അഴിമതിയും നടക്കുന്നതായും ഈ പരിപാടിയുടെ വരവ്-ചെലവ് കണക്ക് ഒരിടത്തും അവതിരിപ്പിക്കുന്നില്ലായെന്ന ആക്ഷേപവും മാധ്യമങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ദൃശ്യോത്സവത്തിന്റെ സംഘാടകർ നഗരസഭയാണെന്ന് വ്യക്തമാക്കുന്ന തീരുമാനങ്ങൾ കൗൺസിൽ,സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗങ്ങളിൽ എടുത്തിട്ടുള്ളതായി മിനിറ്റ്സുകൾ പരിശോധിച്ചതിൽനിന്നും ബോധ്യമായി. ഈ സാഹചര്യത്തിൽ പ്രസ്തുത കാര്യങ്ങളുടെ നിജസ്ഥിതി അറിയുന്നതിന് ദൃശ്യോത്സവത്തിന്റെ സംഘാടനം, ധനസമാഹരണം, തറവാടക, ഫീസ് വരവ്, ചെലവ് നിർവ്വഹണം, അക്കൗണ്ടിങ്ങ്, ഉദ്യോഗസ്ഥപങ്കാളിത്തം, സ്വകാര്യപങ്കാളിത്തം, തുടങ്ങിയകാര്യങ്ങളെക്കുറിച്ച് വിശദീകരണം ആവശ്യപ്പെട്ടിരുന്നു കെ.എസ്.എ.-എ.വി.എം.(എം.2)133/17 തീയതി 17.05.2017 & 06.07.2017 . വിദ്യഭ്യാസ കലാ കായിക സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ യോഗം ദൃശ്യോത്സവം സംബന്ധിച്ച് യാതൊരു തീരുമാനവും കൈക്കൊണ്ടിരുന്നില്ലായെന്നും ഇത് സംബന്ധിച്ച് മറ്റൊരു വിവരവും നഗരസഭയിൽ ലഭ്യമല്ലായെന്നുമുള്ള ഒറ്റവരി മറുപടിയാണ് ഇക്കാര്യത്തിൽ നഗരസഭ സെക്രട്ടറി നൽകിയത്. എന്നാൽ മേൽ പരിപാടിയ്ക്ക് ആലുവ നഗരസഭയുമായി പ്രത്യക്ഷത്തിൽ ബന്ധമുള്ളതായി താഴെ ചേർക്കുന്ന കൗൺസിൽ, സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

1. 2011 ഫെബ്രുവരി-25, 2012 ജനുവരി-30 എന്നീ തീയതികളിലെ വിദ്യാഭ്യാസ കലാ കായിക സ്റ്റാന്റിംഗ് കമ്മിറ്റി ദൃശ്യോത്സവത്തിന്റെ പ്രവൃത്തികൾ അടിയന്തിര പ്രാധാന്യത്തോടെ ചെയ്ത് തീർക്കുന്നതിന് തീരുമാനിച്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുങ്ങിയത് 2011 മുതൽ ദൃശ്യോത്സവം നടന്നുവരുന്നതായി ഇതിൽനിന്നും മനസ്സിലാക്കാം.
2. 18.01.2016 -ലെ വിദ്യാഭ്യാസ കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റിയിൽ "ദൃശ്യോത്സവം - 16" എന്ന തലക്കെട്ടിൽ ചെയ്ത് തീർക്കേണ്ട വിവിധ കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്. പ്രോഗ്രാം

നടത്തിപ്പിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നതിന് കൗൺസിലർ ശ്രീ. ശ്യാം പത്മനാഭനെ ചുമതലപ്പെടുത്താൻ കമ്മിറ്റി തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.

3. 21.06.2016 -ലെ നഗരസഭ കൗൺസിൽ മിനുട്സിൽ ദൃശ്യോത്സവം നടത്തിപ്പിൽ 87,000/- രൂപ മിച്ചം ഉള്ളതായി കൗൺസിലർ ശ്രീമതി. ലോലിത ശിവദാസൻ കൗൺസിലിനെ അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.
4. 21.10.2016 -ലെ വിദ്യഭ്യാസ കലാ കായിക സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ ദൃശ്യോത്സവത്തിന്റെ ബാലൻസ് തുക 79,000/- രൂപ എന്ത് ചെയ്യു എന്ന് കൗൺസിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടതായി കാണുന്നു.
5. 04.02.2017, 10.02.2017 എന്നീ ദിവസങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ദൃശ്യോത്സവം 2017 ന്റെ മുന്നൊരുക്കങ്ങൾ തീരുമാനിക്കുന്നതിന് യോഗം ചേരുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നു.

മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിക്കുമ്പോൾ നഗരസഭ നേരിട്ട് തന്നെയാണ് ദൃശ്യോത്സവം സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാണ്. ദൃശ്യോത്സവം നടത്തിപ്പിൽ 87,000.00 രൂപ മിച്ചമുണ്ടെന്ന നഗരസഭ കൗൺസിലറുടെ പ്രസ്താവന ഇതിന്റെ പേരിൽ പണമിടപാട് നടന്നുവെന്നതിന്റെ വ്യക്തമായ തെളിവാണ്. വിവിധ രജിസ്റ്ററുകളിൽ നിന്നും ലഭ്യമായ മേല്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി 37/2016-17) മറുപടിയിൽ ദൃശ്യോത്സവം പരിപാടി പൂർണ്ണമായും ദി ഫെഡറൽ ബാങ്ക്, ആലുവയുടെ സ്പോൺസേഡ് പരിപാടിയാണെന്നും ഈ പരിപാടിയുടെ ഏകോപനം മാത്രമാണ് വിദ്യഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹിക്കുന്നതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ ഈ പരിപാടി ദി ഫെഡറൽ ബാങ്ക്, ആലുവ സ്പോൺസർ ചെയ്തതാണെന്ന് ബന്ധപ്പെട്ട രേഖകളിലെങ്ങും പരാമർശിച്ചിട്ടില്ല. സ്റ്റാന്റിങ്ങ് കൗൺസിൽ, കമ്മിറ്റി മിനിറ്റ്സുകളിൽ ഒരിടത്തും ഇത്തരം ഒരു സ്പോൺസർഷിപ്പിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടില്ല. രാഷ്ട്രീയ-സാമൂഹ്യ-കലാ-സാംസ്കാരിക പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗങ്ങൾ, പ്രമുഖരായ വ്യക്തികളെ ആദരിക്കൽ, സുവനീയർ തയ്യാറാക്കൽ, സിനിമ, ടി.വി താരങ്ങളെ പങ്കെടുപ്പിക്കൽ, മ്യൂസിക്കൽ ഡാൻസ് പ്രോഗ്രാമുകൾ, നാടൻ കലാരൂപങ്ങൾ എന്നിവയെല്ലാം സംഘടിപ്പിക്കുന്നത് വിദ്യഭ്യാസ കലാ

കായിക സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിലാണെന്നാണ് 18.01.2016ലെ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വലിയ സാമ്പത്തിക ചെലവുള്ള പരിപാടിയുടെ ധനസമാഹരണവും ചെലവ് നിർവ്വഹണവും സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹിച്ചതായാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. 21.10.2016 -ലെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ദൃശ്യോത്സവം നടത്തിയതിന്റെ "ബാലൻസ്" തുക 79,000/- രൂപ എന്ത് ചെയ്തു എന്ന് കൗൺസിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 21.06.2016 -ലെ നഗരസഭ കൗൺസിൽ മിനുട്സിൽ ദൃശ്യോത്സവം നടത്തിപ്പിൽ 87,000/- രൂപ "മിച്ചം" ഉള്ളതായി കൗൺസിലിനെ അറിയിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. സ്പോൺസർമാർ നേരിട്ട് പരിപാടികൾ സംഘടിപ്പിക്കുകയോ ചെലവ് നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലന്നും സ്പോൺസർമാരിൽ നിന്നും പണം സ്വീകരിച്ച് നഗരസഭ ചെലവ് നിർവ്വഹിച്ചിരിക്കുന്നതായാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ദി ഫെഡറൽ ബാങ്ക്, ആലുവയിൽ നിന്ന് മാത്രമാണോ സ്പോൺസർഷിപ്പ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമല്ല.

പൊതുജനങ്ങളിൽനിന്നും സർക്കാരേതര സ്ഥാപനങ്ങളിൽനിന്നും പണമായി പിരിക്കുന്ന സംഭാവനകളും അംശാദായവും മുനിസിപ്പൽ ഫണ്ടാണെന്ന് 1994ലെ മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 283(2)(ഇ) യിൽ വിശദമാക്കിയിട്ടുണ്ട്. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം മെമ്പറോ ഓഫീസറോ ഉദ്യോഗസ്ഥനോ നഗരസഭയിലെ ഔദ്യോഗിക പദവി ഉപയോഗിച്ച് നടത്തുന്ന എല്ലാ പണം ഇടപാടുകളും അക്കൗണ്ട് ചെയ്യപ്പെടേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആലുവ നഗരസഭയുടെ പേരിൽ ഔദ്യോഗിക പദവി ഉപയോഗിച്ച് സ്വരൂപിച്ച വരവുകളും ഇതിൽനിന്നുള്ള ചെലവുകളും അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതും ഓഡിറ്റിന് സമർപ്പിക്കാതിരിക്കുന്നതും ഗുരുതരമായ നിയമലംഘനവും വീഴ്ചയുമാണ്. പണം ഇടപാടുകൾ അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതിലൂടെ പണാപഹരണവും പണദുർവ്യയവും നടക്കുന്നതിനുള്ള സാധ്യതയും കൂടുതലാണ്. ദൃശ്യോത്സവത്തിന്റെ ഭാഗമായി നടത്തിയിട്ടുള്ള പണപിരിവും ചെലവുകളും 2007 -ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം അക്കൗണ്ട് ചെയ്യപ്പെടേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

**2-9** <u>ഇ-ടെണ്ടർ - ടെണ്ടർ ഫീ **₹1,10,805/-** നഗരസഭാ ഫണ്ടിലേക്ക് മാറ്റിയിട്ടില്ല</u>

<u>ഫയൽ നമ്പർ - 3727/14 Vol - II</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ – ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺലൈനായി ഇ.എം.ഡി, ടെന്റർ ഫീ എന്നിവ സ്വീകരിക്കുന്നതിലേക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് 28.09.2013 ലെ ജി.ഒ.(എം.എസ്) 318/13/ത.സ്വ.ഭ.വ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം ആലുവ നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ SBT ആലുവ ബ്രാഞ്ചിൽ അക്കൗണ്ട് ആരംഭിച്ചിരുന്നു. ഈ അക്കൗണ്ടിൽ (A/c No. 67278795208) 31.03.2017 തീയതിയിൽ 1,10,805.00 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക മുനിസിപ്പൽ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ടെണ്ടർ ഫീ നഗരസഭയുടെ തനത് വരുമാനമാണെന്നിരിക്കെ തുക നഗരസഭ ഫണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## **2-10** വനിതാ സാനിറ്ററി കോംപ്ലക്സിനു വേണ്ടി ശുചിത്വ മിഷൻ അനുവദിച്ച **6.25** ലക്ഷം രൂപ **7** വർഷമായി ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു

ഫയൽ നം : E1 -5226/14

മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ശുചിത്വമിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വർഷം തോറും നല്ലൊരു തുക ചെലവഴിയ്ക്കുന്നുണ്ട് . ടി ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കേണ്ടത് ഓരോ സ്ഥാപനത്തിന്റെയും കർത്തവ്യമാണ് . ആലുവ നഗരസഭാ പരിധിയിൽ ഒരു വനിതാ സാനിറ്ററി കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 09.04.2010 ൽ ശുചിത്വമിഷന്റെ 2009-10 പ്ലാൻ ഫണ്ടിൽ നിന്നും 6.25 ലക്ഷം രൂപ ആലുവ നഗരസഭയ്ക്ക് അനുവദിച്ചിരുന്നു.(ഡി.ഡി നം:072910,തീയതി:9/4/2010) . രസീത് നം: 11001400010, തീയതി:29/04/2010 പ്രകാരം ടി തുക നഗരസഭാ ഫണ്ടിൽ വരവ് വെച്ചിട്ടുള്ളതുമാണ്. E1-576/2010 നമ്പർ ഫയലിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ ആരംഭിച്ചു .

പക്ഷേ ഇതിനായി നഗരസഭ ഉദ്ദേശിച്ചിരുന്ന സ്ഥലമായ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ വനിതാ വികസന കോർപ്പറേഷൻ വക വിശ്രമ സമുച്ചയം നിർമ്മിച്ചുകൊണ്ടിരുന്നതിനാലും നഗരസഭയുടെതന്നെ ഒരു കംഫർട്ട് സ്റ്റേഷൻ നിലവിൽ അവിടെ പ്രവർത്തിച്ചു കൊണ്ടിരുന്നതിനാലും ആ ശ്രമം ഉപേക്ഷിച്ചു. സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് 11.01.2011 -ലെ 18- ാം നം. കൗൺസിൽ തീരുമാനപ്രകാരം ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി.ടി കമ്മിറ്റി 16.11.2012 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഇതിനുള്ള നിർദ്ദേശം നൽകിയെങ്കിലും പിന്നീട് നടപടികളൊന്നും ഉണ്ടായില്ല.

തുക അനുവദിച്ച് 6 വർഷമായിട്ടും പദ്ധതി നടപ്പിലാക്കാത്തതിനെത്തുടർന്ന് 6.25 ലക്ഷം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് ശുചിത്വമിഷന്റെ കത്ത് 13.5.2016 ൽ ലഭിച്ചപ്പോഴാണ് കൗൺസിൽ ഈ വിഷയം വീണ്ടും പരിഗണിച്ചത്. തുടർന്ന് 22.07.2016 -ലെ 16-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പുതിയ സ്ഥലം കണ്ടെത്താൻ വീണ്ടും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി . ടി കമ്മിറ്റിയുടെ 06.10.2016 ലെ 1- ാം നം. തീരുമാനപ്രകാരം നഗരസഭാ പാർക്കിൽ ടി കോംപ്ലക്സ് പണിയാനുള്ള നിർദ്ദേശമുണ്ടായി. 16.01.2017 ലെ 13 -ാം നം. തീരുമാനപ്രകാരം കൗൺസിൽ അനുമതി നൽകുകയും എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസി.എഞ്ചിനീയർ 21.01.2017 ൽ ഓവർസിയറെ ചുമതലപ്പെടുത്തുകയും ചെയ്തു . എന്നാൽ ഇതിന്മേൽ തുടർനടപടികളെടുത്തതായി ഫയലിൽ കാണുന്നില്ല .

ഫണ്ട് അനുവദിച്ച് വർഷങ്ങളായിട്ടും പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലെന്നും ആയത് സമർപ്പിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണെന്നും കാണിച്ച് 22.9.2016 ,03.10.2016 എന്നീ തീയതികളിൽ സംസ്ഥാന ശുചിത്വമിഷനിൽ നിന്നുമുള്ള നോട്ടീസ് നഗരസഭയിൽ ലഭിച്ചിട്ടുള്ളതാണ് . ടി പദ്ധതി വൈകാതെ നടപ്പിലാക്കിയില്ലെങ്കിൽ 6.25 ലക്ഷം രൂപയുടെ, വനിതകൾക്ക് വളരെയേറെ ഉപകാരപ്രദമാകുന്ന ഒരു പദ്ധതി നഗരസഭയ്ക്ക് നഷ്ടമാകാൻ ഇടയുണ്ട് . തുക ലഭിച്ച് 7 വർഷമായിട്ടും ഇതിനായി സ്ഥലം ലഭ്യമാക്കാനും പണി തുടങ്ങാനും കഴിയാത്തതിന് വിശദീകരണം ആരാഞ്ഞ് 22.07.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 24/2016-17 ന് നഗരസഭ മറുപടി നൽകിയിട്ടില്ല. ബന്ധപ്പെട്ട അധികാരികൾ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ് .

**2-11** <u>ദുരിതാശ്വാസനിധി നിർജ്ജീവം- പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുന്നില്ല.</u>

സ.ഉ. (അ) നം. 92/2003/എൽ.എ.ഡി., തീയതി 18.03.2003 പ്രകാരമാണ് 2003 -ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നത്. പ്രസ്തുത ചട്ട പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭയ്ക്കും നഗരസഭാ കൗൺസിലിന്റെ ഒരു പ്രമേയം മൂലം നഗരസഭാ ഫണ്ടിൽ പ്രത്യേകം വരവുവച്ച് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് അതത് സംഗതിപോലെ ചെയർമാന്റെ

അല്ലെങ്കിൽ മേയറുടെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ആലുവ നഗരസഭയിൽ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ ആലുവ ശാഖയിൽ അക്കൗണ്ട് തുറന്നിട്ടുണ്ട് (A/c No. 281/122). ഈ അക്കൗണ്ടിൽ 24.07.2007 മുതൽ 12,000/- രൂപ നീക്കിയിരിപ്പുണ്ട്. പിന്നീട് ഈ അക്കൗണ്ടിലേക്ക് തുകയൊന്നും നിക്ഷേപമില്ല. ഇത് കറണ്ട് അക്കൗണ്ടായതിനാൽ പലിശയിനത്തിൽ തുകയൊന്നും ലഭിക്കുന്നില്ല. (ഈ അക്കൗണ്ട് SB അക്കൗണ്ടായിരുന്നെങ്കിൽ Balance തുകയ്ക്ക് പലിശ ലഭിക്കുമായിരുന്നു) ആയതിനാൽ സാമ്പത്തികവർഷാവസാനവും അതേ തുക തന്നെയാണ് നീക്കിയിരുപ്പ്. തൻവർഷവും ചെലവൊന്നും നടന്നിട്ടില്ല.

ദുരിതാശ്വാസ നിധി ചട്ടം 3(2) പ്രകാരം ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.

ചട്ടം 4 പ്രകാരം ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷപ്രകാരം അതാത് നഗരസഭാ പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് നഗരസഭാ കൗൺസിൽ തീരുമാനിക്കുന്ന തുക ധനസഹായം നൽകാവുന്നതാണ്.

ചട്ടം 3(2) , 4 എന്നിവ പ്രകാരം ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി ആയത് വിനിയോഗിച്ച് ജനങ്ങൾക്ക് പരമാവധി സേവനം ലഭ്യമാക്കുവാൻ നഗരസഭാധികൃതർ ശ്രമിച്ചിട്ടില്ല. ആലുവ നഗരസഭ ഒരു വ്യാവസായിക നഗരമാണെങ്കിലും വളരെയധികം ദരിദ്രജനവിഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ്. ഇവരിൽ അർഹരായവർക്ക് ചെറിയതോതിലെങ്കിലും ആശ്വാസമേകുവാൻ ദുരിതാശ്വാസനിധിയുടെ പ്രവർത്തനം സജീവമാക്കുന്നതിലൂടെ സാധിക്കും. ആലുവ നഗരസഭാ പ്രദേശത്തുള്ള ജനങ്ങൾക്ക് ഈ ദുരിതാശ്വാസനിധിയെക്കുറിച്ച് വ്യക്തമായ അറിവില്ലാത്തതുകാരണമായിരിക്കാം ഇതിലേക്കാവശ്യമായ സംഭാവനകളും ധനസഹായത്തിനുള്ള അപേക്ഷകളും ലഭിക്കാത്തത്. ആയതിനാൽ ഈ ദുരിതാശ്വാസനിധിയെക്കുറിച്ച് ആവശ്യമായ പ്രചാരം നൽകേണ്ടതും ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനുള്ള സജീവ പ്രവർത്തനം നടത്തേണ്ടതുമാണ്.

**2-12** ആസ്തി ഏറ്റെടുക്കലിലൂടെ ലഭിച്ച നഷ്ടപരിഹാര തുക തനത് വരുമാനമായി കണക്കാക്കുന്നു

മെട്രോ നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും നഷ്ടപരിഹാരമായി 2016-17 സാമ്പത്തിക വർഷത്തിൽ 34,12,635.00 രൂപ നഗരസഭയിൽ വരവുണ്ട്. ഈ തുക തനത് വരുമാനമായാണ് നഗരസഭ കണക്കാക്കിയത്. വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പെയ്മന്റ് അക്കൗണ്ടിലെ RP 5 – Sale & Hire Charge ഷെഡ്യൂളിൽ 150300100 ഹെഡിൽ Miscellaneous sale വരവായാണ് ഇത് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഈ തുക തനത് വരുമാനത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ശമ്പളം, അലവൻസ് മുതലായ ചെലവുകൾക്കാണ് വിനിയോഗിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. നഗരസഭക്ക് വാടകവരുമാനം ലഭ്യമാക്കിയിരുന്ന ഒരു ആസ്തി നഷ്ടപ്പെട്ടതിന് പരിഹാരമായി ലഭിച്ച തുക മറ്റൊരു ആസ്തി നിർമ്മാണത്തിനായി വിനിയോഗിച്ച് മൂലധന നിക്ഷേപമാക്കിമാറ്റേണ്ടതായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ മേല്പറഞ്ഞ വീഴ്ചയുണ്ടായിരുന്നതും ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരുന്നതുമാണെങ്കിലും അപാകത ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഡി.എ. കുടിശ്ശിക **80%, 86%, 92%- ₹ 1.78** ലക്ഷം രൂപ അധികം പിൻവലിച്ചു. **₹12,13,809/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

.

സർക്കാർ ജീവനക്കാരുടെ ഡി.എ. 80%, 86%, 92% എന്ന തോതിൽ വർദ്ധിപ്പിച്ചതിന്റെ കുടിശ്ശിക 13.93 ലക്ഷം രൂപ വൗച്ചർ നമ്പർ 45-4/16 തുക 1392500 പ്രകാരം പിൻവലിച്ചിട്ടുണ്ട്. നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പ്രസ്തുത ഡി.എ. കുടിശ്ശിക തിട്ടപ്പെടുത്തിക്കൊണ്ടുള്ള Due-Drawn- Balance പത്രിക പരിശോധിച്ചതിൽ നിന്നും ജീവനക്കാർക്ക് അവകാശപ്പെട്ടതിൽ കൂടുതൽ തുക നഗരസഭ ഫണ്ടിൽ നിന്നും പിൻവലിച്ച് അവരുടെ പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കുകയോ പണമായി വിതരണം ചെയ്യുകയോ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

07.03.2015 -ലെ സ.ഉ.(പി) 221/14/ഫിൻ ഉത്തരവ് പ്രകാരം 01.07.2014 മുതൽ 02/15 വരെ ഡി.എ. 80% വർദ്ധിപ്പിച്ച് കുടിശ്ശിക പി.എഫ് -ൽ ലയിപ്പിക്കണം. 07.08.2015 -ലെ സ.ഉ.(പി) 335/2015/ഫിൻ ഉത്തരവ് പ്രകാരം 01/15 മുതൽ 07/15 വരെ ഡി.എ. 86% വർദ്ധിപ്പിച്ച് കുടിശ്ശിക പി.എഫ് -ൽ ലയിപ്പിക്കണം. 18.11.2015 -ലെ സ.ഉ.(പി) 525/2015/ഫിൻ ഉത്തരവ് പ്രകാരം

07/15 മുതൽ ഡി.എ. 92% വർദ്ധിപ്പിച്ച് കുടിശ്ശിക പി.എഫ് -ൽ ലയിപ്പിക്കണം. മുകളിൽ കാണിച്ച ആദ്യ ഉത്തരവ് പ്രകാരം 07/2014 മുതൽ 02/15 വരെ 80% ഡി.എ. കുടിശ്ശിക തിട്ടപ്പെടുത്തിയിട്ടുള്ളത് 511314 രൂപയാണ്. ( 420982 രൂപ പി.എഫ്- ൽ + 90332 രൂപ പണം) തുടർന്ന് 01/15 മുതൽ 07/15 വരെ 86% ഡി.എ. കുടിശ്ശിക തിട്ടപ്പെടുത്തിയപ്പോൾ 01/15, 02/15 മാസങ്ങളിലെ Drawn തുക 80% കാണിക്കേണ്ടതിന് പകരം പഴയ നിരക്കായ 73% ആണ് കാണിച്ചത്. മുകളിൽ കാണിച്ച 3 -ാമത്തെ ഉത്തരവ് പ്രകാരം 07/15 മുതൽ 11/15 വരെയുള്ള 92% ഡി.എ. കുടിശ്ശിക കണക്കാക്കിയപ്പോൾ 07/15 -ലെ Drawn തുക 86% കാണിക്കേണ്ടതിന് പകരം 80% ആണ് കാണിച്ചത്. ഇപ്രകാരം അധികമായി ആകെ 178706 രൂപ നഗരസഭ ഫണ്ടിൽ നിന്നും പിൻവലിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. (വിശദാംശങ്ങൾ പ്രത്യേക പത്രികയായി ഉൾക്കൊള്ളിച്ചിട്ടുണ്ട്).

1392520 രൂപയാണ് ആകെ പിൻവലിച്ച തുക ഇതിൽ 195589 രൂപ പണമായി പിൻവലിച്ച് നൽകിയിട്ടുള്ള തുകയാണ് അവശേഷിക്കുന്ന 1196931 രൂപ ചെക്ക് നമ്പർ 032269 തീയതി 11.04.2016 പ്രകാരമാണ് പിൻവലിച്ചിട്ടുള്ളത്. ഈ തുക അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. Due- Drawn- Balance പത്രിക പ്രകാരം കാണിച്ചിട്ടുള്ള തുകകൾ താഴെ കൊടുക്കുന്നു.

| ഡി.എ. നിരക്ക് | തുക |
|---|---|
| 80% | 417460 |
| 86% | 577254 |
| 92% | 331131 |
| ആകെ | 1325845 |

.

എന്നാൽ പിൻവലിച്ച തുക 1392520. അധിക തുകയാണ് പിൻവലിച്ചിട്ടുള്ളത് എന്ന് കാണുന്നു. Due- Drawn പത്രികയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഈ മാറ്റങ്ങൾ ക്രോഡീകരിച്ച് 1392520 രൂപ എന്ന വൗച്ചർ പ്രകാരമുള്ള തുകയിൽ എത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

മുകളിൽ കാണിച്ച 178706 രൂപ നഗരസഭക്കുണ്ടായ വ്യക്തമായ നഷ്ടമാണ്. ഈ തുക തിരിച്ച് പിടിച്ച് നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

ആകെ പിൻവലിച്ച 1392520/- രൂപയിൽ 178706 രൂപ തിരിച്ചീടാക്കേണ്ടതാണ് ബാക്കി തുക 12,13,809 രൂപ മുകളിൽ കാണിച്ച വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ തടസ്സപ്പെടുത്തുന്നു. 11.08.2017 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി 30/2016-17 -ന് മറുപടി ഹാജരാക്കിയില്ല.

.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **Name** | **Pay & month of claim** | **DA Due @ 80%** | **Drawn @ 73%** | **Amt Claimed** | **Due @ 86%** | **Drawn @ 80%** | **Amt Claimed** | **DA to be claimed (6-7)** | **Excess claimed (8-9)** | **Due @ 92%** | **Drawn @ 86%** | **Amt claimed** | **DA to be claimed 11-12** | **Excess claimed 13-14** | **Grand Total (9+13)** | **Amt, Chq.No, & Date** |
| എസ്. അനിൽകമാർ | 15380 01/15 | 12304 | 11227 | 1077 | 13227 | 12304 | 2000 | 923 | 1077 | | | | | | | 1196931 032269 11.04.2016 |
| | 15380 02/15 | 12304 | 11227 | 1077 | 13227 | 12304 | 2000 | 923 | 1077 | | | | | | | |
| | 15780 07/15 | | | | 13571 | 12624 | 947 | 947 | - | 14518 | 13571 | 1894 | 947 | 947 | | |
| ആകെ | | | | | | | | | **2154** | | | | | **947** | **3101** | |
| എൻ.എസ്. രവി | 14980 01/15 | 11984 | 10935 | 1049 | 12883 | 11984 | 1948 | 899 | 1049 | | | | | | | |
| | 02/15 | 11984 | 10935 | 1049 | 12883 | 11984 | 1948 | 899 | 1049 | | | | | | | |
| ആകെ | | | | | | | | | **2098** | | | | | | **2098** | |
| റ്റി.ആർ. ശിവപ്രസാദ് | 16180 01/15 | 12944 | 11811 | 1133 | 13915 | 12944 | 2104 | 971 | 1133 | | | | | | | |
| | 16580 02/15 | 13264 | 12103 | 1161 | 14259 | 13264 | 2156 | 995 | 1161 | | | | | | | |
| | 16580 07/15 | | | | 14259 | 13264 | 995 | 995 | - | 15254 | 14259 | 1990 | 995 | 995 | | |
| ആകെ | | | | | | | | | **2294** | | | | | **995** | **3289** | |
| രഞ്ജിമ നാരായണൻ | 10210 01/15 | 8168 | 7453 | 715 | 8781 | 8168 | 1328 | 613 | 715 | | | | | | | |
| | 10210 02/15 | 8168 | 7453 | 715 | 8781 | 8168 | 1328 | 613 | 715 | | | | | | | |
| | 10750 07/15 | | | | 9245 | 8600 | 645 | 645 | - | 9840 | 9245 | 1290 | 595 | 695 | 2075 | |
| ആകെ | | | | | | | | | **1430** | | | | | **695** | **2075** | |
| ഹഫ്സബീവി കെ.കെ. | 10210 01/15 | 8168 | 7453 | 715 | 8781 | 8168 | 1328 | 613 | 715 | | | | | | | |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 10210<br>02/15 | 8168 | 7453 | 715 | 8781 | 8168 | 1328 | 613 | 715 | | | | | | | |
| | 10480<br>07/15 | | | | 9013 | 8384 | 629 | 629 | - | 9642 | 9013 | 1258 | 629 | 629 | 2059 | |
| ആകെ | | | | | | | | | **1430** | | | | | **629** | **2059** | |
| ദിവ്യ.ബി.നായർ | 10210<br>01/15 | 8168 | 7454 | 715 | 8781 | 8168 | 1307 | 613 | 694 | | | | | | | |
| | 10210<br>02/15 | 8168 | 7454 | 715 | 8781 | 8168 | 1328 | 613 | 715 | | | | | | | |
| | 10210<br>07/15 | | | | 8781 | 8168 | 613 | 613 | - | 9393 | 8781 | 1225 | 612 | 613 | | |
| ആകെ | | | | | | | | | **1409** | | | | | **613** | **2022** | |
| സജിത കെ.എ. | 10210<br>01/15 | 8168 | 7453 | 715 | 8781 | 8168 | 1328 | 613 | 715 | | | | | | | |
| | 10210<br>02/15 | 8168 | 7453 | 715 | 8781 | 8168 | 1328 | 613 | 715 | | | | | | | |
| | 10210<br>07/15 | | | | 8781 | 8168 | 613 | 613 | - | 9393 | 8781 | 1225 | 612 | 613 | | |
| ആകെ | | | | | | | | | **1430** | | | | | **613** | **2043** | |
| മധു എം.ഇ. | 14260<br>01/15 | 11408 | 10410 | 966 | 12264 | 11408 | 1826 | 856 | 970 | | | | | | | |
| | 14260<br>02/15 | 11408 | 10410 | 998 | 12264 | 11408 | 1854 | 856 | 998 | | | | | | | |
| | 14620<br>07/15 | | | | 12573 | 11696 | 877 | 877 | - | 13450 | 12573 | 1754 | 877 | 877 | | |
| ആകെ | | | | | | | | | **1968** | | | | | **877** | **2845** | |
| റ്റി.ആർ. വർഗ്ഗീസ് | 16580+800(pp)<br>01/2015 | 13904 | 12687 | 1189 | 14947 | 13904 | 2260 | 1043 | 1217 | | | | | | | |
| | 16580+800<br>02/15 | 13904 | 12687 | 1189 | 14947 | 13904 | 2260 | 1043 | 1217 | | | | | | | |
| ആകെ | | | | | | | | | **2434** | | | | | | **2434** | |
| മൈക്കിൾ ഫിലിപ്പോസ് | 16580+400<br>01/15 | 13584 | 12395 | 1189 | 14603 | 13584 | 2208 | 1019 | 1189 | | | | | | | |
| | 16580+400<br>02/15 | 13584 | 12395 | 1189 | 14603 | 13584 | 2208 | 1019 | 1189 | | | | | | | |
| | 18300<br>07/15 | | | | 15738 | 14640 | 1098 | 1098 | - | 16836 | 15738 | 2196 | 1098 | 1098 | | |
| ആകെ | | | | | | | | | **2378** | | | | | **1098** | **3476** | |
| പി.എം. അരീഫ | 11020<br>01/15 | 8532 | 8045 | 771 | 9171 | 8532 | 1410 | 771 | 639 | | | | | | | |
| | 10665 | 8816 | 8045 | 771 | 9471 | 8816 | 1432 | 777 | 655 | | | | | | | |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 02/15 | | | | | | | | | | | | | | | |
| | 11320<br>07/15 | | | | 9735 | 9056 | 679 | 679 | - | 10414 | 9735 | 1358 | 679 | 679 | | |
| ആകെ | | | | | | | | | **1294** | | | | | **679** | **1973** | |
| എം.ഐ. സിദ്ധീഖ് | 11620<br>01/15 | 9296 | 8483 | 813 | 9993 | 9296 | 1510 | 697 | 813 | | | | | | | |
1997 -ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് ചട്ടങ്ങൾ പ്രകാരം നഗരസഭ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% വരുന്ന തുക നഗരസഭാ വിഹിതമായി അതത് മാസത്തെ ബില്ലിനൊപ്പം മാറേണ്ടതും ഇതിനായി രൂപീകരിച്ചിട്ടുള്ള കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. വിരമിക്കുന്ന കണ്ടിജന്റ് തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ഒരു ട്രഷറി അക്കൗണ്ട് (അക്കൗണ്ട് നം : TPA 186) നഗരസഭയിൽ നിലവിലുണ്ടെങ്കിലും മേൽ സൂചിപ്പിച്ച പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ടി ഫണ്ടിൽ നഗരസഭ നിക്ഷേപിക്കുന്നില്ല .ടി അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ട സമയത്ത് പ്രസ്തുത തുകകൾ തനത് അക്കൗണ്ടിൽ നിന്ന് മേൽ ട്രഷറി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് തുക അനുവദിക്കുന്നതായാണ് കാണുന്നത്.

ഇത് സംബന്ധിച്ച് 06.07.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 17/2016-17 ന് കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പ്രതിമാസ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നതെന്നും ആകയാൽ പെൻഷൻ വിഹിതം പ്രത്യേകമായി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നില്ലെന്നുമാണ് മറുപടി നൽകിയിരിയ്ക്കുന്നത് . നഗരസഭ പെൻഷൻ വിഹിതം കൃത്യമായി ഒടുക്കാത്തതിനാൽ വിരമിക്കുന്ന കണ്ടിജന്റ് ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും സാധിക്കുന്നില്ല . ഇത് ശരിയായ നടപടിയല്ല .തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം മുഴുവൻ ശമ്പളവും പാസ്സാക്കാതെ നെറ്റ് തുക മാത്രം പാസ്സാക്കി നൽകുന്നതിനാലാണ് ടി കോൺട്രിബ്യൂഷൻ നഗരസഭയ്ക്ക് ഒടുക്കാൻ കഴിയാതെ വരുന്നത് . മറ്റ് റിക്കവറികളായ എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയവയെല്ലാം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കി നഗരസഭ യഥാസമയം അടവ് വരുത്തുന്നുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ഒഴികെ മറ്റ് ജീവനക്കാരുടെയെല്ലാം പെൻഷൻ വിഹിതം മേൽ അക്കൗണ്ടിലേയ്ക്ക് കൃത്യമായി ഒടുക്കി യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

**3-6** <u>പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ നീക്കം ചെയ്യൽ– ബില്ലുകളിൽ കൃത്രിമത്തം</u>

<u>ഫയൽ നമ്പർ H2-4832/08 – പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യം നീക്കം ചെയ്യൽ</u>

2016-17 സാമ്പത്തിക വർഷത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ നഗരസഭാ പരിധിയിൽ നിന്നും ശേഖരിച്ച് നഗരസഭയുടെ പുറത്തേക്ക് നീക്കം ചെയ്യുതിന് കരാറുകാരായ M.P.ഷാജിക്കും സി.ഡി.ജോസിനും താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ, തീയതി | കരാറുകാരൻ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 26/ 06-2016 | 2,07,883.00 | 034806 Dtd 04.06.2016 | M.P.ഷാജി | 04.03.2016,05.03.2016 തീയതികളിൽ 6 വീതം ട്രിപ്പുകളിൽ 113.295 ടൺ മാലിന്യം നീക്കിയതിന് ടണ്ണിന് 1835/-രൂപ നിരക്കിൽ കരാറുകാരൻ ഷാജിക്ക് നൽകിയത്. എല്ലാ ബില്ലുകളും ഓടക്കാലിയിലുള്ള വെയ്ബ്രിഡ്ജിൽ നിന്നും എടുത്തിട്ടുള്ളതാണ്. |
| 2 | 74/ 08-2016 | 1,99,963.00 | 036146 Dtd 17.08.2016 | M.P.ഷാജി | 09.03.2016 -ൽ 12 ട്രിപ്പുകളിലായി 108.95 ടൺ മാലിന്യം നീക്കം ചെയ്യുതിന് നൽകിയത്. എല്ലാ ബില്ലുകളും മുടിക്കലിലുള്ള വെയ്ബ്രിഡ്ജിൽ നിന്നും എടുത്തിട്ടുള്ളതാണ്. |
| 3 | 80/ 09-2016 | 1,00,000.00 | 038111 Dtd 22.09.2016 | M.P.ഷാജി | 01.03.2016, 02.03.2016, 04.03.2016, 05.03.2016 തീയതികളിൽ 15 ട്രിപ്പുകളിലായി 141.10 ടൺ മാലിന്യം നീക്കം ചെയ്യുതിന് നൽകിയത്. 2,58,910/- രൂപയിൽ ഒരു ലക്ഷം മാത്രമാണ് നൽകികാണുന്നത്. എല്ലാ ബില്ലുകളും ഓടക്കാലി വെയ്ബ്രിഡ്ജിൽ നിന്നും എടുത്തിട്ടുള്ളതാണ്. |
| 4 | ലഭ്യമല്ല | 5,99,840.00 | ബിൽ നം.26/16-17 Dtd 28.02.2017 | C.D.ജോസ് | 2016 ജൂൺ, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ 29 ട്രിപ്പുകളിലായി 299.92 ടൺ മാലിന്യം നീക്കം ചെയ്യുതിന് നൽകിയത്. എല്ലാ ബില്ലുകളും അമ്പാട്ടുകാവിലെ വെയ്ബ്രിഡ്ജിൽ നിന്നും എടുത്തിട്ടുള്ളതാണ്. |

നഗരസഭാ പരിധിയിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മേൽപറഞ്ഞ വ്യക്തികളുമായി ഉണ്ടാക്കിയിരിക്കുന്ന കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കരാർ കാലയളവിൽ നഗരസഭാ പരിധിയിൽ നിന്നും നീക്കം ചെയ്യേണ്ട ഖരമാലിന്യത്തിന്റെ അളവിനെ സംബന്ധിച്ച് കരാറിൽ പരാമർശിക്കുന്നില്ല. നഗരസഭാ പരിധിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന ഖരമാലിന്യത്തിന്റെ അളവിനെ സംബന്ധിച്ച് നഗരസഭക്ക് വ്യക്തമായ കണക്കില്ല. ഇതുമൂലം കരാറുകാരൻ ഹാജരാക്കുന്ന ബില്ലുകൾ പ്രകാരം തുക അനുവദിക്കുകയാണ് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നത്. നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നഗരസഭ ശുചീകരണ

തൊഴിലാളികൾ വാഹനങ്ങളിൽ എത്തിക്കുന്നതും പ്രദേശ വാസികൾ നിക്ഷേപിക്കുന്നതുമായ മാലിന്യം പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിന്നും നഗരസഭാ പരിധിക്കുപുറത്തേക്ക് നീക്കം ചെയ്യുന്നതിനാണ് മേൽപറഞ്ഞ കരാറുകാരുമായി കരാർ ചമച്ചിരിക്കുന്നത്. ഇതിന്റെ അളവ് മുൻകൂട്ടി കണക്കാക്കി കരാറിൽ ഉൾപ്പെടുത്തുകയെന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്നതിനാൽ യഥാർത്ഥത്തിൽ നീക്കം ചെയ്ത മാലിന്യത്തിന്റെ അളവിനനുസരിച്ച് തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് കണക്കാക്കുന്നതിന് കരാറുകാർ ഹാജരാക്കുന്ന ബില്ലുകളെ മാത്രമേ ആശ്രയിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ ഹാജരാക്കിയിരിക്കുന്ന ബില്ലുകൾ പ്രകാരം തുക അനുവദിക്കുന്നതിന് മുന്നോടിയായി ശരിയായി സൂക്ഷ്മപരിശോധന നടത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പ്രകാരം മാലിന്യങ്ങൾ പോളിത്തീൻ കവറുകളിൽ നിറച്ച് സീൽ ചെയ്ത് പൊതു ജനങ്ങൾക്ക് ശല്യമുണ്ടാകാത്ത തരത്തിൽ നഗരസഭയുടെ പുറത്തേക്ക് നീക്കം ചെയ്യേണ്ടതാണ്. മാലിന്യം വാഹനത്തിൽ കയറ്റുന്നതിനുമുമ്പുള്ള വാഹനത്തിന്റെ തൂക്കവും മാലിന്യം കയറ്റിയ ശേഷമുള്ള തൂക്കവും നഗരസഭയിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും ഇലക്ട്രോണിക് വെയ് ബ്രിഡ്ജിൽ തൂക്കി, ബില്ലുകൾ നഗരസഭയിൽ ഏല്പിക്കേണ്ടതാണെന്നും കരാറിൽ വ്യവസ്ഥയുണ്ട്. വാഹനത്തിന്റെ തൂക്കം , രജിസ്ട്രേഷൻ നമ്പർ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനും കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തികൊണ്ടുള്ള നഗരസഭ സെക്രട്ടറിയുടെ 16.06.2016 ലെ H3-4832/08 Vol – IV ഉത്തരവിൽ, നഗരപരിധിയിലുള്ള ഇലക്ട്രോണിക് വെയ് ബ്രിഡ്ജിൽ തൂക്കമെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരപരിധിയിലെ വെയ് ബ്രിഡ്ജിൽ അസൗകര്യമുണ്ടായതിനാൽ തൊട്ടടുത്തുള്ള അമ്പാട്ടുകാവിലുള്ള വെയ് ബ്രിഡ്ജിൽ തൂക്കമെടുക്കുന്നതിന് പിന്നീട് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സമർപ്പിച്ചിരിക്കുന്ന ബില്ലുകൾ ഓടക്കാലി, മുടിക്കൽ എന്നീ സ്ഥലങ്ങളിലെ വെയ്ബ്രിഡ്ജുകളിൽ നിന്നുള്ളതാണ്. ആലുവയിൽ നിന്നും ഓടക്കാലി വരെയുള്ള റോഡിന്റെ നീളം 27 കിലോമീറ്ററും മുടിക്കൽ വരെ 15 കിലോമീറ്ററുമാണ്. ആലുവ നഗരത്തിലും സമീപത്തുമുള്ള വെയ് ബ്രിഡ്ജുകൾ ഉപയോഗിക്കാതെ ഇത്രയും ദൂരെയുള്ള സ്ഥലങ്ങളിൽ വാഹനത്തിന്റെ തൂക്കം എടുത്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. വാഹനത്തിന്റെ തൂക്കം,

രജിസ്റ്റർ നമ്പർ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഇത്രയും ദൂരെയുള്ള സ്ഥലങ്ങളിൽ രാത്രി സമയങ്ങളിലുൾപ്പെടെ പോയി തൂക്കം പരിശോധിച്ചു എന്നത് വിശ്വസനീയമല്ല. നഗരസഭാപരിധിക്ക് പുറമെ 3 ഗ്രാമ പഞ്ചായത്തുകളും (കീഴ്മാട്, വാഴക്കുളം, രായമംഗലം) ഒരു നഗരസഭയും (പെരുമ്പാവൂർ) കഴിഞ്ഞുള്ള അശമന്നൂർ പഞ്ചായത്തിലെ ഓടക്കാലി വരെ മാലിന്യം കയറ്റിയ വണ്ടിയെ രാത്രി സമയങ്ങളിലുൾപ്പെടെ ഉദ്യോഗസ്ഥർ അനുഗമിക്കുക പ്രായോഗികമായി ബുദ്ധിമുട്ടാണ്. ഇങ്ങനെ സഞ്ചരിക്കുന്നതിന് നഗരസഭ ഉദ്യോഗസ്ഥർക്ക് വാഹന സൗകര്യം നൽകുകയോ രാത്രി സമയങ്ങളിലെ ഡ്യൂട്ടിക്ക് പ്രത്യേക അലവൻസ് / വേതനം നൽകുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. വെയ്ബ്രിഡ്ജിൽ നിന്നും ഹാജരാക്കിയിട്ടുള്ള ബില്ലുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

അശമന്നൂർ - ഓടക്കാലി വെയ്ബ്രിഡ്ജ് ബില്ലുകൾ
<u>വാഹന നമ്പർ - KL 4U 4821</u>

| ക്രമ നം | ബിൽ നമ്പർ, തീയതി | സമയം (In) | സമയം (Out) | എടുത്ത സമയം Hrs | തൂക്കം (In) Kg | തൂക്കം (Out) Kg | മാലിന്യത്തിന്റെ തൂക്കം Kg |
|---|---|---|---|---|---|---|---|
| 1 | 8441 04.03.16 | 10:47:40am | 01:07:42pm | 02:20:02 | 6800 | 16270 | 9470 |
| 2 | 8446 04.03.16 | 01:57:05pm | 04:06:46pm | 02:09:41 | 6800 | 16265 | 9465 |
| 3 | 8459 04.03.16 | 05:14:57pm | 06:44:57pm | 01:30:00 | 6800 | 16305 | 9505 |
| 4 | 8778 04.03.16 | 06:58:58pm | 08:25:42pm | 01:26:44 | 6800 | 16300 | 9500 |
| 5 | 8464 04.03.16 | 08:35:06pm | 09:50:06pm | 01:15:00 | 6800 | 16285 | 9485 |
| 6 | 8786 05.03.16 | 12:07:34pm | 01:35:55am | 01:28:21 | 6800 | 16450 | 9650 |
| 7 | 22670 09.03.16 | 11:00:51am | 12:10:59pm | 01:10:08 | 16600 | 6900 | 9700 |
| 8 | 22680 09.03.16 | 01:01:56pm | 02:02:07pm | 01:00:11 | 15480 | 6900 | 8580 |
| 9 | 22696 09.03.16 | 03:09:49pm | 04:10:04pm | 01:10:28 | 16440 | 7100 | 9200 |

<u>എ)</u>

ക്രമ നമ്പർ 5 പ്രകാരം 04.03.2016 ന് 08:35:06pm ന് വാഹനത്തിന്റെ മാലിന്യം കയറ്റാത്ത തൂക്കവും 09:50:06pm ന് മാലിന്യം കയറ്റിയ തൂക്കവുമെടുത്തിരിക്കുന്നു. ഇതു പ്രകാരം ഓടക്കാലിയിലുള്ള വെയ് ബ്രിഡ്ജിൽ നിന്നും ആലുവ നഗരസഭാ പരിധിയലെത്തി, 9485 kg മാലിന്യം പോളിത്തീൻ കവറുകളിൽ നിറച്ച് സീൽ ചെയ്ത് വണ്ടിയിൽ കയറ്റി വീണ്ടും ഓടക്കാലിയിലുള്ള വെയ് ബ്രിഡ്ജിലെത്തി തൂക്കമെടുക്കുന്നതിന് മേല്പറഞ്ഞ രണ്ട് സമയത്തിനിടയിലുള്ള 01:15:00 hrs സമയമാണെടുത്തിരിക്കുന്നത്. 54 കിലോ മീറ്റർ ദൂരം വാഹനം സഞ്ചരിക്കുന്നതിന് ഒരു മണിക്കൂറിലധികം സമയം വേണ്ടിവരുമെന്നിരിക്കെ

ബാക്കിയുള്ള വളരെ കുറച്ച് സമയംകൊണ്ട് 9485kg മാലിന്യം വാഹനത്തിൽ നിറക്കുക പ്രായോഗികമായി ബുദ്ധിമുട്ടാണ്.

ക്രമ നമ്പർ 7 പ്രകാരം 12:10:59pm ന് വാഹനം മാലിന്യമില്ലാതെ കാലിക്ക് തൂക്കിയിരിക്കുന്നു. ക്രമ നമ്പർ 8 പ്രകാരം ഈ വാഹനം 01:01:56pm ന് മാലിന്യമുൾപ്പെടെ തൂക്കിയിരിക്കുന്നു. വെറും 51 മിനിറ്റിനുള്ളിൽ ഓടക്കാലിയിൽ നിന്ന് ആലുവയിലെത്തി 9700 kg മാലിന്യം നിറച്ച് വീണ്ടും ഓടക്കാലിയിലെത്തി വാഹനം തൂക്കുക പ്രായോഗികമല്ല. ഇത്തരത്തിലുള്ള നിരവധി പൊരുത്തക്കേടുകൾ ബില്ലുകളിൽ കാണുന്നു.

ബി

KL-16A–4383വാഹനത്തിന്റെ ബില്ലുകളെ തൂക്കമെടുത്ത സമയത്തിന്റെ ക്രമത്തിൽ ക്രമീകരിച്ചിരിക്കുന്നതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

KL 16A – 4383

| ക്രമ നം | ബിൽ നമ്പർ, തീയതി | സമയം (In) | സമയം (Out) | In,Outന് ഇടയിലുള്ള സമയം Hrs | തൂക്കം (In) Kg | തൂക്കം (Out) Kg | മാലിന്യത്തിന്റെ തൂക്കം Kg |
|---|---|---|---|---|---|---|---|
| 1 | 8685 04.03.16 | 11:43:14am | 01:51:15pm | 02:08:01 | 7200 | 16690 | 9490 |
| 2 | 8681 04.03.16 | 02:44:13pm | 04:10:39pm | 01:26:26 | 7200 | 16585 | 9385 |
| 3 | 8684 04.03.16 | 05:21:44pm | 06:42:27pm | 01:20:43 | 7200 | 16710 | 9510 |
| 4* | 8682 04.03.16 | 07:21:27pm | 08:37:33pm | 01:16:06 | 7200 | 16670 | 9470 |
| 5* | 8783 04.03.16 | 07:52:02pm | 09:39:04pm | 01:47:02 | 6900 | 16400 | 9500 |
| 6* | 04.03.16 | 08:41:33pm | 09:43:14pm | 01:01:41 | 7200 | 16665 | 9465 |
| 7* | 8683 05.03.16 | 12:19:33am | 02:20:23am | 02:00:50 | 7200 | 16550 | 9350 |
| 8* | 8791 05.03.16 | 01:02:12am | 03:44:09am | 02:41:57 | 6900 | 16560 | 9660 |
| 9 | 22668 09.03.16 | 10:59:30am | 12:09:58pm | 01:10:28 | 16440 | 7100 | 9340 |
| 10 | 22679 09.03.16 | 12:41:06pm | 01:49:18pm | 01:08:12 | 15230 | 7100 | 8130 |

ക്രമ നമ്പർ 4 പ്രകാരം 04.03.2016 ന് 07:21:27pm ന് വാഹനത്തിന്റെ മാലിന്യം കയറ്റാത്ത തൂക്കവും 08:37:33pm ന് മാലിന്യം കയറ്റിയ തൂക്കവുമെടുത്തിരിക്കുന്നു. ഇതു പ്രകാരം ഓടക്കാലിയിലുള്ള വെയ് ബ്രിഡ്ജിൽ നിന്നും ആലുവ നഗരസഭാ പരിധിയലെത്തി, 9485 kg മാലിന്യം പോളിത്തീൻ കവറുകളിൽ നിറച്ച് സീൽ ചെയ്ത് വണ്ടിയിൽ കയറ്റി വീണ്ടും ഓടക്കാലിയിലുള്ള വെയ് ബ്രിഡ്ജിലെത്തി തൂക്കമെടുക്കുന്നതിന് മേല്പറഞ്ഞ രണ്ട്

സമയത്തിനിടയിലുള്ള 01:16:06 hrs സമയമാണെടുത്തിരിക്കുന്നത്. അതേ സമയം ക്രമ നമ്പർ 5 പ്രകാരം ഇതേ തീയതിൽ ഈ വാഹനം 07:52:02pm ന് മാലിന്യമില്ലാതെ തൂക്കിയതായി കാണുന്നു. ക്രമ നമ്പർ 4 പ്രകാരം 07:21:27pm നും 08:37:03pm നുമിടയിൽ ഈ വാഹനം നഗരസഭാ പരിധിയിൽ മാലിന്യം നിറച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ടു സമയത്തിനുമിടയിലുള്ള 07:52:02pm ന് ഓടക്കാലിയിലെ വെയ് ബ്രിഡ്ജിൽ വാഹനം മാലിന്യമില്ലാതെ തൂക്കമെടുക്കുക സാധ്യമല്ല. സമാനമായ പൊരുത്തക്കേടുകൾ ക്രമ നമ്പർ 5ഉം 6ഉം തമ്മിലും ക്രമനമ്പർ 7 ഉം 8ഉം തമ്മിലും കാണുന്നു.

സി) കരാറുകാരൻ സി.ഡി. ജോസ് സമർപ്പിച്ചിരിക്കുന്ന അമ്പാട്ടുകാവ് വെയ്ബ്രിഡ്ജിലെ ബില്ലുകളിലും സമാനമായ പൊരുത്തക്കേടുകൾ കാണുന്നു. * മാർക്ക് ചെയ്ത് ബോൾഡാക്കി കാണിച്ചിരിക്കുന്ന ബില്ലുകൾ താരതമ്യം ചെയ്യുമ്പോൾ ഇത്തരത്തിൽ പൊരുത്തക്കേടുകളുണ്ടെന്ന് മനസ്സിലാക്കാം.

അമ്പാട്ടുകാവുള്ള വെയ് ബ്രിഡ്ജിലെ ബില്ലുകൾ

വാഹന നമ്പർ - KL 06B – 5101

| ക്രമ നം | ബിൽ തീയതി | സമയം (In) | സമയം (Out) | എടുത്ത സമയം | തൂക്കം (In) Kg | തൂക്കം (Out) Kg | മാലിന്യത്തിന്റെ തൂക്കം Kg |
|---|---|---|---|---|---|---|---|
| 1* | 1768 08.10.16 | 23:14:09 | 00:32:19 | 01:18:10 | 5870 | 17290 | 11420 |
| 2* | 1765 08.10.16 | 23:22:12 | 00:13:14 | 00:51:08 | 5870 | 17380 | 11510 |
| 3 | 1733 09.10.16 | 23:01:53 | 23:50:52 | 00:48:59 | 5870 | 17080 | 11210 |
| 4 | 1734 10.10.16 | 23:43:19 | 00:01:55 | 00:18:36 | 5870 | 16990 | 11120 |

വാഹന നമ്പർ - KL 06C – 5358

| ക്രമ നം | ബിൽ തീയതി | സമയം (In) | സമയം (Out) | എടുത്ത സമയം | തൂക്കം (In) Kg | തൂക്കം (Out) Kg | മാലിന്യത്തിന്റെ തൂക്കം Kg |
|---|---|---|---|---|---|---|---|
| 1 | 1692 07.10.16 | 22:25:18 | 23:23:03 | 00:57:45 | 6300 | 16000 | 9700 |
| 2* | 1791 08.10.16 | 22:21:53 | 23:01:22 | 00:39:29 | 6300 | 17380 | 11080 |
| 3* | 1733 08.10.16 | 22:37:48 | 23:43:25 | 01.05:37 | 6300 | 15710 | 9410 |
| 4 | 1728 09.10.16 | 22:01:01 | 22:33:38 | 00:32:37 | 6300 | 16280 | 9980 |
| 5 | 1844 09.10.16 | 23:02:42 | 23:42:12 | 00:39:30 | 6300 | 16320 | 10020 |
| 6 | 1735 10.10.16 | 00:32:35 | 01:11:19 | 00:38:44 | 6300 | 16060 | 9600 |
| 7 | 63912 24.06.16 | 21:32:50 | 23:28:49 | 01:55:59 | 17010 | 6660 | 10350 |
| 8 | 63914 25.06.16 | 23:29:55 | 00:00:38 | 00:30:43 | 6730 | 17630 | 10900 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9* | 1431 26.09.16 | 01:21:01 | 01:21:45 | 00:00:44 | 16880 | 6300 | 10580* |
| 10* | 1432 26.09.16 | 02:44:10 | 02:44:51 | 00:00:41 | 6300 | 17710 | 11410* |
| 11 | 63979 29.06.16 | 00:02:37 | 00:51:08 | 00:48:31 | 6730 | 17160 | 10430 |
| 12 | 63984 29.06.16 | 02:25:42 | 03:19:12 | 00:53:30 | 12600 | 6730 | 5870 |
| 13 | 1077 29.06.16 | 22:40:11 | 23:49:46 | 01:09:35 | 16500 | 6730 | 9770 |

വാഹന നമ്പർ - KL 16 A – 4383

| ക്രമ നം | ബിൽ തീയതി | സമയം (In) | സമയം (Out) | എടുത്ത സമയം | തൂക്കം (In) Kg | തൂക്കം (Out) Kg | മാലിന്യത്തിന്റെ തൂക്കം Kg |
|---|---|---|---|---|---|---|---|
| 1 | 1693 07.10.16 | 22:28:13 | 00:01:39 | 01:33:20 | 6000 | 15700 | 9700 |
| 2 | 1792 08.10.16 | 22:09:54 | 22:54:37 | 00:44:43 | 6000 | 16650 | 10650 |
| 3 | 1794 08.10.16 | 23:04:55 | 23:49:49 | 00:44:54 | 6000 | 16500 | 10500 |
| 4* | 1729 09.10.16 | 22:13:12 | 23:14:10 | 01:00:58 | 6000 | 16670 | 10670 |
| 5* | 1732 09.10.16 | 23:10:40 | 23:52:10 | 00:41:30 | 6000 | 16530 | 10530 |
| 6 | 1736 10.10.16 | 00:57:06 | 01:58:06 | 01:01:00 | 6750 | 16280 | 9530 |
| 7 | 63911 24.06.16 | 21:31:23 | 23:32:09 | 02:00:46 | 17170 | 6870 | 10300 |
| 8 | 63915 25.06.16 | 23:32:58 | 00:16:33 | 00:43:35 | 6870 | 19070 | 12200 |
| 9 | 63918 25.06.16 | 01:01:01 | 01:58:07 | 00:57:06 | 6870 | 16470 | 9600 |
| 10 | 1431 26:09:16 | 01:55:28 | 01:58:40 | 00:03:12 | 15440 | 5500 | 9940 |

മേൽപറഞ്ഞിരിക്കുന്നവയിൽ വാഹന നമ്പർ - KL 06C – 5358 ന്റെ ക്രമ നമ്പർ 9,10 പ്രകാരമുള്ള ബില്ലുകൾ പരിശോധിക്കുമ്പോൾ യഥാക്രമം 44, 41 സെക്കന്റുകൾ കൊണ്ട് മാലിന്യം നിർമാർജ്ജനം ചെയ്ത് വാഹനം വീണ്ടും തൂക്കമെടുത്തിരിക്കുന്നതായി കാണാം. യാഥാർത്ഥ്യവുമായി യാതൊരുരീതിയിലും പൊരുത്തപ്പെടാത്തതും അസംഭവ്യവുമായ കാര്യങ്ങളാണ് ബില്ലുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരം ബില്ലുകൾക്ക് മതിയായ സൂക്ഷ്മപരിശോധനയില്ലാതെ കരാറുകാരന് തുക അനുവദിച്ചത് ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചയാണ്.

മേൽപറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 26/2016-17 തീയതി 31.07.2017) -ക്കുള്ള മറുപടിയിൽ താഴെപ്പറയുന്ന കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

1. കരാർ വ്യവസ്ഥ പ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും വാഹനത്തിന്റെ തൂക്കം പരിശോധിച്ച് ബോധിപ്പിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വെയ്ബ്രിഡ്ജുകൾ തെരഞ്ഞെടുത്തതിനാലാണ് ഓടക്കാലി , മുടിക്കൽ പ്രദേശത്തെ

വെയ്ബ്രിഡ്ജുകളിൽ തൂക്കമെടുത്തത്.

2. വാഹനത്തിന്റെ തൂക്കം, രജിസ്റ്റർ നമ്പർ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ കരാറുകാരൻ ഏർപ്പെടുത്തുന്ന വാഹനസൗകര്യമാണ് ഉപയോഗിച്ചിരുന്നത്. ഉദ്യോഗസ്ഥർക്ക് പ്രത്യേക അലവൻസോ വേതനമോ നൽകുന്നില്ല.

3. ഒരോ തവണയും വാഹനത്തിന്റെ കാലി തൂക്കം എടുക്കുന്നതുമൂലമുള്ള സമയനഷ്ടവും അധികചെലവും ഒഴിവാക്കുന്നതിനായി ഒരിക്കൽ മാത്രം കാലിതൂക്കം എടുക്കുകയും തുടർന്നുള്ള ബില്ലുകളിൽ ഈ തൂക്കം ഉപയോഗിക്കുകയും ചെയ്തിരുന്നു. വെയ്ബ്രിഡ്ജിലേക്ക് ഫോൺമുഖാന്തരം ബന്ധപ്പെട്ട് കാലിതൂക്കം ക്രമീകരിക്കുകയായിരുന്നു. ഇത്തരത്തിൽ സമയം രേഖപ്പെടുത്തിയപ്പോൾ സംഭവിച്ച പിഴവാണ് ബില്ലുകളിൽ കാണുന്നത്.

നഗരസഭാ പ്രദേശത്തും സമീപത്തും നിരവധി ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ ഉണ്ടെന്നിരിക്കെ വിദൂരസ്ഥലത്തുള്ള വെയ്ബ്രിഡ്ജുകളിൽ തൂക്കമെടുത്തത് ശരിയായ നടപടിയല്ല. സമയനഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടാകുമെന്നതുകൂടാതെ നഗരസഭ ഉദ്യോഗസ്ഥർക്ക് വണ്ടികളുടെ തൂക്കം പരിശോധിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടും ഉണ്ടാകുന്നതുമാണ് മേൽപറഞ്ഞ നടപടി. സമയനഷ്ടം ഒഴിവാക്കുന്നതിനായി ഫോൺമുഖാന്തരം ബന്ധപ്പെട്ട് ബില്ലുകളിലെ കാലിതൂക്കത്തിന്റെ സമയം ക്രമീകരിച്ചുവെന്ന മറുപടിയിൽനിന്നും വിദൂരസ്ഥലങ്ങളിലെ വെയ്ബ്രിഡ്ജുകളിൽ തൂക്കമെടുത്തതിലെ പോരായ്മ വ്യക്തമാണ്. തൂക്കമെടുക്കുന്നതിനായി സമീപപ്രദേശങ്ങളിലെ വെയ്ബ്രിഡ്ജുകളെ ആശ്രയിച്ചിരുന്നുവെങ്കിൽ ഇത്തരത്തിൽ അപാകത സംഭവിക്കില്ലായിരുന്നു.

വാഹനങ്ങളുടെ തൂക്കമെടുക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടേയും ബില്ലുകൾ യഥാവിധം പരിശോധിച്ച് തുക അനുവദിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി മേൽപറഞ്ഞകാര്യങ്ങളിൽ നിന്നും വ്യക്തമാണ്.

ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

30,000 രൂപ മുതലുള്ള കരാറുകളിൽ കരാറുകാരിൽ നിന്നും ആദായനികുതി വകുപ്പ് 194(സി) പ്രകാരം ആദായനികുതി ഈടാക്കി ഒടുക്കേണ്ടതാണ്. എന്നാൽ മുകളിൽ കാണിച്ച കരാറുകാരിൽ നിന്നും ഇപ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ല. ആദായനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-7 വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല - പുഴയിലേക്ക് മലിനജലം ഒഴുക്കുന്നു - കുറ്റകരമായ അനാസ്ഥ

ഫയൽ നമ്പർ E4/4052/15 – വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

ആലുവ നഗരസഭ എം.പി.ഫണ്ടും തനത് ഫണ്ടും ചെലവഴിച്ച് 2011 ൽ നിർമ്മിച്ച വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് , എ.എം.സി നൽകിയാണ് പ്രവർത്തിപ്പിച്ചിരുന്നത്. 2015 -16 ൽ ഈ പ്രവർത്തി ബിജു.ഒ.പി, ഒറ്റകണ്ടത്തിൽ എന്ന വ്യക്തിയാണ് പ്രതിമാസം 69,500.00 രൂപ നിരക്കിൽ എ.എം.സി എടുത്ത് നടത്തിയിരുന്നത്. 2015-16 ലെ കരാർകാലാവധി തീരുന്ന സമയത്ത് ഇലക്ഷൻ പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ 2016-17 വർഷത്തെ എ.എം.സി ക്കു വേണ്ടി പുതിയ ടെണ്ടർ ക്ഷണിക്കാൻ പറ്റാതെ വരികയും 2016-17 സാമ്പത്തിക വർഷത്തെ ആദ്യ രണ്ട് മാസത്തെ (ഏപ്രിൽ, മെയ്) നടത്തിപ്പുകൂടി നിലവിലെ കരാറുകാരനായ ബിജു.ഒ.പി യെ ഏല്പിക്കുകയായിരുന്നു. ഇതു പ്രകാരം 2016 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്ലാന്റ് പ്രവർത്തിപ്പിച്ചതിന് കരാറുകാരന് താഴെ പറയും പ്രകാരം 2016 -17 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ | തിയതി | തുക |
|---|---|---|
| 03489 | 15.07.2016 | 65,733.00 |
| 036137 | 12.08.2016 | 68,805.00 |

31.05.2016 നു ശേഷം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് എ.എം.സി നൽകുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും മാതൃഭൂമി ദിനപത്രത്തിൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഈ ഇനത്തിൽ പത്രസ്ഥാപനത്തിന് 26.08.2016 തീയതിയിലെ 036163 നമ്പർ ചെക്ക് പ്രകാരം 14,400.00 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ 31.05.2016 നു ശേഷം പ്ലാന്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ മെയിന്റനൻസ് പ്രവർത്തികൾക്കായി പൂട്ടുകയായിരുന്നു. പ്ലാന്റിലെ ഫ്ലോട്ടിങ്ങ് എയറേറ്റർ പ്രവർത്തനക്ഷമമല്ലായെന്ന് 09.05.2015 ൽ അന്നത്തെ കരാറുകാരൻ കത്ത് മുഖേന നഗരസഭയെ അറിയിച്ചിരുന്നു. 20.02.2016 ൽ പ്ലാന്റിൽ സ്ഥലപരിശോധന നടത്തിയ നഗരസഭ ഉദ്യോഗസ്ഥൻ മുഹമ്മദ് ഷിയാസ്, JHI പ്ലാന്റ് പ്രവർത്തിക്കുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും 5HPഫ്ലോട്ടിങ്ങ് എയ്റേറ്റർ (5HP Floating Aerator) സ്ഥാപിക്കുന്നതിനുമുള്ള ടെന്റർ നടപടികൾ ആരംഭിച്ചെങ്കിലും നാളിതുവരെ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുകയോ 5HPഫ്ലോട്ടിങ്ങ് എയ്റേറ്റർ സ്ഥാപിച്ച്, പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പ്ലാന്റ് മെയിന്റനൻസിനായി പൂട്ടിയ 31.05.2016 ശേഷവും കറണ്ട് ചാർജിനത്തിൽ 2016-17 ൽ

43879.00 രൂപ നഗരസഭ ഒടുക്കിയിട്ടുണ്ട്. 31.05.2016 ൽ മെയിന്റനൻസിനായി പൂട്ടിയ പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കാനാകാത്തത് അധികൃതരുടെ ഭാഗത്തുനിന്നുള്ള കുറ്റകരമായ അനാസ്ഥയാണ്. ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 08.08.2017 ൽ ഈ പ്ലാന്റിൽ നേരിട്ടുനടത്തിയ പരിശോധനയിൽ അഴുക്കുചാലിലൂടെ വലിയ തോതിൽ മലിനജലം പ്ലാന്റിൽ എത്തുന്നതായും പ്ലാന്റ് പ്രവർത്തിക്കാത്തതിനാൽ ഇത് ശുദ്ധീകരിക്കാതെ പെരിയാറിലേക്ക് ഒഴുകുന്നതായും കണ്ടു. പ്ലാന്റും പരിസരവും കാട്കയറിയും വൃത്തിഹീനമായരീതിയിലാണ്. ആലുവ നഗരത്തിലെ ഓവുചാലുകളിൽ കൂടി വലിയ തോതിൽ ഒഴുകിയെത്തുന്ന മലിനജലം അതേപടി പെരിയാറിലേക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്.
2. 31.05.2016 ന ശേഷം പ്ലാന്റ് പ്രവർത്തിപ്പിച്ചിട്ടില്ല. എന്നാൽ കറണ്ട് ചാർജിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 43879.00 രൂപ KSEB യിൽ അടവാക്കിയിട്ടുണ്ട്. പ്ലാന്റ് പ്രവർത്തിച്ചിരുന്ന സമയത്തെ കറണ്ട് ചാർജിനെ അപേക്ഷിച്ച് പ്രവർത്തിക്കാത്ത സമയത്തെ കറണ്ട് ചാർജിൽ ഗണ്യമായ കുറവുണ്ടായതായി കാണുന്നില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കാത്ത വിവരം KSEBയിൽ റിപ്പോർട്ട് ചെയ്ത് കറണ്ട് ചാർജിൽ ഇളവ് വാങ്ങിയില്ലെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.
3. സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് മാത്രം ചെയ്യാവുന്ന രീതിയിലുള്ളതാണ് പ്ലാന്റിന്റെ പ്രവർത്തനവും പരിപാലനവും. എന്നാൽ അത്തരം പരിജ്ഞാനമുള്ളവരല്ല പ്ലാന്റ് പ്രവർത്തിപ്പിച്ചിരുന്നത്. സാങ്കേതികമായ നിരവധി പ്രവർത്തനങ്ങളുള്ളതും നിരന്തര പരിപാലനം ആവശ്യമുള്ളതുമായ പ്ലാന്റ് ഇതിനുള്ള സംവിധാനങ്ങളൊന്നുമില്ലാത്ത വ്യക്തിയാണ് എ.എം.സി മുഖേന പ്രവർത്തിപ്പിച്ചിരുന്നത്. ഇത്തരം പ്ലാന്റ് പ്രവർത്തിപ്പിച്ചതിന്റെ മുൻപരിചയം തെളിയിക്കുന്ന രേഖകളൊന്നും കരാറുകാരൻ ഹാജരാക്കിയിട്ടുള്ളതായി കാണുന്നില്ല.
4. ബഹു. എറണാകുളം ജില്ലാ കളക്ടറുടെ 08.12.2016, 02.01.2017, 20.03.2017 തീയതികളിലെ എം 2/91975/2016 നമ്പർ കത്തുകളിൽ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകണമെന്നും പുരോഗതി അറിയിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കളക്ടർക്കുള്ള മറുപടി കത്തിൽ മെയിന്റനൻസ് പ്രവർത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നതായും മെയിന്റനൻസ് പൂർത്തിയാകുന്നമുറക്ക് എ.എം.സി പ്രകാരം പ്ലാന്റ്

പ്രവർത്തിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മെയിന്റനൻസ് പ്രവർത്തികൾക്ക് 10.06.2017ലെ മാതൃഭൂമി ദിന പത്രത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതായും കുറഞ്ഞ തുക ക്വാട്ട് ചെയ്ത വാട്ടർമാൻ അക്വാട്ടിക് സിസ്റ്റംസ് ,എറ്റൂർ എന്ന സ്ഥാപനത്തിന് 11.07.2017ൽ സെലക്ഷൻ നോട്ടീസ് നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

5. ജനങ്ങളുടെ നിത്യോപയോഗത്തിന് ആശ്രയിക്കുന്ന വാട്ടർ അതോറിറ്റിയുടെ പമ്പിങ്ങ് സ്റ്റേഷന്റെ വളരെ അടുത്ത് സ്ഥിതി ചെയ്യുന്നതിനാലും മലിനജലം പെരിയാറിലേക്ക് ഒഴുകുന്നത് ഗുരുതര ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാലും കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30(1) പ്രകാരം പരിസ്ഥിതി സംരക്ഷണം നഗരസഭയുടെ അനിവാര്യ ചുമതലയിൽപ്പെട്ടതായതിനാലും അടിയന്തിരമായി പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

**3-8** ആലുവ നഗരസഭ പ്രൈവറ്റ് ബസ് സ്റ്റാന്റിനുള്ളിൽ അനധികൃത കെട്ടിട നിർമ്മാണം പൊളിച്ചതിന് നഗരസഭ ഫണ്ടിൽ നിന്ന് ചെലവായ **₹ 16,865/-** കെട്ടിട ഉടമയിൽ നിന്ന് ഈടാക്കിയില്ല.

ഫയൽ നമ്പർ E2(R5)- 5812/15

1) ശ്രീ. ടി.ഐ. മുഹമ്മദ്, താരകപ്പീടികയിൽ, തായിക്കാട്ടുകര പി.ഒ., ആലുവ 2) ശ്രീ. വി.ഇ. മുഹമ്മദ് റഫീക്ക്, വടക്കേടത്ത് ഹൗസ് , കുഞ്ചാട്ടുകര, എടത്തല എന്നിവർ ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാന്റിൽ ബസ്സുകൾ കയറുന്ന ഭാഗത്ത് കാനകൾക്കു മുകളിലായി 29, 30 എന്നീ നമ്പർ ബങ്കുകൾ സ്ഥാപിച്ചിരുന്നു. നഗരസഭ അനുമതി നൽകിയിട്ടുള്ള 50 ച. അടി വിസ്തീർണ്ണത്തിൽ നിലവിലുള്ള സ്ഥലത്ത് നിന്നും മാറ്റി എതിർവശത്ത് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുതിയ ബങ്കുകൾ സ്ഥാപിക്കുന്നതിന് 04.08.2015 -ലെ R5-5812/15 -നമ്പർ കത്ത് പ്രകാരം മേൽപ്പറഞ്ഞവർക്ക് നഗരസഭ സെക്രട്ടറി അനുമതി നൽകിയിരുന്നു. എന്നാൽ നഗരസഭ സെക്രട്ടറിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടമില്ലാതെ മേൽപ്പറഞ്ഞവർ നഗരസഭ സെക്രട്ടറി അനുമതി നൽകിയ സ്ഥലത്ത് അനുവദിച്ച വിസ്തീർണ്ണത്തിൽ നിന്നും അധികരിച്ച് യഥാക്രമം 148ച.അടി, 156 ച.അടി. വിസ്തീർണ്ണത്തിൽ സിമന്റ് കട്ടകൾകൊണ്ട് തറകെട്ടി, എം.എസ്.ആങ്കിൾ, ഷീറ്റ്, ഓട്, റോളിംഗ് ഷട്ടർ എന്നിവ ഉപയോഗിച്ച് permanent structure -ൽ

പുതിയ രണ്ട് നിർമ്മാണങ്ങൾ നടത്തി. ഇത് നഗരസഭ സെക്രട്ടറിയുടെ നിർദ്ദേശത്തിന് വിരുദ്ധമായതിനാൽ മേൽ നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് നഗരസഭയിലെ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. ബിജുമോനെ ചുമതലപ്പെടുത്തി 16.01.2016 -ൽ ആർ5-5812/15(ഇ.2) നമ്പർ അധികാരപത്ര പ്രകാരം നഗരസഭാ സെക്രട്ടറി ഉത്തരവിട്ടു.

മേൽ വിഷയം സംബന്ധിച്ച ശ്രീ. ടി.ഐ.മുഹമ്മദിന്റെ 19.01.2016 -ലെ അപേക്ഷയിന്മേൽ 25.02.2016 -ലെ E2(R5)5812/15 പ്രകാരം നഗരസഭാ സെക്രട്ടറി തീർപ്പുകൽപിച്ചതനുസരിച്ച് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999 -ന് വിരുദ്ധമായി നിർമ്മിച്ച മേൽ കെട്ടിടങ്ങൾ ഉടനടി പൊളിച്ചുമാറ്റാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവായി.

മേൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് ശ്രീ. ബിജുമോൻ, ബിൽഡിംഗ് ഇൻസ്പെക്ടർക്ക് വൗച്ചർ നമ്പർ 1-2/16, ചെക്ക് നമ്പർ 029389/തീയതി 03.02.2016 പ്രകാരം 17,000/- രൂപ അഡ്വാൻസ് അനുവദിച്ചിരുന്നു. ഇതിൽ ജെ.സി.ബി. ഉപയോഗിച്ചതിന് - 7,865/- രൂപ, കെട്ടിടം പൊളിച്ച സാധനങ്ങൾ നീക്കംചെയ്തതിന് ലോറി വാടക – 5,500/-, പൊളിച്ചകെട്ടിടഅവശിഷ്ടങ്ങളുടെ കയറ്റിറക്ക് കൂലി- 3500/- എന്നിങ്ങനെ ആകെ 16,865/- രൂപ ചെലവ് വന്നു. ബാക്കി 135/- രൂപ രസീത് നമ്പർ 11501119913/ തീയതി 18.03.2016 പ്രകാരം നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചു.

മേൽ അഡ്വാൻസ് തുക 17,000/- രൂപ വൗച്ചർ നമ്പർ 77 – 5/16 പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ -1999 , ചട്ടം 18(3) പ്രകാരം അനധികൃത കെട്ടിടനിർമ്മാണം നഗരസഭ പൊളിച്ചുനീക്കിയാൽ അതിനുള്ള ചെലവുകൾ അനധികൃത കെട്ടിട നിർമ്മാണം നടത്തിയവരിൽ നിന്നും വസൂലാക്കേണ്ടതാണ്. ആയതിനാൽ മേൽപ്പറഞ്ഞ അനധികൃത കെട്ടിട നിർമ്മാണം പൊളിച്ചുനീക്കിയതിന് നഗരസഭയ്ക്ക് ചെലവുവന്ന 16865/- രൂപ 1) ശ്രീ. ടി.ഐ. മുഹമ്മദ്, താരകപ്പീടികയിൽ, തായിക്കാട്ടുകര പി.ഒ., ആലുവ 2) ശ്രീ. വി.ഇ. മുഹമ്മദ് റഫീക്ക്, വടക്കേടത്ത് ഹൗസ് , കുഞ്ചാട്ടുകര, എടത്തല എന്നിവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 24.06.2017 -ൽ 15/2016-17 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന് 17.07.2017 -ൽ E2-9936/17 -ാം നമ്പറായി നഗരസഭ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകുന്നതുവരെ മേൽ വിഷയത്തിൽ നഗരസഭ നടപടിയൊന്നും സ്വീകരിച്ചിരുന്നില്ലായെന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നു. മേൽ ഓഡിറ്റ് എൻക്വയറി നൽകിയതിനുശേഷം 03.07.2017 -ൽ മാത്രമാണ്

ഇതുസംബന്ധിച്ച് ബന്ധപ്പെട്ട കക്ഷിക്ക് നഗരസഭ നോട്ടീസ് അയച്ചിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും തുക ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3-9** <u>നഗരസഭാ പാർക്ക് വൈദ്യുത ഉപഭോഗം കുറവ് -എനർജി ചാർജിൽ ആനുപാതിക കുറവിന് നടപടി സ്വീകരിച്ചിട്ടില്ല</u>

ഫയൽ നമ്പർ 3399/10 വാല്യം II -മുനിസിപ്പൽ പാർക്കിലെ കൺസ്യൂമർ നമ്പർ 1155683001343-ന് 30,000 വാട്ട്സ് ആണ് കണക്റ്റഡ് ലോഡായി ഇലക്ട്രിസിറ്റി ബോർഡിന്റെ ബില്ലിൽ കാണിച്ചിരിക്കുന്നത്. എന്നാൽ നഗരസഭ പാർക്കിൽ ഫൗണ്ടൻ പ്രവർത്തിക്കുന്നില്ല, ജലവിതരണം പാടെ നിലച്ചിരിക്കുന്നു, ബഹുഭൂരിപക്ഷം ലൈറ്റുകളും കത്തുന്നില്ല. ഇതുമൂലം വൈദ്യുതി ഉപഭോഗം കുറവാണ്. അതായത് കണക്റ്റഡ് ലോഡിന് ആനുപാതികമായ വൈദ്യുതി ഉപഭോഗം ഉണ്ടാകുന്നില്ല. എറണാകുളം ജില്ലാ പഞ്ചായത്ത്, പാനൽ എഞ്ചിനീയർ (ഇലക്ട്രിക്കൽ) സി.ഡി. ശ്രീധരൻ നായരുടെ പരിശോധന റിപ്പോർട്ട് പ്രകാരം 2998 വാട്ട്സ് മാത്രമാണ് പാർക്കിന്റെ കണക്റ്റഡ് ലോഡ് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം പ്രതിമാസ ഫിക്സഡ് ചാർജ്ജ് 360 രൂപ മാത്രമേ ഉള്ളൂ. എന്നാൽ 3600 രൂപാവീതമാണ് പ്രതിമാസം ഈ ഇനത്തിൽ അടച്ചുകൊണ്ടിരുന്നത്. പിന്നീട് ഇത് 3720 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കണക്റ്റഡ് ലോഡിന് ആനുപാതികമായി വൈദ്യുത ഉപഭോഗം ഇല്ലാതിരുന്നിട്ടും ഉയർന്ന ഫിക്സഡ് ചാർജാണ് നഗരസഭ അടച്ചുകൊണ്ടിരിക്കുന്നത്. ആകയാൽ ഉപഭോഗത്തിനനുസൃതമായി ഫിക്സഡ് ചാർജിൽ ആനുപാതിക ഇളവ് ലഭിക്കാൻ നടപടികൾ എടുക്കേണ്ടതാണ്. എറണാകുളം ജില്ലാ പഞ്ചായത്ത് പാനൽ എഞ്ചിനീയർ (ഇലക്ട്രിക്കൽ) സി.ഡി. ശ്രീധരൻ നായരുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 27.09.2017 -ൽ 47/2016-17 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

**3-10** <u>അറവുശാല നിർമ്മാണം -അനാസ്ഥമൂലം നിർവ്വഹണം നടന്നില്ല.</u>

ഫയൽ നം. E1-5931/13 അനധികൃത മാംസക്കച്ചവടം നിരോധിക്കാനും ലൈസൻസുള്ള അറവുശാലകൾവഴി മാത്രമേ മാംസക്കച്ചവടം നടത്താവൂ എന്നും ബഹു.കേരള ഹൈക്കോടതി 10.12.2008 -ൽ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ വൃത്തിയുള്ളതും മാലിന്യ സംസ്കരണ ശേഷിയുള്ളതുമായ ആധുനിക അറവുശാലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഇതിന്റെ നോഡൽ ഏജൻസിയായി ശുചിത്വമിഷനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആലുവ നഗരസഭയിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് സംസ്ഥാന ശുചിത്വമിഷനിൽ നിന്നും നഗരകാര്യ ഡയറക്ടർ വഴി താഴെപ്പറയും പ്രകാരം തുക ലഭിച്ചിരുന്നു.

| തീയതി | തുക | ബാങ്ക് |
|---|---|---|
| 18.12.2010 | 25,00,000 | SBT A/c 60057 |
| 28.01.2014 | 37,50,000 | SBT A/c 60057 |
| 20.03.2017 | 1,05,00,000 | SBT A/c 60057 |

(03.04.2017 -ൽ 1,46,42,501/- രൂപ ഈ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. )

അറവുശാല സ്ഥാപിക്കുന്നതിനുള്ള ആദ്യഗഡു ധനസഹായം 2010 -ൽ ലഭിച്ചിരുന്നുവെങ്കിലും നിലവിലുള്ള അറവുശാല ആധുനിക അറവുശാലയാക്കി മാറ്റുന്നതിന് 125 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 03.07.2014 -ലാണ് ശുചിത്വമിഷന് സമർപ്പിച്ചത്. എന്നാൽ എയറോബിക് കമ്പോസ്റ്റിംങ്ങ് യൂണിറ്റ്, മലിന ജല സംസ്കരണ പ്ലാന്റ് എന്നിവ കൂടി അറവുശാലയുടെ ഭാഗമായി നിർമ്മിക്കണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്തിന്റെ വെളിച്ചത്തിൽ 138 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 10.02.2015 -ലെ 5-ാം തീരുമാന പ്രകാരം കൗൺസിൽ ഇതിന് ഭരണാനുമതി നൽകുകയുമുണ്ടായി. 28.03.2015 -ലെ 174/സി.2 /2010/എസ്.എം. ഉത്തരവ് പ്രകാരം ശുചിത്വമിഷൻ ഈ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി. താഴെപ്പറയുന്ന പണികൾക്കാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്.

എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം

| ക്രമ നം. | ഇനം | സാങ്കേതികാനുമതി പ്രകാരമുള്ള തുക | പുതുക്കിയ സാങ്കേതികാനുമതി പ്രകാരമുള്ള തുക |
|---|---|---|---|
| 1 | ബിൽഡിംഗ് & അക്സസറീസ് | 5085100 | 61,88,532 |
| 2. | വൈദ്യുത യന്ത്രഉപകരണം | 25,00,000 | 25,00,000 |
| 3. | ലൈറേജ് ഓഫ് ആനിമൽസ് | 574916 | 5,70,655 |
| 4 | ഗേറ്റോടുകൂടിയ ചുറ്റമതിൽ | 1354627 | 3,21,117 |
| 5 | വൈദ്യുതീകരണം | 3,00,000 | 3,00,000 |
| 6 | പ്ലംബിംഗ് | 2,00,000 | 2,00,000 |

| | | | |
|---|---|---|---|
| 7 | മലിനജല സംസ്കരണ പ്ലാന്റ് | 27,80,000 | 27,80,000 |
| 8 | ബയോഗ്യാസ് പ്ലാന്റ് | 711195 | 7,10,778 |
| 9 | സെപ്റ്റിക് ടാങ്ക് & സോക്ക് പിറ്റ് | 102637 | 1,02,636 |
| 10 | എയറോബിക് കമ്പോസ്റ്റിംങ്ങ് യൂണിറ്റ്, ഷെഡ് | 48376 | 53,108 |
| 11 | മറ്റ് ചെലവുകൾ | 143149 | 73,174 |
| | ആകെ | 1,38,00,000 | 1,38,00,000 |

31.07.2015 -ൽ ഈ പണിക്ക് ഇ-ടെണ്ടർ വിളിച്ചു. 7317280/- രൂപ അടങ്കലുള്ള സിവിൽ വർക്കിനാണ് ടെണ്ടർ വിളിച്ചത്. ഒരു ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ. ആകയാൽ ഈ ടെണ്ടർ ക്യാൻസൽ ചെയ്ത് 26.08.2015 -ൽ റീ ഇ-ടെണ്ടർ വിളിച്ചു. ഇതിലും ഒരു ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ. .06 % കുറവുകാണിച്ച ബിജു. വി.പി. എന്ന കരാറുകാരന്റെ ടെണ്ടർ 07.09.2015 -ലെ 27 -ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചു. കരാറുകാരന് 16.09.2015 -ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും കരാർ ചമച്ചത് 03.10.2015 -ൽ ആണ്. (ഇരു രാഷ്ട്രീയ കക്ഷികൾ തമ്മിൽ തർക്ക പ്രശ്നങ്ങൾ ഉള്ളതിനാൽ അതു പരിഹരിച്ചശേഷം മാത്രം എഗ്രിമെന്റ് വയ്ക്കുവാൻ സാധിക്കുകയുള്ളൂ എന്ന് 26.09.2015 -ൽ നഗരസഭക്ക് നൽകിയ കത്തിൽ കരാറുകാരൻ വ്യക്തമാക്കിയിരുന്നു. ) കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ടത് 02.07.2016 -നകം ആയിരുന്നു എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ബിൽഡിംഗ് & അക്സസറീസിന്റെ പണിപോലും നാളിതുവരെ പൂർത്തീയാക്കിയിട്ടില്ല. രണ്ട് പാർട്ട് ബില്ലുകൾ പ്രകാരമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

പാർട്ട് -1 ₹709538 വൗച്ചർ 23-2/17 തീയതി 07.02.2017

പാർട്ട് -2 ₹2136452 വൗച്ചർ 125-3/17 തീയതി 29.03.2017

ആകെ ചെയ്ത പണിയുടെ മൂല്യം 3313113/- രൂപയാണ്. ഈ പണിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റിലെ തകരാർ പണി വൈകാൻ കാരണമായി

1.38 കോടി രൂപയുടെ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയത് നിലവിലുള്ള അറവുശാല കെട്ടിടത്തിന്റെ ലിന്റൽ ലെവൽ വരെയുള്ള ഭാഗം നിലനിർത്തി അതിനുമുകളിലുള്ള ഭാഗം പൊളിച്ചുകളഞ്ഞ്

പുനർനിർമ്മിക്കാനായിരുന്നു. എന്നാൽ ലിന്റൽ ലെവലിന് താഴെയുള്ള ഭാഗത്തിന് ഉറപ്പില്ലായെന്നും ആ ഭാഗം കൂടി പൊളിച്ചുകളഞ്ഞ് കോളം, ബീം കൺസ്ട്രക്ഷൻ വേണമെന്നും 23.04.2016 -ലാണ് മുൻസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. ഇതുമൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ സാങ്കേതികാനുമതി വാങ്ങേണ്ടിവന്നു. 11.09.2016 -ലാണ് ഇതിന് പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ നിലവിലുള്ള കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പരിശോധിച്ചശേഷം മാത്രമേ അതിൻമേൽ പുനർനിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. ഇതിനുവിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം എസ്റ്റിമേറ്റ്, സാങ്കേതികാനുമതി ഇവ പുതുക്കേണ്ടിവരുകയും പണി വൈകാൻ ഇടയാക്കുകയും ചെയ്തു.

2. ശുചിത്വമിഷന്റെ നിബന്ധനകൾ പാലിക്കാതിരുന്നത് കെട്ടിട നിർമ്മാണത്തെ തടസ്സപ്പെടുത്തി.

സാങ്കേതികാനുമതി നൽകിയ ഉത്തരവിൽ താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചുവേണം നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിബന്ധനകൾ പാലിക്കാൻ നഗരസഭ ശ്രദ്ധിച്ചില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 28.03.2015 , 17.09.2016 -ലെ 174/സി.2/2010/എസ്.എം. -നമ്പർ ഉത്തരവിലെ നിബന്ധനകൾ | നിബന്ധനകൾ പാലിക്കാത്തതു സംബന്ധിച്ച് |
|---|---|
| 1.അംഗീകരിച്ച ഡാറ്റയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വിശദമായ വർക്ക് ഷെഡ്യൂൾ കരാർ ഉടമ്പടിയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. | നിബന്ധനപാലിച്ചിട്ടില്ല . 7317280രൂപയുടെ സിവിൽ വർക്കിന്റെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു. |
| ബിൽഡിംഗ് & അക്സസറീസ് | 5085100 |
| ലൈറേജ് ഓഫ് ആനിമൽസ് | 574916 |
| ഗേറ്റോടുകൂടിയ ചുറ്റുമതിൽ | 1354627 |
| പ്ലംബിംഗ്- | 2,00,000 |
| സെപ്റ്റിക് ടാങ്ക് & സോക്ക് പിറ്റ്- | 102637 |

| | |
|---|---|
| ആകെ- | 7317280 |
| ഇതിൽ 2ലക്ഷം രൂപയുടെ പ്ലംബിങ്ങ് വർക്കിന് എസ്റ്റിമേറ്റ് പോലും തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റ് ഇല്ലാതെ ഈ പണി ടെണ്ടർ ചെയ്തതും തുടർന്ന് എഗ്രിമെന്റ് വെച്ച് പണി തുടങ്ങിയതും ചട്ടവിരുദ്ധമായ നടപടിയാണ്. | |
| 2. വർക്ക് ടെണ്ടർ ചെയ്യുന്നതിനുമുമ്പായി ഇലക്ട്രിഫിക്കേഷൻ വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട അധികാരികളുടെ സാങ്കേതികാനുമതി നേടണം. | നാളിതുവരെ എസ്റ്റിമേറ്റ് പോലും തയ്യാറാക്കിയില്ല. |
| 3. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും സ്പെസിഫിക്കേഷനുകളുടെയും അടിസ്ഥാനത്തിൽ അറവുശാലക്ക് ആവശ്യമായ ഇല്ക്ട്രിക്കൽ ഉപകരണങ്ങൾക്കും മെക്കാനിക്കൽ ഉപകരണങ്ങൾക്കും പ്രത്യേകം ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ പോലും തുടങ്ങിയിട്ടില്ല. |
| 4. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള അനുമതി വാങ്ങേണ്ടതാണ്. | അനുമതി വാങ്ങിയിട്ടില്ല. വാങ്ങാനുള്ള നടപടികൾ തുടങ്ങുന്നതേയുള്ളൂ. |
| 5. വെയ്സ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് , പ്ലംബിങ്ങ് എന്നിവ നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റിന് ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നും സാങ്കേതികാനുമതി വാങ്ങണം. | സാങ്കേതികാനുമതി വാങ്ങുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല. |

28.03.2015 -ലെ സാങ്കേതികാനുമതി ഉത്തരവിലാണ് മുകളിൽ പറഞ്ഞ നിബന്ധനകൾ പാലിക്കണമെന്ന് ശുചിത്വമിഷൻ നിർദ്ദേശിച്ചിരുന്നത്. എന്നാൽ സമയബന്ധിതമായി ഈ നിബന്ധനകൾ നടപ്പിലാക്കാൻ നഗരസഭ ശ്രദ്ധിക്കാതിരുന്നതുകൊണ്ടും ഇപ്പോൾ സിവിൽ പ്രവൃത്തികൾ പോലും പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നു.

3. കരാർ കാലാവധി അവസാനിച്ചിട്ടും കരാറുകാരനെ ചട്ടവിരുദ്ധമായി തുടരാനനുവദിച്ചു.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാർ കാലാവധി തീരുന്നമുറക്ക് ആവശ്യമെങ്കിൽ കരാർ കാലയളവിന്റെ പരമാവധി 50% കൂടി കൂട്ടി കരാറുകാരന് കരാർ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഈ പണിയുടെ കരാർ കാലയളവ് 03.10.2015 മുതൽ 02.07.2016 വരെ 9 മാസമായിരുന്നു. മാന്വൽ പ്രകാരം നീട്ടിനൽകാവുന്നത് പരമാവധി 4.5 മാസം മാത്രമാണ്. എന്നാൽ ഇതിനുവിരുദ്ധമായി കരാറുകാരനെ തുടരാനനുവദിച്ചതായി കാണുന്നു.

മാത്രമല്ല കരാർ നീട്ടിനൽകിയതിന് കരാർ ചമച്ചിട്ടുമില്ല.

**3-11** <u>സർക്കാർ വായ്പ തിരിച്ചടവ് - തിരിച്ചടവ് മുടങ്ങി- പിഴപലിശയിനത്തിൽ</u> **<u>423797/-രൂപയുടെ അധികചെലവ്.</u>**

ഫയൽ നമ്പർ A2-9775/99പ്രകാരം 2016-17 വർഷം സർക്കാർ വായ്പ തിരിച്ചടക്കുന്നതിനായി 17.48 ലക്ഷം രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. താഴെ കാണിച്ച പ്രകാരമാണ് ഇതിന്റെ തിരിച്ചടവ് വന്നിട്ടുള്ളത്.

| മുതൽ | പലിശ | പിഴപലിശ | ആകെ |
|---|---|---|---|
| 691340 | 632379 | 423797 | 1747516 |

17.47 ലക്ഷം രൂപ ഒടുക്കിയതിൽ അതായത് 4.24 ലക്ഷം രൂപ പിഴ പലിശ ഇനത്തിൽ ഒടുക്കിയിട്ടുള്ളതാണ്. ആകെ തിരിച്ചടവിന്റെ 24.25% തുക പിഴപലിശയാണ്. വായ്പ തിരിച്ചടവിൽ മുടക്കം വരുത്തിയതുമൂലമാണ് ഇപ്രകാരം പിഴ ഒടുക്കേണ്ടി വന്നത്. കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| വായ്പ നമ്പർ | വായ്പയുടെ പേര് | കുടിശ്ശിക തവണ | തുക |
|---|---|---|---|
| 1734/95 | ഗവൺമെന്റ് ലോൺ IDSMT | 3 | 457500 |
| 1608/96 | ഗവൺമെന്റ് ലോൺ IDSMT | 2 | 102200 |
| 4448/96 | ഗവൺമെന്റ് ലോൺ IDSMT | 4 | 202260 |
| 3344/98 | ഗവൺമെന്റ് ലോൺ IDSMT | 4 | 516600 |
| 4353/00 | ഗവൺമെന്റ് ലോൺ IDSMT | 4 | 514000 |
| | | ആകെ | 1792560 |

ജീവനക്കാരുടെ ശമ്പളം പെൻഷൻ, വൈദ്യുതി ചാർജ് തുടങ്ങിയ അനിവാര്യ ചെലവുകൾക്കുശേഷം നീക്കിയിരുപ്പ് ഇല്ലാത്തതുകൊണ്ടാണ് ഇപ്രകാരം തവണകൾ മുടങ്ങാൻ ഇടയാക്കിയതെന്നാണ് നഗരസഭ വിശദീകരിച്ചിട്ടുള്ളത്. 2005 വർഷം മുതലാണ് കുടിശ്ശിക ഉണ്ടായിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിലെല്ലാം ആവർത്തിച്ച് പിഴപലിശ ഒടുക്കേണ്ടിവന്നിട്ടും കുടിശ്ശിക തീർപ്പാക്കാൻ

നഗരസഭ ശ്രദ്ധിച്ചിട്ടില്ലായെന്നത് അത്യന്തം ഗൗരവകരമാണ്. വസ്തുനികുതി , തൊഴിൽകരം, കെട്ടിടവാടക എന്നീ ഇനങ്ങളിൽ ലക്ഷങ്ങൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ആകയാൽ പിരിച്ചെടുക്കാനുള്ള തുകകൾ പിരിച്ചെടുത്ത് വായ്പതുകയിലെ കുടിശ്ശിക തീർപ്പാക്കി പിഴപലിശ ഒടുക്കുന്നതിൽ നിന്നും ഒഴിവാകാൻ ശ്രമിക്കേണ്ടതാണ്.

കുടിശ്ശിക വന്നിട്ടുള്ള തുകക്കാണ് പിഴപലിശ നൽകേണ്ടത്. എന്നാൽ പിഴ പലിശയുടെ കൃത്യത ബന്ധപ്പെട്ട സെക്ഷൻ പരിശോധിച്ചതായി കാണുന്നില്ല. (അക്കൗണ്ടന്റ് ജനറലിന്റെ കത്ത് ലഭിക്കുന്ന മുറക്ക് പലിശ ഒടുക്കുന്ന രീതിയാണ് കാണുന്നത്). പിഴ പലിശയുടെ കൃത്യത പരിശോധിച്ചുപോകാൻ ശ്രദ്ധിക്കേണ്ടതാണ്.

അക്കൗണ്ടന്റ് ജനറലിന്റെ 20.10.2016 -ലെ 2A-01/IX-X(II) 2015-16/246 കത്ത് പ്രകാരം 1734/95 എന്ന വായ്പയുടെ 31.03.2016 -ലെ നീക്കി ബാക്കി 1372500 ആണ്. എന്നാൽ നഗരസഭ കണക്ക് പ്രകാരം നീക്കി ബാക്കി 1220000 ആണ്. വ്യത്യാസം നാളിതുവരെ പരിഹരിക്കപ്പെട്ട് കാണുന്നില്ല. 12.2 ലക്ഷം രൂപയുടെ വ്യത്യാസം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

### **3-12** <u>നാലാം മൈലിലെ നഗരസഭാ ഭൂമിയുടെ പാട്ടക്കരാർ - അപാകതകൾ</u>

നഗരസഭയുടെ നാലാം മൈലിലുള്ള ഭൂമിയുടെ (ഫയൽ നമ്പർ -R5-8172/14 Land at Nalammile) പാട്ടക്കരാറുമായി ബന്ധപ്പെട്ട് സുപ്രധാനമായ ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

1. നഗരസഭയുടെ നാലാം മൈലിലുള്ള ഭൂമിയുടെ പാട്ടക്കരാർ നിലവിലുണ്ടായിരുന്ന EKK &Co. എന്ന കരാറുകാരന് 01.04.2015 മുതൽ 31.03.2016 വരെ നീട്ടി നൽകിയിരുന്നു (കൗൺസിൽ തീരുമാനം 32/02.03.2015) രണ്ട് മാസത്തേക്ക് കൂടി കരാർ നീട്ടിനൽകണമെന്ന കരാറുകാരന്റെ അപേക്ഷ പ്രകാരമാണ് കരാർ നീട്ടി നൽകാൻ കൗൺസിൽ തീരുമാനിച്ചത്. എന്നാൽ ഇപ്രകാരം കരാർ നീട്ടിയപ്പോൾ ചട്ടപ്രകാരമുള്ള കരാർ വെച്ചതായി കാണുന്നില്ല. കേരള മുനിസിപ്പാലിറ്റി വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത കരാർ ചമക്കാതെ കരാർ നീട്ടിനൽകിയത് ചട്ടവിരുദ്ധമായ പ്രവർത്തിയാണ്.
2. 2014-15 -ൽ വെറും 10,000/- രൂപ പ്രതിമാസ പാട്ടക്കരാറിനാണ് EKK &Co. ക്ക് കരാർ നൽകിയിരുന്നത്. 3.79 ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്തിന് ഈ കുറഞ്ഞ പാട്ടക്കരാർ നിശ്ചയിച്ചതിന്റെ മാനദണ്ഡമെന്തെന്ന് 09.12.2014 -ലെ 3/2013-14 ഓഡിറ്റ് എൻക്വയറിയിലൂടെ അന്വേഷിച്ചതിന് വികസനം കുറഞ്ഞ പ്രദേശമായതിനാലാണ് കുറഞ്ഞ

തറവാടക നിശ്ചയിച്ചതെന്നായിരുന്നു നഗരസഭ മറുപടി നൽകിയത്. എന്നാൽ 2016-17 -ൽ ടെണ്ടർ വിളിച്ച് പരസ്യലേലം വെച്ചപ്പോൾ പ്രതിമാസ പാട്ടതുക 1,50,000/- രൂപയായി ഉയർന്നു. നേരത്തേയുള്ള കരാർ തുകയുടെ 15 ഇരട്ടി വരുമാന വർദ്ധനവ് ഉണ്ടായി. മാത്രമല്ല 50,000 രൂപ ഡെപ്പോസിറ്റുണ്ടായിരുന്ന സ്ഥാനത്ത് 5 ലക്ഷം രൂപയുടെ ഡെപ്പോസിറ്റും ലഭിച്ചു. 2017-18 വർഷത്തിൽ വരുമാന വർദ്ധനവിനുള്ള മാർഗ്ഗമെന്ന നിലയിൽ ടെൻഡർ ക്ഷണിച്ച് പാട്ടക്കരാർ നൽകുന്നതിന് പകരം നിലവിലെ കരാറുകാരന് 5% വർദ്ധനവിൽ കരാർ നീട്ടിക്കൊടുക്കുകയാണ് നഗരസഭ ചെയ്തത്. ടെൻഡർ ക്ഷണിച്ച് മത്സരാധിഷ്ഠിത പാട്ടത്തുക ഉറപ്പിക്കാതെ 5% വർദ്ധനവ് വരുത്തി നിലവിലെ കരാറുകാരനെ തുടരാനനുവദിച്ചത് വഴി വരുമാന വർദ്ധനവിനുള്ള അവസരം നഷ്ടപ്പെടുത്തി.

3. സൂചന ഫയലിന്റെ 19 -ാം പേജിലെ ഓഫീസ് കുറിപ്പ് പ്രകാരം നഗരസഭ അസറ്റ് രജിസ്റ്ററിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം ഒരു ഹെക്ടർ 53 ആർ 28 സ്ക്വയർ മീറ്റർ ആണ്. എന്നാൽ പാട്ടക്കരാറിൽ സ്ഥല വിസ്തീർണ്ണം 2.57 ഏക്കർ എന്നാണ് കാണിച്ചിട്ടുള്ളത്. ഗുരുതരമായ പിഴവാണ് കരാറിൽ വരുത്തിയിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് കരാറിലെ തെറ്റ് അടിയന്തിരമായി തിരുത്തേണ്ടതാണ്.

4. സ്ഥലത്തിന്റെ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്താൻ 30.03.2016 -ൽ സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ഫയലിൽ കാണുന്നു. എന്നാൽ മുനിസിപ്പൽ എഞ്ചിനീയർ ഈ നിർദ്ദേശം അനുസരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും വിശദീകരണം തേടേണ്ടതാണ്.

5. South Indian Scrap Traders എന്ന കമ്പനിക്കാണ് നിലവിൽ സ്ഥലത്തിന്റെ പാട്ടക്കരാർ നൽകിയിട്ടുള്ളത്. ഈ കമ്പനി എന്ത് ബിസിനസ്സാണ് പാട്ടഭൂമിയിൽ ചെയ്യുന്നത് എന്നത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ആകയാൽ കമ്പനിയുടെ ഡി & ഒ ലൈസൻസിന്റെ പകർപ്പ് അടിയന്തിരമായി പരിശോധനക്ക് നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് 17.07.2017 -ൽ നൽകിയ 20/2016-17 ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി നൽകിയ കത്തിൽ (കത്ത് നമ്പർ R5-8172/2014 തീയതി 29.07.2017) കമ്പനി പ്രവർത്തിക്കുന്നത് കീഴ്മാട് പഞ്ചായത്തിലാണെന്നും ഈ കമ്പനിക്ക് ഡി & ഒ ലൈസൻസ് ഇല്ല എന്നാണ് കക്ഷി അറിയിച്ചിട്ടുള്ളതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. നിയമസാധുതയില്ലാത്ത ഒരു ബിസിനസ്സാണ് നഗരസഭയുടെ വക സ്ഥലത്ത് കരാറുകാരൻ

നടത്തുന്നത് എന്ന് വ്യക്തമായിട്ടും നഗരസഭ തുടർനടപടി സ്വീകരിക്കാത്തത് ദുരൂഹമാണ്. പാട്ട ഭൂമിയിൽ നിയമസാധുതയില്ലാത്ത ബിസിനസ്സ് തുടരാൻ അനുവദിക്കരുത്. ഡി & ഒ ലൈസൻസ് ലഭ്യമാക്കി വേണം കരാർ തുടരാൻ അനുവദിക്കേണ്ടത് .

**3-13** മുനിസിപ്പൽ പാർക്കിന് സ്ഥലം **KURDFC** വായ്പ തിരിച്ചടച്ചു- പണയ രേഖകൾ തിരികെ വാങ്ങിയില്ല

ഫയൽ നമ്പർ A2-3458/01 - KURDFC. ആലുവ മുനിസിപ്പൽ പാർക്കിന് വേണ്ടി നഗരസഭ KURDFC -യിൽ നിന്ന് 2000-2001 കാലഘട്ടത്തിൽ സ്കീം 18 പ്രകാരം എടുത്ത 12,50,000 രൂപയുടെ വായ്പ പൂർണ്ണമായും തിരിച്ചടച്ചതായി 30.06.2016 -ലെ KURDFC/ULB ഡിമാന്റ് / 2016-17 കത്തിൽ KURDFC അറിയിച്ചിട്ടുണ്ട്.

ലോൺ തിരിച്ചടവ് പൂർത്തിയായതായും ടി ലോണിന് ജാമ്യമായി KURDFC -യ്ക്ക് നഗരസഭ നല്കിയ ഈട് തിരികെ നൽകിയതായും കാണിച്ചു കൊണ്ടുള്ള സാക്ഷ്യപത്രം KURDFC -യിൽ നിന്നും വാങ്ങിയിട്ടില്ല ആയത് വാങ്ങേണ്ടതാണ്.

ലോൺ തിരിച്ചടവ് പൂർത്തിയായതായി 30.06.2016 -ൽ KURDFC അറിയിച്ചെങ്കിലും വായ്പയ്ക്ക് ജാമ്യമായി നഗരസഭ നൽകിയ ഈട് സംബന്ധിച്ച രേഖകൾ തിരികെ വാങ്ങാൻ നഗരസഭ നടപടികൾ എടുത്തില്ല എന്ന് കാണുന്നു. നഗരസഭ വസ്തുവകകൾ സംരക്ഷിക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട് എന്നാണ് ഇത് വ്യക്തമാക്കുന്നത്. 21.06.2017 -ൽ ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 13/2016-17 നൽകിയെങ്കിലും ജാമ്യരേഖ തിരികെ ലഭിക്കാൻ 06.07.2017 -ൽ വീണ്ടും കത്തെഴുതിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

വായ്പക്ക് ജാമ്യമായി നൽകിയ രേഖ തിരികെ വാങ്ങി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**3-14** നഗരസഭയിൽ വർഷങ്ങളായി പ്രവർത്തനരഹിതമായ വാട്ടർമീറ്ററുകൾ മാറ്റി സ്ഥാപിച്ചില്ല

ഫയൽ നം. E4-7760/C4 പ്രകാരം നഗരസഭ വാട്ടർചാർജ് അടക്കുന്ന 7 സ്ഥാപനങ്ങളുടെ വാട്ടർ മീറ്ററുകൾ വർഷങ്ങളായി തകരാറിലാണ് . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കൺസ്യൂമർ നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | റിക്രിയേഷൻ ഗ്രൗണ്ട് | ALM/5903/N | 2008 മാർച്ച് മുതൽ തകരാറിൽ |
| 2 | വർക്കേഴ്സ് കോളനി | ALM/6079/N | 2014 മെയ് മുതൽ |

| | | | |
|---|---|---|---|
| | | | തകരാറിൽ |
| 3 | മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ് | ALM/194/N | 2014 ആഗസ്റ്റ് മുതൽ തകരാറിൽ |
| 4 | റെസ്റ്റ് ഹൗസ് ബിൽഡിംഗ് | ALM/6186/N | തകരാറിലായ തീയതി ലഭ്യമല്ല |
| 5 | ഗവ. ഗേൾസ് HSS | ALM/640/N | തകരാറിലായ തീയതി ലഭ്യമല്ല |
| 6 | ഗവ. HAC LPS | ALM/68/N | തകരാറിലായ തീയതി ലഭ്യമല്ല |
| 7 | 12 -ാം വാർഡ് അംഗൻവാടി | ALM/6079/N | തകരാറിലായ തീയതി ലഭ്യമല്ല |

കേടായ വാട്ടർമീറ്ററുകൾ മാറ്റി സ്ഥാപിക്കാനും അല്ലാത്തപക്ഷം സർചാർജ്ജ് തുക കൂടെ അടക്കേണ്ടി വരുമെന്നും വാട്ടർ അതോറിറ്റി പല പ്രാവശ്യം നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. വാട്ടർമീറ്റർ തകരാറിലായതിനാൽ വാട്ടർചാർജ് ഇനത്തിൽ ഭീമമായ തുക കുടിശ്ശിക വരുന്നുണ്ടെന്ന് കാണിച്ച് 12 -ാം വാർഡ് കൗൺസിലർ 16.02.2016 -ൽ പരാതിയും നൽകിയിരുന്നു.

പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റുന്നതിന് ടാപ്പൊന്നിന് 2620/- രൂപ വെച്ച് 7 ടാപ്പുകൾക്ക് 18340/- രൂപ ചെലവ് വരുമെന്ന് 20.05.2016 -ൽ നഗരസഭ ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന് 08.06.2016 -ലെ 4-ാം നമ്പർ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം അംഗീകാരം നൽകുകയും 29.06.2016 , 12.07.2016 എന്നീ തീയതികളിൽ ടി പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ ക്വട്ടേഷൻ , റീ ക്വട്ടേഷൻ എന്നിവ ക്ഷണിക്കുകയും ചെയ്തു. എന്നാൽ 2 പ്രാവശ്യവും ക്വട്ടേഷനുകൾ ഒന്നും തന്നെ ലഭ്യമായില്ല. പിന്നീട് 30.08.2016 -ൽ ശ്രീ. സെവരിയർ (പ്ലംബർ) എന്ന വ്യക്തി ടി വേല എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുന്നതിന് സമ്മതം അറിയിക്കുകയും 14.09.2016 -ലെ 1 -ാം നമ്പർ തീരുമാനപ്രകാരം ടിയാന്റെ ഓഫർ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. 25.10.2016 -ന് വർക്ക് ഓർഡർ നൽകിയെങ്കിലും മേൽ വ്യക്തി നോട്ടീസ് കൈപ്പറ്റുകയോ തുടർനടപടികളിലേക്ക് കടക്കുകയോ ചെയ്തില്ല.

നഗരസഭയിൽ വർഷങ്ങളായി കേടുവന്നിരിക്കുന്ന വാട്ടർമീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതിനും വാട്ടർചാർജിന്റെ കൃത്യത ഉറപ്പുവരുത്താതെ തുക ഒടുക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് 31.7.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 29 ന് നഗരസഭ നൽകിയ മറുപടിയിൽ ടി വ്യക്തി പണി പൂർത്തിയാക്കാൻ തയ്യാറാവാത്തത് മൂലം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ

ക്വട്ടേഷൻ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. കണക്ഷൻ വിച്ഛേദിക്കാതിരിക്കാനാണ് കേടുവന്ന വാട്ടർ മീറ്ററിന്റെ വാട്ടർചാർജ്ജ് ഒടുക്കി വരുന്നതെന്നും ചാർജ്ജിൽ വേരിയേഷൻ വന്നിട്ടില്ല എന്നുമാണ് എക്സി.എഞ്ചിനീയർ മറുപടി നൽകിയിരിക്കുന്നത് . കേടുവന്ന വാട്ടർ മീറ്ററുകൾ മാറ്റി എത്രയും വേഗം പുന:സ്ഥാപിയ്ക്കേണ്ടതാണ്.

### 3-15 പത്രപരസ്യം നൽകിയതിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തെ ആലുവ നഗരസഭയുടെ വിവിധ കുത്തക ലേലം / ടെണ്ടർ പരസ്യങ്ങൾ ദിനപത്രങ്ങൾ വഴി പ്രസിദ്ധീകരിച്ചതിന് G.O(Rt) നം : 1 / 2011 / P & ARD തീയതി 04.01.2011 ഉത്തരവ് പ്രകാരം നേടിയെടുക്കാമായിരുന്ന 15 % ഡിസ്കൗണ്ട് പ്രസ്തുത പത്രസ്ഥാപനങ്ങളിൽ നിന്നും നഗരസഭ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പത്രത്തിന്റെ പേര് | ഫയൽ നം:/ വിഷയം | പരസ്യം പ്രസിദ്ധീകരിച്ച തീയതി / പേജ് നം | ബിൽനം/ തുക (രൂപ) | ചെക്ക് നം./ തീയതി | ലഭ്യമാക്കേണ്ടിയിരുന്ന 15% ഡിസ്കൗണ്ട് തുക (രൂപ) |
|---|---|---|---|---|---|---|
| 1) | മാതൃഭൂമി | G3-13914/16- ശിവരാത്രി ലേലം | 08.01.2017 /4 | 60981550- 9828/- | 72108/ 16.02.2017 | 1474 |
| 2) | മലയാള മനോരമ | G3-13914/16 ശിവരാത്രി ലേലം | 06.01.2017 /2 | 216651941- 5340/- | 72109/ 16.02.2017 | 801 |
| 3) | മാതൃഭൂമി | R5-6474/15- ലേലം/ ടെണ്ടർ | 08.03.2016 /12 | 60838540- 10240/- | 34864/ 02.07.2016 | 1536 |
| 4) | മലയാള മനോരമ | E1-5595/14- പൊതുമരാമത്ത് വേല-ടെണ്ടർ | 01.12.2016 /2 | 216618686- 4450/- | 46773/ 20.03.2017 | 667.5 |
| 5) | മലയാള മനോരമ | R5-11887/16- റീടെണ്ടർ- ഫിഷ് മാർക്കറ്റ് | 05.12.2016 /2 | 216623067- 4450/- | 13.03.2017 | 667.5 |
| 6) | മലയാള മനോരമ | E4-12450/16- വാഹനലേലം | 24.10.2016 /2 | 216576196- 4450/- | 46773/ 20.03.2017 | 667.5 |
| 7) | മാതൃഭൂമി | R5-6063/09- കുത്തകലേലം | 11.02.2016 /13 | 60791292- 12800/- | 34864/ 02.07.2016 | 1920 |
| ആകെ ലഭ്യമാക്കേണ്ടിയിരുന്ന തുക | | | | | | 7734 രൂപ |

പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭ്യമാക്കാതിരുന്നതിന് കാരണം ആരാഞ്ഞ് 18.04.2017 ,26.05.2017 എന്നീ തീയതികളിൽ നൽകിയ ഓഡിറ്റ് എൻക്വയറി 2/2016-17 ,8/2016-17 എന്നിവയ്ക്ക് മേൽ സർക്കാർ ഉത്തരവ് നഗരസഭയുടെ ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് ഈ വീഴ്ച സംഭവിച്ചതെന്നും നഗരസഭ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് നൽകുന്ന പരസ്യങ്ങൾക്ക് കിഴിവ് അനുവദിക്കാമെന്ന് ടി പത്രസ്ഥാപനങ്ങൾ അറിയിച്ചതായും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട് . മാത്രമല്ല മറ്റ് വാണിജ്യ പരസ്യങ്ങൾക്ക് ഈടാക്കുന്ന ചാർജ്ജിലും വളരെ താഴ്ന്ന നിരക്കിലാണ് നഗരസഭാ പരസ്യങ്ങൾക്ക് ഈ പത്രങ്ങൾ ചാർജ്ജ്

ഈടാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും മേൽപറഞ്ഞ ഉത്തരവ് ചേർത്തിട്ടുണ്ട്. ആയതിനാൽ ഉത്തരവ് ശ്രദ്ധിച്ചിട്ടില്ല എന്ന മറുപടി തൃപ്തികരമല്ല. ഇനിയുള്ള പരസ്യങ്ങൾ നൽകുമ്പോൾ സർക്കാർ അംഗീകരിച്ചിട്ടുള്ള ഡിസ്കൗണ്ട് ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-16** മുനിസിപ്പൽ ലൈബ്രറിയിലേക്കുള്ള പത്രമാസികകളുടെ വരിസംഖ്യ ഒടുക്കിയതിൽ കാലതാമസം

ഫയൽ നമ്പർ G4- 8688/12

ആലുവ നഗരസഭയുടെ കീഴിലുള്ള കുറ്റിപ്പുഴ കൃഷ്ണപിള്ള സ്മാരക ലൈബ്രറിയിൽ ദിനപത്രങ്ങളും മറ്റ് ആനുകാലികങ്ങളും വിതരണം ചെയ്ത വകയിൽ ലൈബ്രേറിയൻ വഴി പത്രഏജന്റ് ബില്ലുകൾ സമർപ്പിച്ചതിൽ വളരെയധികം കാലതാമസം ഉണ്ടായിട്ടുണ്ട് . 2013 ജനുവരി മുതൽ 2015 ഡിസംബർ വരെ ലൈബ്രറിയിൽ വിതരണം ചെയ്ത പ്രസിദ്ധീകരണങ്ങളുടെ ബില്ലുകൾ 20.05.2016 നാണ് നഗരസഭയിൽ സമർപ്പിച്ചിരിയ്ക്കുന്നത്. ബിൽ തുകയായ 82,362 രൂപ , 01.11.2016 ലെ 6-ാം നമ്പർ തീരുമാനമായി കൗൺസിൽ പാസ്സാക്കുകയും 15.11.2016 -ന് ചെക്ക് നമ്പർ 39445 പ്രകാരം പത്ര ഏജന്റായ ശ്രീ. കെ.പി. ആന്റണിക്ക് ഒറ്റത്തവണയായി തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.

കണ്ടിജന്റ് ബില്ലുകൾ യഥാസമയം നഗരസഭയിൽ സമർപ്പിക്കാതെ ഇത്രയും ഭീമമായ തുക കുടിശ്ശിക വരുത്തുമ്പോൾ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് ക്രമീകരണത്തെ ഇത് പ്രതികൂലമായി ബാധിക്കുന്നതാണ് . മാത്രമല്ല, പത്ര ഏജന്റ് സമർപ്പിച്ചിട്ടുള്ള ബില്ലിൽ ഓരോ ആനുകാലികങ്ങളുടെയും 3 വർഷത്തെ മൊത്തം തുകയാണ് കാണിച്ചിരിക്കുന്നത്. ഓരോ ആനുകാലികത്തിന്റേയും ആകെ എണ്ണവും വിലയും കാണിച്ച് വേണം മൊത്തം തുക കണക്കാക്കേണ്ടത്. ഇപ്രകാരം തുക നിർണ്ണയിച്ച സ്റ്റേറ്റ്മെന്റ് ഹാജരാക്കാനും ബിൽ യഥാസമയം സമർപ്പിയ്ക്കാത്തതിന് വിശദീകരണം ആരാഞ്ഞും 04.07.2017ന് നൽകിയ ഓഡിറ്റ് എൻക്വയറി 16/2016-17 ന് നഗരസഭ മറുപടി നൽകിയിരുന്നു . കുടിശ്ശികയുള്ള വിവരം ലൈബ്രേറിയൻ ടി ഏജന്റിനെ അറിയിച്ചിരുന്നുവെന്നും എന്നാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ മൂലം ശ്രീ.കെ.പി.ആന്റണിയ്ക്ക് ബില്ലുകൾ യഥാസമയം സമർപ്പിയ്ക്കാൻ സാധിച്ചില്ലെന്നുമാണ് മറുപടി നൽകിയത് . ടി ബില്ലുകൾ സബ്സ്ക്രിപ്ഷൻ രജിസ്റ്റർ വാല്യം 3 ലും പീരിയോഡിക്കൽ രജിസ്റ്ററിലും ചേർത്ത് ഒത്തുനോക്കിയ ശേഷമാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത് . തുടർന്ന് വരുന്ന

ബില്ലുകളിൽ മേൽപ്പറഞ്ഞ രീതിയിൽ ഓരോ ആനുകാലികങ്ങളുടെയും എണ്ണവും വിലയും ചേർത്ത് ഹാജരാക്കുന്നതാണെന്നും ഈ വിഷയത്തിൽ 07.11.2016 ൽ ഏജന്റിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നഗരസഭ മറുപടി നൽകിയിട്ടുണ്ട്.

കണ്ടിജന്റ് ബില്ലുകൾ സമയബന്ധിതമായി നഗരസഭയിൽ ഹാജരാക്കുന്നതിൽ അതാത് സെക്ഷനുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബില്ലുകൾ സമർപ്പിക്കുമ്പോൾ ഭീമമായ തുക ഒരുമിച്ച് നൽകേണ്ടി വരുന്നത് മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**3-17** <u>നഗരസഭാ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തുന്നില്ല</u>

<u>ഫയൽ നം : E4 – 6051/12</u>

2000 -ലെ കേരള മുനിസിപ്പാലിറ്റി മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. 2016-17 സാമ്പത്തിക വർഷത്തെ ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്കുകളിൽ ഒന്നിലും തന്നെ അവയുടെ ഇന്ധനക്ഷമത പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റുകൾ പതിപ്പിച്ചിട്ടില്ല. വാഹനത്തിനു നടത്തിയ അറ്റകുറ്റപ്പണികളെക്കുറിച്ചുള്ള രേഖപ്പെടുത്തലുകളും ലോഗ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയങ്ങളിൽ നടത്തേണ്ടതും അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതുമാണ്. തന്മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ആകെ ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ മാസാവസാനം രേഖപ്പെടുത്തേണ്ടതാണ്. ഇങ്ങനെയുള്ള രേഖപ്പെടുത്തലുകളും നഗരസഭാ വാഹനങ്ങളുടെ ലോഗ്ബുക്കിൽ ചേർത്തു കാണുന്നില്ല . ചില യാത്രകളിൽ വാഹനം ഉപയോഗിച്ച വ്യക്തിയുടെ പേരും ഒപ്പും ലോഗ്ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല .ടി വിവരങ്ങൾ കൃത്യമായി ലോഗ്ബുക്കിൽ ചേർക്കേണ്ടതാണ് . 2016-17 വർഷത്തിൽ 8 വാഹനങ്ങളാണ് വിവിധ ആവശ്യങ്ങൾക്കായി നഗരസഭയിൽ ഓടിക്കൊണ്ടിരുന്നത് . എല്ലാ വാഹനങ്ങളുടെയും ഇൻഷ്വറൻസ് പുതുക്കിയിട്ടുണ്ട് .

എല്ലാ വാഹനങ്ങളുടെയും 2016-17 വർഷത്തിൽ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ട് 01.07.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് നഗരസഭ നൽകിയ മറുപടിയിൽ ഇതിൽ 2 വാഹനങ്ങളുടെ മാത്രം ടെസ്റ്റ് 6.2.2017, 17.2.2017 എന്നീ തീയതികളിൽ നടത്തിയിട്ടുണ്ടെന്നും എന്നാൽ അവയുടെ സർട്ടിഫിക്കറ്റുകൾ നഗരസഭയിൽ ലഭ്യമായിട്ടില്ല എന്നുമാണ് അറിയിച്ചിരിയ്ക്കുന്നത് . വർഷം തോറും നല്ലൊരു തുക വാഹനങ്ങൾക്ക് ഇന്ധനം അടിയ്ക്കുവാൻ ചെലവഴിയ്ക്കുന്നുണ്ട് .മൈലേജ് ടെസ്റ്റ് നടത്താത്തതിനാൽ ടി ബില്ലുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിയ്ക്കുന്നില്ല . കൃത്യമായ ഇടവേളകളിൽ വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റുകൾ നടത്തേണ്ടതും ആയവ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ് .

**3-18** കമ്പ്യൂട്ടർ പ്രിന്ററിന്റെ ടോണർ റീഫില്ലിംഗ് ചട്ടപ്രകാരമുള്ള ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല

ഫയൽ നമ്പർ -G4-4614/13

ജി.ഒ.(പി) 3/2013 എസ്.പി.ഡി. തീയതി 21.06.2013 പ്രകാരമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013- ഖണ്ഡിക 7.4 പ്രകാരം 15000 രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ആലുവ നഗരസഭയിലെ ഓഫീസ് പ്രവർത്തനത്തിന് കമ്പ്യൂട്ടർ പ്രിന്ററുകളുടെ ടോണർ റീഫില്ലിംഗിന് താഴെ ചേർത്തിരിക്കുന്ന പ്രകാരം ആകെ 39780/- രൂപ ചെലവുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1 | 60 5/16 | ചെക്ക് നം 033279 തീയതി 23.05.2016 | 11000 |
| 2 | 116 8/16 | ചെക്ക് നം 036171 തീയതി 30.08.2016 | 12305 |
| 3 | 96 10/16 | ചെക്ക് നം 038077 തീയതി 22.10.2016 | 12212 |
| 4 | 53 2/17 | ചെക്ക് നം -046280 തീയതി 09.02.2016 | 4263 |
| | ആകെ | | 39780 |

ANETTEE ENTERPRISES, DoorNo. 18/1647, (Near Geo Sea Foods), Palluruthy, Cochin-682 006 – എന്ന സ്ഥാപനത്തിൽ നിന്നുമാണ് കമ്പ്യൂട്ടർ പ്രിന്ററുകളുടെ ടോണർ റീഫില്ലിംഗ് നടത്തിയിരിക്കുന്നത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തേക്ക് ഇതിലേക്കായി

ജി.ഒ.(പി) 3/2013 എസ്.പി.ഡി. തീയതി 21.06.2013 പ്രകാരമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 പ്രകാരം ഓരോ സാമ്പത്തികവർഷത്തേക്കും ആകെ വരാവുന്ന ചെലവുകൾ പരിഗണിച്ച് ആ വർഷത്തേക്ക് ക്വട്ടേഷൻ ക്ഷണിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. മാത്രമല്ല മേൽ സ്ഥാപനവുമായി ആലുവ നഗരസഭ ഇതു സംബന്ധിച്ച് എഗ്രിമെന്റ് വച്ചിട്ടില്ല. ഇതു സംബന്ധിച്ച് 11.07.2017 -ൽ 18/2016-17 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 17.07.2017 -ൽ ജി.4/5376/12 -ാം നമ്പറായി നഗരസഭ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഓരോ സാമ്പത്തികവർഷത്തേക്കും ആകെ വരുന്ന ചെലവു പരിഗണിച്ച് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-19** നഗരസഭ ചെലവിൽ മുറിച്ചുമാറ്റിയ മരം ലേലം ചെയ്ത് ആദായം മുതൽക്കൂട്ടിയില്ല- **₹60,000/-** ചെലവ് തടസ്സപ്പെടുത്തുന്നു.

1. ഫയൽ നമ്പർ H3-7562/16 – സർക്കാർ L.P സ്കൂളിൽ നിൽക്കുന്ന കുറ്റൻ വാകമരം മുറിച്ച് മാറ്റുന്നതിന് JHI ശ്രീമതി L ശ്രീലിനിക്ക് 30,000/- രൂപ അനുവദിച്ചു.

   (ചെക്ക് നം. 036194/07.04.2016)

2. ഫയൽ നമ്പർ H3-6454/17

   ഫയൽ നമ്പർ H3-1339/16

   ജനറൽ മാർക്കറ്റ്, ബസ് സ്റ്റാന്റ്, ലൈബ്രറി, മാധവപുരം കനാൽ എന്നിവിടങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് JHI ശ്രീ. അഖിൽ ജിഷ്ണു -വിന് 15,000/- രൂപ മുൻകൂർ അനുവദിച്ചു. (ചെക്ക് നം. 034875/ 15.07.2016)

3. പുറമ്പോക്ക്, മുനിസിപ്പൽ ഗ്രൗണ്ട് എന്നിവിടങ്ങളിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് JHI ശ്രീ. ഷിയാസുദ്ദീന് 15,000/- രൂപ മുൻകൂർ അനുവദിച്ചു.

   (ചെക്ക് നം. 034875/ 15.07.2016)

മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് ആദായം മുതൽക്കൂട്ടിയില്ല. മുറിച്ച മരം എന്തുചെയ്തു എന്നതുസംബന്ധിച്ച് 21.04.2017 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/2016-17 -ന് 22.05.2017 -ൽ നൽകിയ മറുപടിയിൽ വിശദീകരണം പിന്നീട് നൽകാമെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർന്ന് വിശദീകരണം നൽകിയിട്ടില്ല. മുറിച്ചുമാറ്റിയ മരം ലേലം ചെയ്യാതിരുന്നതുമൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

ക്രമനമ്പർ (2) (3) പ്രകാരം അനുവദിച്ചിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല. G.O(P)

419/2011 ധന. തീയതി 04.10.2011 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും തിരിച്ച് പിടിക്കണമെന്നാണ് സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. ആകയാൽ ഇക്കാര്യത്തിൽ നഗരസഭ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

മുകളിൽ കാണിച്ച കാരണങ്ങളാൽ ₹ 60,000/- (30,000+ 15,000+ 15,000) ചെലവ് തടസ്സപ്പെടുത്തുന്നു.

**3-20** മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

ജി.ഒ.(പി) 419/2011 ധനം. 04.10.2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി. വാല്യം-I, അനുച്ഛേദം 99 പ്രകാരമുള്ളത്) കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തരമായി തിരിച്ചു പിടിക്കണം. ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം. ആലുവ നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽകിയ താഴെപറയുന്ന അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | അഡ്വാൻസിന്റെ സ്വഭാവം | അഡ്വാൻസ് തുക |
|---|---|---|---|---|
| 1 | 12 – 6/16 04.06.2016 | അഖിൽ ജിഷ്ണു , JHI -Grade -II | മഴക്കാല പൂർവ്വ ശുചീകരണം | 1,05,000 |
| 2 | 12 – 6/16 04.06.2016 | ഷിയാസുദ്ദീൻ , JHI -Grade -II | മഴക്കാല പൂർവ്വ ശുചീകരണം | 1,05,000 |
| 3 | 12 – 6/16 04.06.2016 | ശ്രീലിനി , JHI -Grade -II | മഴക്കാല പൂർവ്വ ശുചീകരണം | 90,000 |
| 4 | 50 – 6/16 04.06.2016 | ഹുസൈൻ , ഓവർസീയർ ഗ്രേഡ് -I | അനധികൃത നിർമ്മാണം പൊളിച്ചുനീക്കൽ | 18,000 |
| | ആകെ | | | 3,18,000 |

മേൽപറഞ്ഞ 3,18,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് മേൽ പറഞ്ഞ തുകകൾ പലിശസഹിതം ഈടാക്കേണ്ടതാണ്. മേൽപറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥരിൽ ശ്രീ. അഖിൽ ജിഷ്ണു, JHI -Grade -II , ശ്രീ. ഷിയാസുദ്ദീൻ JHI -Grade -II 2015-16 സാമ്പത്തിക വർഷത്തിൽ

മുൻകൂറായി കൈപ്പറ്റിയ തുകകൾ യഥാക്രമം 80,000 രൂപ, 1,60,000 രൂപയുടെ ചെലവുകളും നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ചെലവ് നടന്ന് മാസങ്ങൾ പിന്നിട്ടിട്ടും രേഖകൾ ഹാജരാക്കി ചെലവുകൾ ക്രമീകരിക്കാത്തത് ഉദ്യോഗസ്ഥരുടെ ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇക്കാര്യം അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

**3-21** ആയുർവേദമെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

ഫയൽ നമ്പർ -C52/2016

ആലുവ നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലൊന്നായ ഗവ.ആയുർവേദ ആശുപത്രി, ആലുവ -യുടെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ ലൗലി മാത്യൂ നിർവ്വഹണോദ്യോഗസ്ഥയായി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളാണ് "ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- പ്രോജക്ട് നമ്പർ S0027/17", "ആയുർവേദ പ്രതിരോധ മരുന്ന് വിതരണം- പ്രോജക്ട് നമ്പർ S0028/17" എന്നിവ.

1) പ്രോജക്ട് നമ്പർ - S0027/17

| | |
|---|---|
| പ്രോജക്ടിന്റെ പേര് | - ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | - S0027/17 |
| പ്രോജക്ട് വിഭാഗം | - ജനറൽ |
| അടങ്കൽ തുക | - 10,60,000 |
| ഭരണാനുമതിയുടെ നമ്പരും തീയതിയും | - 01/23.08.2016 |

ആലുവ നഗരസഭയുടെ വികസനഫണ്ടിൽ നിന്നും 10,60,000/- രൂപ വിനിയോഗിച്ച് ഗവ. ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. മേൽ പ്രോജക്ട് പ്രകാരം ആയുർവേദ മരുന്നുകളുടെ വിലയായി Managing Director, Oushadhi Pharmaceutical Corporation(I.M) Kerala Ltd, പേർക്ക് 20.12.2016 -ലെ SBT- Aluva Main Branch -ന്റെ 148998 -ാം നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം 10,60,000 രൂപ നൽകിയിട്ടുണ്ട്. 28.12.2016 -ലെ ട്രാൻസ്ഫർ രസീത് നമ്പർ 7419/10221 പ്രകാരം മേൽ സ്ഥാപനം തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള വിലയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| | | | | |
|---|---|---|---|---|
| 06.01.2017 | GP/2016-17 | 3088/2016-17 | PN 1046(798) | 3,53,717 |

| | | | | |
|---|---|---|---|---|
| 31.01.2017 | GP/2016-17 | 3600/2016-17 | PN 1046(798a) | 1,39,333 |
| 27.02.2017 | GP/2016-17 | 4349/2016-17 | PN 1046(798b) | 1,13,170 |
| 18.03.2017 | GP/2016-17 | 4718/2016-17 | PN 1046(798c) | 1,66,820 |
| 31.03.2017 | GP/2016-17 | 5022/2016-17 | PN 1046(798d) | 78,588 |
| 07.06.2017 | INVOICE NO. 90020533 | GP/1046(113) | | 44,679 |
| | | ആകെ | | 8,96,307 |

മേൽപ്രകാരം 8,96,307 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. വ്യവസ്ഥപ്രകാരം ഇൻഡന്റും പണവും ലഭിച്ച് 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതാണ്. 10,60,000/- രൂപയിൽ മേൽപ്രകാരമുള്ള 8,96,307/- രൂപ കിഴിച്ച് ബാക്കി 1,63,693/- രൂപയുടെ മരുന്ന് നാളിതുവരെ ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നും ഗവ. ആയുർവേദ ആശുപത്രി, ആലുവ -യ്ക്ക് ലഭിച്ചിട്ടില്ല. ഇതു ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകളൊന്നുംതന്നെ ഫയലിൽ ഇല്ല.

2) പ്രോജക്റ്റ് നമ്പർ - S0028/17

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | - ആയുർവേദ പ്രതിരോധമരുന്ന് വിതരണം. |
| പ്രോജക്റ്റ് നമ്പർ | - S0028/17 |
| പ്രോജക്റ്റ് വിഭാഗം | - ജനറൽ |
| അടങ്കൽ തുക | - 1,25,000 |
| ഭരണാനുമതിയുടെ നമ്പരും തീയതിയും | - 01/23.08.2016 |

ആലുവ നഗരസഭയുടെ വികസനഫണ്ടിൽ നിന്നും 1,25,000/- രൂപ വിനിയോഗിച്ച് ഗവ. ആയുർവേദ ആശുപത്രിയിലേക്ക് ആയുർവേദ പ്രതിരോധമരുന്ന് മരുന്ന് വാങ്ങി വിതരണം ചെയ്യുക എന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. മേൽ പ്രോജക്റ്റ് പ്രകാരം ആയുർവേദ പ്രതിരോധ മരുന്നുകളുടെ വിലയായി Managing Director, Oushadhi Pharmaceutical Corporation(I.M) Kerala Ltd, പേർക്ക് 20.12.2016 -ലെ SBT- Aluva Main Branch -ന്റെ 148999 -ാം നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം 1,25,000 രൂപ നൽകിയിട്ടുണ്ട്. 28.12.2016 -ലെ ട്രാൻസ്ഫർ രസീത് നമ്പർ 7419/10222

പ്രകാരം മേൽ സ്ഥാപനം തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള വിലയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| | | | | |
|---|---|---|---|---|
| 06.01.2017 | GP/2016-17 | 3089/2016-17 | PN 1047(799) | 39,520 |
| 27.02.2017 | GP/2016-17 | 4342/2016-17 | PN 1047(799a) | 32,442 |
| 17.03.2017 | GP/2016-17 | 4654/2016-17 | PN 1047(799b) | 26,498 |
| 31.03.2017 | GP/2016-17 | 4983/2016-17 | PN 1047(799a) | 7,432 |
| 07.06.2017 | INVOICE NO. 90020531 | GP/1047(114) | | 3,175 |
| | | ആകെ | | 1,09,067 |

മേൽപ്രകാരം 1,09,067 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. വ്യവസ്ഥപ്രകാരം ഇന്റന്റും പണവും ലഭിച്ച് 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതാണ്. 1,25,000/- രൂപയിൽ മേൽപ്രകാരമുള്ള 1,09,067/- രൂപ കിഴിച്ച് ബാക്കി 15,933/- രൂപയുടെ മരുന്ന് നാളിതുവരെ ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നും ഗവ. ആയുർവേദ ആശുപത്രി, ആലുവ -യ്ക്ക് ലഭിച്ചിട്ടില്ല. ഇതു ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകളൊന്നുംതന്നെ ഫയലിൽ ഇല്ല.

മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളുടേയും തുക ചെലവഴിച്ചത് ഡിസംബർ 2016 -ലാണ്. തുക നൽകി ഏഴ് മാസമായിട്ടും ബാക്കി മരുന്ന് ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് പ്രകാരം പണം ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കണം എന്ന വ്യവസ്ഥ ലംഘിക്കപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് 18.07.2017 -ൽ 21/2016-17 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന് ഗവ. ആയുർവേദആശുപത്രി, ആലുവ , ചീഫ് മെഡിക്കൽ ഓഫീസർ ആലുവ നഗരസഭ സെക്രട്ടറി മുഖാന്തരം മറുപടി നൽകിയിട്ടുണ്ട്. രണ്ട് പ്രോജക്ടുകളിലായി ഇനി ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ വരവു വെച്ച് ഓഡിറ്റ് ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ വിശദീകരിക്കുന്നു. ഈ നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ ഓഡിറ്റ് പരാമർശം തുടരുന്നതാണ്.

## 3-22 പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല

ആലുവ നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ

നിർവ്വഹണോദ്യോഗസ്ഥനായി ആകെ 27,94,846 (ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തി ആറ് രൂപ മാത്രം) രൂപയുടെ 9 പദ്ധതികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കേണ്ടതായിരുന്നു. എന്നാൽ ' implementing officerwise Expenditure Report 2016-17 ' പ്രകാരം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 20.06.2017 -ൽ 12/2016-17 -ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ 25.06.2016 -ൽ V-169/15 -ാം നമ്പറായി ആലുവ നഗരസഭ സെക്രട്ടറി മുഖേന മറുപടി നൽകിയിട്ടുണ്ട്. ഈ മറുപടിയിൽ 2016-17 വർഷത്തിൽ യാതൊരു പദ്ധതികളും പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയിട്ടില്ല എന്ന വിശദീകരണം മാത്രമാണ് നൽകിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽവരുന്ന പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## **3-23** കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല **₹23,76,183/-** തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ E4- 12264/16 2017 -ലെ മഹാശിവരാത്രിയുടെ ഭാഗമായി മണപ്പുറത്ത് വൈദ്യുതീകരണ പ്രവൃത്തി ചെയ്യുന്നതിന് 15 ലക്ഷം രൂപ മുൻകൂറായി 12.01.2017 -ൽ 072102 ചെക്ക് പ്രകാരം ആലുവ കെ.എസ്.ഇ.ബി -ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 16.03.2017-ൽ 5,02,500/- രൂപയും കെ.എസ്.ഇ.ബി -ക്ക് നൽകിയിട്ടുണ്ട്. ആകെ 20,02,500/- (ഇരുപതുലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ) ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി -യിൽ നിന്നും ഹാജരാക്കേണ്ടതാണ്.

ഫയൽ നമ്പർ E4- 7964/15 ഫയൽ പ്രകാരം താഴെ പറയുന്ന തുകകൾ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ( വെസ്റ്റ് സെക്ഷൻ, ആലുവ) കൈമാറിയിട്ടുണ്ട്.

| | സ്ട്രീറ്റ് ലൈൻ വലിക്കുന്ന സ്ഥലം | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| എ) | മണപ്പുറം റോഡിൽ ദേശം കടവ് മുതൽ മണപ്പുറം വരെ | 3,62,980 | 072101/ 13.12.2016 |
| ബി) | 10 -ാം വാർഡിൽ പൈപ്പ് ലൈൻ റോഡിൽ സ്ട്രീറ്റ് ലൈൻ | 3,150 | 038085/ 26.10.2016 |
| സി) | മണപ്പുറം എത്തുന്നതിന് മുൻപുള്ള ബൈലൈനിലും | 7,553 | 033241 04.05.2016 |

| | | | |
|---|---|---|---|
| | ഓൾഡ് ദേശം റോഡിലും സ്ട്രീറ്റ് ലൈൻ | | |

പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. പ്രവൃത്തിക്കായി മുൻകൂർ നൽകിയ തുക വിനിയോഗിച്ചതിന്റെ വിനിയോഗ പത്രം കെ.എസ്.ഇ.ബി -യിൽ നിന്നും ഹാജരാക്കേണ്ടതാണ്. വിനിയോഗ പത്രത്തിന്റെ അഭാവത്തിൽ മേൽപ്രവൃത്തികൾക്കായി നൽകിയ ₹23,76,183/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-24** <u>മരാമത്ത് പണി അപാകതകൾ **- ₹ 36,165/-** ചെലവ് തടസ്സപ്പെടുത്തുന്നു.</u>

<u>ഫയൽ നമ്പർ E1-9885/15 – നഗരസഭ ഓഫീസിൽ കുഴൽകിണർ സ്ഥാപിക്കൽ.</u>

നഗരസഭ ഓഫീസ് വളപ്പിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിന് 12.04.2016 -ലെ 20 -ാം കൗൺസിൽ തീരുമാനപ്രകാരം ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസർക്ക് 25.04.2016 -ലെ ഡി.ഡി.നമ്പർ 027857 പ്രകാരം 41000 രൂപ നൽകി. ടി ഓഫീസറുടെ 18.07.2016 -ലെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 36165 രൂപ ചെലവ് കഴിച്ച് ബാക്കി 4835 രൂപ നഗരസഭക്ക് തിരിച്ച് നൽകി. കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ച് പ്ലംബിംഗ് പണി പൂർത്തിയാക്കുന്നതിന് യഥാക്രമം 24000 , 38410 രൂപ അടങ്കൽ വകയിരുത്തി. ടെൻഡർ നോട്ടീസ് ഫയലിൽ കാണുന്നുണ്ട്. ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ ഓഫർ ക്ഷണിച്ചത് പ്രകാരം 24.11.2016 -ൽ NT നെസാരിയോസ് എന്ന കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിൽ പണി ചെയ്യുവാൻ അനുവാദം നൽകി. 11.01.2017 -ൽ എഗ്രിമെന്റിൽ ഒപ്പ് വെച്ചു. 31.03.2017 -നകം പണി പൂർത്തിയാക്കണം എന്നാണ് കരാറിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. ഈ പണിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടില്ല.
2. പണി ടെൻഡർ ചെയ്തതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
3. വർക്ക് ഷെഡ്യൂൾ എഗ്രിമെന്റിനൊപ്പം ചേർത്തിട്ടില്ല.
4. കുഴൽ കിണർ നിർമ്മിച്ചുവെങ്കിലും പ്ലംബിംഗ് പ്രവൃത്തികൾ തുടങ്ങാത്തതിനാൽ കിണർകൊണ്ട് ഉപയോഗമില്ലാതായിരിക്കുന്നു.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ ₹36165/- ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-25** <u>ശിവരാത്രി മരാമത്ത് പണി**-** അപാകതകൾ തടസ്സം **₹ 2,63,688/-** നിരാകരണം **₹489/-**</u>

2016 -ലെ മഹാശിവരാത്രിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മരാമത്ത് പണികളിൽ കണ്ട ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഫയൽ നമ്പർ E4—1265/16 -ശിവരാത്രി മണപ്പുറത്ത് താൽക്കാലിക വാട്ടർ സപ്ലൈ ലഭ്യമാക്കുന്നതിനാവശ്യമായ പ്ലംബിംഗ് സാധനങ്ങൾ വാങ്ങിയത്. - രൂപ 17748/- ചെക്ക് നമ്പർ 072091/31/05/2016 കൃഷ്ണ ഏജൻസീസിന് നൽകിയത്.

   കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ പ്രകാരം 15000 രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾ ക്വട്ടേഷൻ മുഖാന്തിരമായിരിക്കണം. ക്വട്ടേഷൻ നോട്ടീസ് വെബ്സൈറ്റിലും പത്രങ്ങളിലും പരസ്യം ചെയ്യണം. ഇതിന് വിരുദ്ധമായി ഓഫീസ് നോട്ടീസ് ബോർഡിൽ മാത്രമാണ് ക്വട്ടേഷൻ നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് 7 ദിവസം അനുവദിക്കണം. എന്നാൽ 24.02.2016 ലെ ക്വട്ടേഷൻ നോട്ടീസിൽ 29.02.2016 -നകം ക്വട്ടേഷൻ നൽകണമെന്നാണ് കാണിച്ചിട്ടുള്ളത്. ഇപ്രകാരം ചട്ട വിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

   കേരള ട്രഷറി കോഡ് പ്രകാരം ബിൽ ക്യാൻസൽ ചെയ്ത് സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തണം. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

   മുകളിൽ കാണിച്ച കാരണങ്ങളാൽ ₹17,748/- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2. ഫയൽ നമ്പർ E4- 10412/15 മണപ്പുറത്ത് കുടിവെള്ള സൗകര്യം ഒരുക്കുന്ന പ്രവൃത്തിക്ക് 92,000/- രൂപയുടെ സാങ്കേതികാനുമതിയുണ്ട്. എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ നൽകിയിട്ടുള്ളത്. ഈ പണിയുടെ ഇനം. 14,15,16 പ്രകാരം യഥാക്രമം 14,28,33 മനുഷ്യ കൂലി ഉപയോഗിച്ചിട്ടുണ്ട്. മനുഷ്യകൂലി മാത്രമായി വരുന്ന ഇനം പണികളിൽ മസ്റ്റർറോൾ ഹാജരാക്കിവേണം ബിൽ പാസ്സാക്കി നൽകാൻ. എന്നാൽ മസ്റ്റർറോൾ ഹാജരാക്കിയിട്ടില്ല. ആകയാൽ ഈ ഇനത്തിൽ ചെലവഴിച്ച യഥാക്രമം (14 @ 434) 6076 രൂപ (28 @ 542) 15176 രൂപ (33 @ 434) 14322 രൂപ, ആകെ 35,574 രൂപയുടെ ചെലവ് മസ്റ്റർറോളിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

   (കരാറുകാരന് നൽകിയത് 89264/- രൂപ ചെക്ക് നമ്പർ 072080/22.04.2016)

3. E4-10404/15- ശിവരാത്രി 2016 താൽക്കാലിക മുനിസിപ്പൽ ഓഫീസ്, സ്റ്റാൾ എന്നിവയുടെ വൈദ്യുതീകരണം.

TS തുക 184000 രൂപ എസ്റ്റിമേറ്റ് നിരക്കിലാണ് പണി കരാർ നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പണിയുടെ 6 -ാം ഇനം Hire and labour for a period of 30 days for providing 1200 mm ceiling fan for office and dismantling after use ഇതിന്റെ ഡാറ്റാ താഴെ കാണിച്ച പ്രകാരമാണ്.

1 No, hire charge of ceiling fan LS @ 200

.15 wireman @ 443 = 66.45

.15 Assistant Wireman @ 396 = 59.4

Total 325.85

1. CP 10% 32.58

Total 358.44

ഡാറ്റാ പ്രകാരമുള്ള 358.44 -ന് പകരം 374.73 നിരക്കാണനുവദിച്ച് കാണുന്നത്.

30 Nos. @ 374.73 - 11241.90

അനുവദിക്കേണ്ടത്

30 Nos. @ 358.44 - 10753.2

ഇതുമൂലം അധികം അനുവദിച്ചത് 11241.90 - 10753.20 = 489/- രൂപ

കരാറുകാരൻ – ഷബീർ MB No. 77/15-16

കരാറുകാരന് നൽകിയത് 179618

ചെക്ക് നം. 072085/30.4.2016

അധികം നൽകിയ തുക ₹ 489/- കരാറുകരനിൽ നിന്നും ഈടാക്കേണ്ടതാണ്.

4. ഫയൽ നമ്പർ H2-270/14 – 2016 ശിവരാത്രിക്ക് മുന്നോടിയായി മണപ്പുറം വൃത്തിയാക്കൽ

കൗൺസിൽ തീരുമാനം 17 തീയതി 05.02.2016 പ്രകാരം ശിവരാത്രിക്ക് മുന്നോടിയായി മണപ്പുറം ക്ലീൻ ചെയ്യുന്നതിന് 670 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് അനുവാദം നൽകി. 01.03.2016 മുതൽ 03.04.2016 വരെ 558 മനുഷ്യദിനങ്ങൾക്കായി ചെക്ക് 072078/13.04.2016 പ്രകാരം 210366 രൂപ സെൽഫ് ചെക്കായി പിൻവലിച്ചിട്ടുണ്ട്. തുക വിതരണം ചെയ്തതിന്റെ മസ്റ്റർറോൾ 92-4/16 വൗച്ചറിനൊപ്പം വച്ചിട്ടുണ്ട്. എന്നാൽ മസ്റ്റർറോൾ പ്രകാരമുള്ള തുക വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖയില്ല. ആയതിനാൽ ₹2,10,366 /-

ചെലവ് തടസ്സപ്പെടുത്തുന്നു. ആകെ തടസ്സപ്പെടുത്തൽ ₹2,63,688/- (₹17,748 + ₹35,574+ ₹2,10,366)

03.04.2017 -ലെ 1/2016-17 ഓഡിറ്റ് എൻക്വയറി പ്രകാരം നഗരസഭയുടെ ശ്രദ്ധയിൽപെടുത്തിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

## 3-26 മരാമത്ത് പണി അധിക നിരക്കനുവദിച്ചു ₹7,106/-നഷ്ടം

ഫയൽ നം. E1-10223/15 ജനറൽ മാർക്കറ്റ് ലേല ഹാൾ ഗോഡൗൺ ആക്കി മാറ്റൽ എന്ന് പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 2014 DSR പ്രകാരമാണ്. കോസ്റ്റ് ഇൻഡക്സ് 1.3905 ആണ്. എസ്റ്റിമേറ്റ് തുക 341000/- സാങ്കേതികാനുമതി നമ്പർ 95/2015-16 തീയതി 31.03.2016 എസ്റ്റിമേറ്റ് നിരക്കിൽ ബാബു ജോസഫ് എന്ന കരാറുകാരനാണ് പണി നിർവ്വഹിച്ചിട്ടുള്ളത്.

2014 DSR പ്രകാരമുള്ള നിരക്കിൽ 1.3905 കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് നോട്ട് ഫയലിൽ കാണിച്ചിട്ടുണ്ട്. എന്നാൽ DSR 2014 -ൽ 1.3905 കോസ്റ്റ് ഇൻഡക്സ് നൽകിയാലുള്ള റേറ്റല്ല എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | DSR ഇനം | DSR റേറ്റ് | DSR റേറ്റ് x കോസ്റ്റ് ഇൻഡക്സ് | നൽകാവുന്ന നിരക്ക് | നൽകിയ നിരക്ക് | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| 1 | 30 x 20 x 15 സോളിഡ് കട്ടകൊണ്ട് കെട്ടൽ | ഒബ്സർവ്ഡ് ഡേറ്റ | - | - | 7102.93/ ഘ.മീ | 20.88 ഘ.മീ | 148309.18 | - | - |
| 2 | RCC 5.1.3 | 5725.9 | 7961.86 | 7961.86 | 8288.81 ഘ.മീ | .94 ഘ.മീ | 7791.48 | 7484.14 | 307.34 |
| 3 | 5.9.5 ബീം | 332.15 | 461.85 | 461.85 | 480.82 | 12.44 | 5981.40 | 5745.47 | 235.93 |
| 4 | 5.22.6 RCC | 68.1 | 94.69 | 94.69 | 98.58 | 80 കി. | 7886.4 | 7575.44 | 310.96 |
| 5 | 13.4.1 പ്ലാസ്റ്ററിംഗ് | 172.3 | 239.58 | 239.58 | 249.42 | 279. ച.മീ | 69588.18 | 66843.69 | 2744.41 |
| 6 | 10.6.2 ഷട്ടർ സ്ഥാപിക്കൽ | 1921.40 | 2671.70 | 2671.70 | 2781.42 | 21.7 ച.മീ | 60356.81 | 57976.03 | 2380.78 |
| 7 | 13.44.1 പ്രൈമർ | 57.85 | 80.44 | 80.44 | 83.74 | 279 ച.മീ | 23363.46 | 22442.87 | 920.59 |
| 8 | 13.61.1 പെയിന്റിംഗ് | 74.4 | 103.45 | 103.45 | 107.7 | 47.74 ച.മീ | 5144.3 | 4938.85 | 205.45 |
| 9 | മസ്ദൂർ | | | | 553.17 | 4 | 2212.68 | | |
| | ആകെ | | | | | | | | 7,106 |

മുകളിൽ കാണിച്ച പ്രകാരം 7106/- രൂപ കരാറുകാരന് അധികം നൽകാനിടയായിട്ടുണ്ട്.(ചെലവ് വിവരം –3,10,797/- രൂപ, ചെക്ക് നമ്പർ 036143 തീയതി 17.08.2016) അധികം നൽകിയ

7106/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇനം. 1 ആയി കാണിച്ചിട്ടുള്ള കട്ട കെട്ടുന്നതിന് DSR ഡാറ്റ ഇല്ലാത്തതിനാൽ ഒബ്സർവ്ഡ് ഡാറ്റയാണ് നൽകിയിട്ടുള്ളത്.. എന്നാൽ ഇതിന്റെ ഡാറ്റ പരിശോധനക്ക് നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 44/2016-17 തീയതി 20.09.2017 പ്രകാരം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ കട്ടകെട്ടുന്നതിന് ചെലവഴിച്ച ₹ 1,48,309/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1** സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4** വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1734/95/LAD 30.03.1995 | 3050000 | 1220000 | 152500 | 141637 | 1067500 |
| 2 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1608/96/LAD 27.03.1996 | 1022000 | 408800 | 51100 | 50199 | 357700 |
| 3 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4448/96/LAD 12.02.1996 | 1011300 | 509040 | 50565 | 67315 | 458475 |
| 4 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 3344/98/LAD 17.11.1998 | 2583000 | 1549800 | 129150 | 211059 | 1420650 |
| 5 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4353/00/LSGD 27.10.2000 | 2570000 | 1961900 | 104425 | 357824 | 1857475 |
| 6 | KURDFC/ Land for Municipal Park | KURDFC/SC No.18 | 1250000 | 42129 | - | - | 42129 |
| 7 | KURDFC/ Parking Area Shopping | KURDFC/ ULB/121 /0901.06.2010 | 17800000 | 4366042 | 273856 | 42492 | 2052401 |

മേൽപറഞ്ഞിരിക്കുന്ന വായ്പ സംബന്ധിച്ച വിവരങ്ങൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. വായ്പ രജിസ്റ്റർ പ്രകാരം 31.03.2017 -ൽ തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക 72,56,330/- രൂപയും വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള

വായ്പ തുക 61,03,367 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,87,135/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ & തീയതി |
|---|---|---|---|---|---|
| 1 | 2000-01 | ലഭ്യമല്ല | 33401 | ശ്രീ. ആർ.പി.ചന്ദ്രൻ ഹെൽത്ത് സൂപ്രണ്ട് | 117010101413 മുതൽ 117010101417 വരെ. തീയതി 09.05.2017 |
| 2 | ലഭ്യമല്ല | ലഭ്യമല്ല | 16139 | ശ്രീ.സേതുമാധവൻ (കരാറുകാരൻ) | ലഭ്യമല്ല |
| 3 | 2013-14 | 3-27 | 47942 | ശ്രീ. പി.സി.തോമസ് (കരാറുകാരൻ) | 11601500211 തീയതി 14.10.2016 |
| 4 | 2013-14 | 3-27 | 84818 | ശ്രീ. എൻ.റ്റി. നെസാരിയോസ് | 11601500229 തീയതി 03.11.2016 |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള മേൽപറഞ്ഞ തുകകൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രികയിൽ ഓഡിറ്റ് റിക്കവറി ഹെഡിൽ 10102 രൂപയാണ് വരവുള്ളത്. വാർഷിക ധനകാര്യപത്രികയിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 17.08.2017 -ലെ കെ.എസ്.എ- എ.വി.എം.(എം.2) 377/2017 -ാം നമ്പർ കത്തിനുള്ള മറുപടിയിൽ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ ആർ.പി. 2 ഷെഡ്യൂളിൽ 120109900 ഹെഡിലെ 133201 രൂപയും ഓഡിറ്റ് റിക്കവറിയാണെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 2016-17 -ലെ റിക്കവറി വരവ് 1,87,135 രൂപയാണ്. മേൽപറഞ്ഞിരിക്കുന്ന തുകകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. ക്രമ നമ്പർ 1 ന്റെ റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ എന്നിവ ഓഡിറ്റ് റിക്കവറി രജിസ്റ്ററിലും രസീതിലും രേഖപ്പെടുത്തിയിട്ടില്ല. ക്രമ നമ്പർ 2 -ന്റെ റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ, രസീത് നമ്പർ എന്നിവ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ , തുക ,ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര്, രസീത് നമ്പർ & തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | ഖ.48 | 1999-2000 2001-02 | ഖ.V(i) ഖ. VI.2.7 (iii) | ഹരിതനഗരം സുന്ദര നഗരം ക്രമക്കേടുകൾ | ബന്ധപ്പെട്ടഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ ഹാജരാക്കിയിട്ടില്ല. |
| 1998-99 | ഖ.58 | 1999-2000 | ഖ.V-9(2) | ഗവ.ബോയ്സ് സ്കൂളിന് ഭൗതിക സാഹചര്യം ഒരുക്കൽ | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.47 | 1999-2000 | ഖ.V-9(3) | വ്യവസായ പരിശീലനം -ധന ദുർവിനിയോഗം | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.47 | 2001-2002 | ഖ.VI-2-7(ii) | വ്യവസായ പരിശീലനം -ധന ദുർവിനിയോഗം | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.32 | 1999-2000 | ഖ.V-9(II) | കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് അധികനിരക്ക് അനുവദിച്ചു. | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.32 | 2001-2002 | ഖ.VI-2-7(I) | കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് അധികനിരക്ക് അനുവദിച്ചു. | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1998-99 | ഖ.59 | 2001-02 | ഖ.VI-2.7(V) | പെരിയാറിനു കുറുകെ തൂക്കുപാലം-എഗ്രിമെന്റ് വയ്ക്കാതെ 6 ലക്ഷം രൂപ അഡ്വാൻസ് നൽകി. | തുക ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 1998-99 | ഖ.56 | 2001-02 | ഖ.VI-2.7(IV) | മുനിസിപ്പൽ ലൈബ്രറി വാർഷിക ആഘോഷപരിപാടി അപാകതകൾ | -- |
| 1998-99 | ഖ.61 | 2001-02 | ഖ.2.7(Vi) | ആലുവ മണപ്പുറത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം -അധികം തുക ചെലവഴിച്ചു. | തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 1998-99 | ഖ.35 | 2001-02 | ഖ.2.7(Vii) | സ്റ്റേഡിയം ഗ്രൗണ്ടിൽ നിന്നും മണ്ണ് ടൗൺ ഹാൾ സൈറ്റിൽ ഇട്ടത്- അധിക തുക അനുവദിച്ചു. | നിരാകരിച്ച തുകയിൽ 11,011 രൂപ ഇനിയും തിരികെ ഈടാക്കേണ്ടതുണ്ട്. |
| 1998-99 | ഖ.57 | 2001-02 | ഖ.2.7(Viii) | ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| 1998-99 | ഖ.52 | 2001-02 | ഖ.2.7(ix) | തയ്യൽ മെഷീനുകൾ വാങ്ങിയത് 15,873/- രൂപയുടെ നഷ്ടം | തുക നാളിതുവരെ ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.34 | 2002-03 | 15(ii) | ബോട്ടുകൾ വാങ്ങലും ജെട്ടി നിർമ്മാണവും | വിദഗ്ധസമിതി അംഗങ്ങളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.31 | 2002-03 | 15(iii) | ഓപ്പൺ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം | തുക ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 1999-00 | ഖ.26 | 2002-03 | 15(vi) | പ്രിയദർശിനി ടൗൺ ഹാൾ മോടി പിടിപ്പിക്കൽ- ക്രമക്കേടുകൾ | നടപടികൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം കാണുന്നില്ല | 2002-03 | VIII-8 | റവന്യൂ ഇൻസ്പെക്ടർ ശ്രീ. ഒ. അബ്ദുൾ ലത്തീഫിന് നൽകിയ രസീത് ബുക്ക് നഗരസഭയിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. | പിഴപ്പലിശ സഹിതം തുക തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2003-04 | ഖ.6-5.1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷാമബത്ത കുടിശ്ശിക നൽകി | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | ഖ.40 | 2003-04 | ഖ.6-5.2 | മോട്ടോർ കൺവെയൻസ് അഡ്വാൻസ് നടപടിക്രമം പാലിച്ചിട്ടില്ല. | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | ഖ.24 | 2003-04 | മറ്റ് പരാമർശ ങ്ങൾ ഒറ്റനോട്ട ത്തിൽ | പത്രപരസ്യം നൽകൽ- നിബന്ധനകൾ പാലിച്ചിട്ടില്ല. ഹാജരാക്കാൻ | നഷ്ടത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശ ങ്ങൾ ഒറ്റനോട്ട ത്തിൽ | വാഹനവായ്പ അനുവദിച്ചത് ഗുരുതരമായ ക്രമക്കേടുകൾ. | മൂന്നു ജീവനക്കാർ തുക അടച്ചു. ഒരാളിൽ നിന്നും തുക ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2000-01 | ഖ.46 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | ജനകീയാസൂത്രണം- വാച്ചർക്ക് പദ്ധതി ഗ്രാന്റിൽ നിന്നും ശമ്പളം നൽകിയത് | തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പൊതുമരാമത്ത് പണികളിലെ അപാകതകൾ-22,829/- രൂപ നിരാകരിച്ചു. | ഉത്തരവാദികളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ നഷ്ടത്തുക ഈടാക്കിയിട്ടില്ല. |
| 2001-02 | ഖ.29 46,47,48 | 2004-05 | ഖ.II : 3(4) | മരാമത്ത് പണികൾ 8.5 ലക്ഷത്തിന് രേഖയില്ല. | ഫയലുകൾ പരിശോധിച്ചതിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സമിതി നിർദ്ദേശം ലഭിക്കാത്തതിനാൽ പരാമർശത്തിന് തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2004-05 | ഖ.4-II:3(5) | വിരമിച്ച ജീവനക്കാർക്ക് അധികം നൽകിയ പെൻഷൻ തുക തിരിച്ചുപിടിക്കേണ്ടതാണ്. | നഷ്ടത്തുക 98,053/- രൂപ തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. സമിതി നിർദ്ദേശത്തിന്റെ അഭാവത്തിൽ പരാമർശം തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2002-03 | 27 & 33 | 2004-05 | ഖ.4-II:3(6) | നഗരസഭകൾ എസ്റ്റിമേറ്റ് മാറ്റുന്നു- ദുർവ്യയം ഏറുന്നു. | സർക്കാർ സാധൂകരണം ലഭിക്കുകയോ തുക തിരികെ ഈടാക്കുകയോ |

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്തിട്ടില്ല. |
| 2003-04 | 2-11 | 2005-06 | അദ്ധ്യായം 3.16.1 | സി.ഡി.എസ് വായ്പ തിരിച്ചടച്ചില്ല | |
| 2003-04 | 2-6 | 2005-06 | അദ്ധ്യായം 3.16.2 | വനിതാ സംഘങ്ങൾക്ക് ക്രമ വിരുദ്ധമായി റിവോൾവിംഗ് ഫണ്ട് | |
| 2003-04 | 2-23 | 2005-06 | അദ്ധ്യായം 3.16-3 | അനധികൃത കൈയ്യേറ്റം നഗരസഭയ്ക്ക് 48 സെന്റ് ഭൂമി നഷ്ടമായി | |
| | | 2012-13 | ഖണ്ഡിക 2-6 | ലൈബ്രറികളുടേയും സാംസ്കാരിക നിലയങ്ങളുടേയും നടത്തിപ്പ് | |
| | | | ഖണ്ഡിക 3-1-5 | ഖരമാലിന്യങ്ങളുടെ ഉൽപാദനം കണക്കുകൾ ലഭ്യമല്ല | |
| | | 2014-15 | ഖണ്ഡിക 4-1-2 | നിഷ്ക്രിയാസ്തികളും ഇനങ്ങളും – ഇ-ടോയ്‌ലെറ്റ് | |
| | | | ഖണ്ഡിക 4-1-5 | വനിതാവ്യവസായ വിപണന കേന്ദ്രം | |
| | | | ഖണ്ഡിക 4-1-9 | മത്സ്യമാർക്കറ്റുകളും ചന്തകളും-പ്രവർത്തന ക്ഷമമാക്കിയില്ല. | |
| | | | ഖണ്ഡിക 4-1-14 | ഇ-ടോയ്‌ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല. | |
| | | | ഖണ്ഡിക 5-7-14 | കശാപ്പുശാലകൾ- സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 21,60,90,770.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,71,34,651.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,68,555.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 44,16,154.00 |

(ബി). നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 178706.00 | ശ്രീ.വി.കെ. രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-2 | | 2320.00 | ശ്രീ.വി.കെ. രാജൻ (മുനിസിപ്പൽ സെക്രട്ടറി) |

| | | | |
|---|---|---|---|
| 3-4(1) | | 90257.00 | ശ്രീ.വി.കെ. രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-4(2) | | 89677.00 | ശ്രീ.ദിനേശൻ കെ.പി. പി.എ. ടു സെക്രട്ടറി |
| 3-25 | | 489.00 | ശ്രീ. ഗോപാലകൃഷ്ണ പിള്ള. കെ.ബി. (മുനിസിപ്പൽ എഞ്ചിനീയർ) |
| 3-26 | | 7106.00 | ശ്രീ. ഗോപാലകൃഷ്ണ പിള്ള. കെ.ബി. (മുനിസിപ്പൽ എഞ്ചിനീയർ) |
| ആകെ | - | 3,68,555.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12,13,809.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-19 | 30,000.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-19 | 15,000.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-19 | 15,000.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-20 | 1,05,000.00 | ശ്രീ.അഖിൽ ജിഷ്ണു , JHI -Grade -II |
| 3-20 | 1,05,000.00 | ശ്രീ.ഷിയാസുദ്ദീൻ , JHI -Grade -II |
| 3-20 | 90,000.00 | ശ്രീമതി. ശ്രീലിനി , JHI -Grade -II |
| 3-20 | 18,000.00 | ശ്രീ. ഹുസൈൻ, ഓവർസീയർ ഗ്രേഡ് -I |
| 3-23 | 15,00,000.00 | ശ്രീ.ദിനേശൻ കെ.പി. (പി.എ. ടു സെക്രട്ടറി) |
| 3-23 | 5,02,500.00 | ശ്രീ.ദിനേശൻ കെ.പി. (പി.എ. ടു സെക്രട്ടറി) |
| 3-23 | 3,62,980.00 | ശ്രീ.ദിനേശൻ കെ.പി. (പി.എ. ടു സെക്രട്ടറി) |

| | | |
|---|---|---|
| 3-23 | 3,150.00 | ശ്രീ.ദിനേശൻ കെ.പി. (പി.എ. ടു സെക്രട്ടറി) |
| 3-23 | 7,553.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-24 | 36,165.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-25 | 17,748.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-25 | 35,574.00 | ശ്രീ. ഗോപാലകൃഷ്ണ പിള്ള. കെ.ബി. (മുനിസിപ്പൽ എഞ്ചിനീയർ) |
| 3-25 | 2,10,366.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| 3-26 | 1,48,309.00 | ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) |
| ആകെ | 44,16,154.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖണ്ഡിക 2-8
ദൃശ്യോത്സവം- അനധികൃത പണപിരിവ് - വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്യണം

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.കെ രാജൻ (മുനിസിപ്പൽ സെക്രട്ടറി) | റിട്ടയേഡ് | ചൈത്രം, കുറ്റിമുക്ക്, ചെറൂർ, രാമവർമ്മപുരം പി.ഒ., തൃശ്ശൂർ |
| ശ്രീ.കെ.പി. ദിനേശൻ പി.എ. ടു സെക്രട്ടറി | പി.എ. ടു സെക്രട്ടറി, ആലുവ നഗരസഭ., ആലുവ | പരിയാരൻ വീട്, വേങ്ങര പി.ഒ., കണ്ണൂർ ജില്ല, പിൻ - 670 305 |
| ശ്രീ.ഗോപാലകൃഷ്ണ പിള്ള കെ.ബി., മുനിസിപ്പൽ എഞ്ചിനീയർ | റിട്ടയേഡ് | ശ്രീ.ഗോപാലകൃഷ്ണ പിള്ള കെ.ബി., ഗോകുലം കോളേജ് റോഡ്, മറ്റൂർ, കാലടി പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.ഇ(എം)1/1628/01 തീയതി 17.02.2003 | 2 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1995-96 | എൽ.എഫ്.ഇ(എം)1/1343/04 തീയതി 11.04.2005 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1996-97 | എൽ.എഫ്.ഇ.(എം)1/849/99 തീയതി 05.07.1999 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം.)1/1006/00 തീയതി 28.11.2000 | 36 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം)1/418/04 തീയതി 15.03.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ.(എം)1/27/02 തീയതി 11.01.2002 | 46 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ. (എം)1/983/03 തീയതി 06.04.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.ഇ.(എം)1/445/02 തീയതി 26.11.2002 | 35 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.(എ.എം.2)299/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.ഇ.(എം)1/129/04 തീയതി 26.02.2004 | 59 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.(എ.എം.2/300/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.ഇ(എം)1/139/04 തീയതി 12.07.2004 | 1 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.ഇ.(എം)1/674/04 തീയതി 16.08.2004 | 14 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.എ(എം)2/286/10 തീയതി 25.04.2011 | 4 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.ഇ(എം)1/688/05 തീയതി 13.09.2005 | 8 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.ഇ(എം)1/282/006 തീയതി 10.11.06 | 9 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.എ(എം)2/288/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.ഇ(എം)1/430/07 തീയതി 01.08.2009 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.എ.(എം)2/289/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.ഇ(എം)1/1791/08 തീയതി 01.08.2009 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.എ(എം)2/191/10 തീയതി 19.11.2010 | 1 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.എ(എം)2/192/10 തീയതി 19.11.2010 | 4 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.എ(എം)2/227/11 തീയതി 05.06.2012 | 18 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.എ.(എം)2/145/12 തീയതി 20.03.2013 | 14 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.എ(എം)2/145/12 തീയതി 04.03.2014 | 32 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.എ(എം)2/480/14 തീയതി 17.01.2015 | 22 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 | കെ.എസ്.എ.-എ.വി.എം.(എം.2) 466/15തീയതി 30.11.2015/10.12.2015 | 33 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.-എ.വി.എം.(എം.2) 466/15തീയതി 22.07.2016/27.07.2016 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.-എ.വി.എം.(എം.2) 41/2017തീയതി 28.01.2017/30.01.2017 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

.

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ – എ.വി.എം(എം2) 520/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം,

ആലുവ. KSA-AVM
പിൻ - 683 101,
തീയതി : 30.11.2017
ഫോൺ : 0484-2623757
ഇ-മെയിൽ:mlalv.ksad@kerala.gov.in

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 -ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4) -ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 31.03.2017 -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലുവ നഗരസഭയുടെ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

No. K.S.A- AVM (M2) 520/17

Kerala State Audit Department
Municipal Audit Office
Aluva. KSA-AVM
in - 683 101,
Date : 30.11.2017
Phone : 0484-2623757

E-mail: mlalv.ksad@kerala.gov.in

.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aluva Municipality in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Muncipalities.

In my opinion, the Financial Statements of Aluva Municipality for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DeputyDirector

.

Kerala State Audit Department